"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

DGE/6691/2026-QIP1

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 18-04-2026

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - 2026-27 അദ്ധ്യയന വർഷം സ്കൂൾ തുറക്കുന്നത്/പ്രമോഷൻ/ സ്കൂൾ പ്രവേശനം എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 14.04.2026 ലെ DGE/12559/2025/QIP1 നമ്പർ സർക്കുലർ

2026-27 അധ്യയന വർഷം , 2026 ജൂൺ ഒന്നാം തീയതി മുതൽ ആരംഭിക്കുകയാണ്. സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങൾ/കുട്ടികളുടെ ക്ലാസ് കയറ്റം / സ്കൂൾ പ്രവേശനം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- സൂചന സർക്കുലർ പ്രകാരം വാർഷിക മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലുള്ള പഠനപിന്തുണ പരിപാടിയിൽ ഉൾപ്പെട്ട കുട്ടികൾ ഉൾപ്പെടെയുള്ളവരുടെ പ്രമോഷൻ ലിസ്റ്റ് മെയ് 2 ന് പ്രസിദ്ധീകരിക്കേണ്ടതാണ്.
- സംസ്ഥാന സിലബസ്സിലുള്ള എല്ലാ സ്കൂളുകളിലെയും (സർക്കാർ/ എയ്ഡഡ്/ അംഗീകൃത അൺ എയ്ഡഡ്) 2026-27 അധ്യയന വർഷത്തേയ്ക്കുള്ള ഒന്നാം ക്ലാസ്സ് ഉൾപ്പെടെ എല്ലാ ക്ലാസുകളിലേയ്ക്കുമുള്ള കുട്ടികളുടെ അഡ്മിഷൻ മെയ് 2 മുതൽ ആണ് ആരംഭിക്കേണ്ടത്.
- രക്ഷിതാക്കൾക്ക് സ്കൂളുകളിൽ നേരിട്ടെത്തി കുട്ടികളുടെ പ്രവേശനാപേക്ഷ നൽകാവുന്നതാണ്.
- സ്കൂൾ വാർഷിക പരീക്ഷയുടെ സമയത്ത് വിദേശത്തോ, മറ്റ് സംസ്ഥാനങ്ങളിലോ ആയിരുന്നതുകൊണ്ടോ, അസുഖം, മറ്റു കാരണങ്ങൾ എന്നിവ കൊണ്ടോ പരീക്ഷ എഴുതാൻ കഴിയാതിരുന്ന കുട്ടികൾക്ക് സ്കൂൾ തലത്തിൽ ചോദ്യപേപ്പർ തയ്യാറാക്കി പരീക്ഷ നടത്തേണ്ടതും അർഹരായവർക്ക് RTE പ്രകാരം തൊട്ടടുത്ത ക്ലാസ്സുകളിലേയ്ക്ക് പ്രൊമോഷൻ നൽകേണ്ടതുമാണ്.
- അഡ്മിഷൻ സമയത്ത് ഏതെങ്കിലും രേഖകൾ ഹാജരാക്കാൻ കഴിയാത്ത കുട്ടികൾക്കും താൽക്കാലികമായി അഡ്മിഷൻ നൽകാവുന്നതാണ്. ഇതര സംസ്ഥാനങ്ങൾ, വിദേശ രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നും വരുന്ന കുട്ടികൾക്കും ഇത്തരത്തിൽ അഡ്മിഷൻ

നൽകാവുന്നതാണ്.

- പൊതുവിദ്യാലയങ്ങളിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ കുട്ടികൾക്കും പ്രവേശനം ഉറപ്പാക്കുന്ന സാഹചര്യം ഒരുക്കേണ്ടതാണ്. വിദ്യാഭ്യാസ ഓഫീസർമാരും, പ്രഥമാധ്യാപകരും ഈ കാര്യത്തിൽ അനുകൂലമായ സമീപനം സ്വീകരിക്കുകയും വേണ്ടവിധത്തിൽ ഇടപെട്ട് പ്രവേശനനടപടികൾ സുഗമമാക്കുകയും വേണം.
- വിദ്യാഭ്യാസ അവകാശ നിയമത്തിലെ( The Right of Children to Free and Cumpulsory Education Act,2009) വ്യവസ്ഥപ്രകാരം കേന്ദ്ര സർക്കാർ ഒന്നാം ക്ലാസ്സിൽ കുട്ടികൾക്ക് പ്രവേശനത്തിനായി 6 വയസ്സാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സംസ്ഥാനത്ത് കെ.ഇ.ആർ പ്രകാരമുള്ള ഒന്നാം ക്ലാസ്സ് പ്രവേശനത്തിനുള്ള കുറഞ്ഞ പ്രായപരിധി ആയ 5 വയസ്സ് എന്നത് 2026-27 അധ്യയന വർഷത്തേക്ക് കൂടി തുടരുന്നതാണ്.
- സ്കൂൾ പ്രവേശനത്തിന് യാതൊരു കാരണവശാലും പ്രവേശന പരീക്ഷകൾ നടത്തുവാൻ പാടുള്ളതല്ല.
- ഒന്ന് മുതൽ എട്ടു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളിൽ നിന്ന് യാതൊരുവിധ ഫീസും, അത് ക്യാപിറ്റേഷൻ ഫീയോ മറ്റു ഏതെങ്കിലും പേരിലുള്ള ഫീയോ ,ആയി ഈടാക്കുവാൻ പാടില്ല.
- 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് നിഷ്കർഷിക്കാത്തതോ മുൻകൂർ അനുമതി വാങ്ങാത്തതോ ആയ യാതൊരു ഫീസോ പണ പിരിവോ നടത്താൻ പാടുള്ളതല്ല.
- PTA ഫണ്ട് സമാഹരണം 25/06/2007 ലെ സ.ഉ(കൈ) നം.126/2007/പൊ.വി.വ. നമ്പർ ഉത്തരവുപ്രകാരം പരമാവധി പിരിക്കാവുന്ന തുകയിൽ അധികരിക്കാതെ പിരിക്കേണ്ടതും, ആയതിന്റെ വ്യക്തമായ വരവ് ചെലവ് കണക്കുകൾ അതത് ഉപജില്ലാ/ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് അംഗീകാരം നൽകേണ്ടതുമാണ്.
- സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ടെക്സ്റ്റ് ബുക്ക്, യൂണിഫോം എന്നിവ പൂർണമായും സൗജന്യമാണ്. ആയതിനാൽ മേൽപറഞ്ഞ ക്ലാസ്സുകളിലെ കുട്ടികളിൽ നിന്നും ടെക്സ്റ്റ് ബുക്ക്, യൂണിഫോം എന്നിവയ്ക്കായി യാതൊരുവിധ പണപിരിവും നടത്തുവാൻ പാടുള്ളതല്ല.
- സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി മെയിന്റനൻസ്/ റിപ്പയർ എന്നിവ മെയ് 30 ന് മുൻപ് പൂർത്തിയാക്കേണ്ടതും ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വങ്ങേണ്ടാതാണ്.
- സ്കൂൾ സുരക്ഷയുമായി ബന്ധപ്പെട്ട് വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും

പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ 24.03.2026 തീയതിയിൽ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള സ്കൂൾ സുരക്ഷമാന്വൽ അടിസ്ഥനമാക്കാക്കേണ്ടതാണ്.

- 2026 ജൂൺ 1 ന് പ്രവേശനോത്സവത്തോടുകൂടി 2026-27 അധ്യയന വർഷം ആരംഭിക്കുന്നതാണ്.
- സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/സംസ്ഥാന സിലബസ്സിലുള്ള അൺ എയ്ഡഡ് പ്രൈമറി/ഹൈസ്കൂൾ/ഹയർസെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ മധ്യവേനൽ അവധിക്കാലത്ത് ക്ലാസുകൾ നടത്തരുതെന്ന് ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് കർശന നിർദേശം നൽകുന്നു.

സംസ്ഥാനത്ത് കനത്ത ചൂട് കൂടാൻ സാധ്യതയുള്ള സാഹചര്യത്തിൽ ചുവടെപ്പറയുന്ന നിർദേശങ്ങൾ കൂടി നൽകുന്നു.

- പകൽ 11 AM മുതൽ 3 PM വരെ നേരിട്ട് ശരീരത്തിൽ തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണം.
- ദാഹമില്ലെങ്കിലും പരമാവധി ശുദ്ധജലം കുടിക്കുക.
- നിർജലീകരണമുണ്ടാക്കുന്ന കാപ്പി, ചായ, കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്കുകൾ തുടങ്ങിയവ പകൽ സമയത്ത് ഒഴിവാക്കുക.
- അയഞ്ഞ, ഇളം നിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക.
- പുറത്തിറങ്ങുമ്പോൾ പാദരക്ഷ ധരിക്കുക. കുടയോ തൊപ്പിയോ ഉപയോഗിക്കുന്നത് നല്ലത്.
- പഴങ്ങളും പച്ചക്കറികളും ധാരാളം കഴിക്കുക.
- എല്ലാവരും തികഞ്ഞ ജാഗ്രത പാലിക്കണം

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

Digitally signed by Asif K Yusuf
Date: 18-04-2026 10:08:55

സ്വീകർത്താവ്: 1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
3. എല്ലാ ആർ.ഡി.ഡി മാർക്കും (ഹയർസെക്കൻഡറി വിഭാഗം)
4. എല്ലാ എ.ഡി മാർക്കും (വി.എച്ച്.എസ്.ഇ വിഭാഗം)
5. എല്ലാ ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
6. എല്ലാ പ്രിൻസിപ്പൽ/ പ്രാധാനാധ്യപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)

പകർപ്പ്: 1. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി തിരുവനന്തപുരം
2. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷ കേരള

3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
4. ഡയറക്ടർ, സീമാറ്റ് കേരള
5. ഡയറക്ടർ, എസ്.ഐ.ഇ.ടി കേരള

കേരള സർക്കാർ

പൊതുവിദ്യാഭ്യാസ വകുപ്പ്

# സ്കൂൾ സുരക്ഷാ മാന്വൽ

## സ്കൂൾ സുരക്ഷ, കുട്ടികളുടെ സുരക്ഷ മുൻകരുതലുകളും മാർഗ്ഗനിർദേശങ്ങളും

2026



കേരള സർക്കാർ
**പൊതുവിദ്യാഭ്യാസ വകുപ്പ്**

# സ്കൂൾ സുരക്ഷാ മാന്വൽ

## സ്കൂൾ സുരക്ഷ, കുട്ടികളുടെ സുരക്ഷ മുൻകരുതലുകളും മാർഗ്ഗനിർദേശങ്ങളും

## മാർച്ച് 2026

©
**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം**
ജഗതി, തിരുവനന്തപുരം

# ഉള്ളടക്കം


| ആമുഖം | | പേജ് |
|---|---|---|
| അധ്യായം 1 | സ്കൂൾകെട്ടിട /പരിസര സുരക്ഷ | 1 |
| അധ്യായം 2 | അഗ്നിസുരക്ഷ | 13 |
| അധ്യായം 3 | യാത്രാസുരക്ഷ | 21 |
| അധ്യായം 4 | ഭക്ഷ്യസുരക്ഷ | 26 |
| അധ്യായം 5 | ആരോഗ്യ സുരക്ഷ | 30 |
| അധ്യായം 6 | പ്രഥമശുശ്രൂഷ | 34 |
| അധ്യായം 7 | ലഹരിവസ്തുക്കളിൽ നിന്നുള്ള സുരക്ഷ | 37 |
| അധ്യായം 8 | ലൈംഗികാതിക്രമങ്ങളിൽ നിന്നുള്ള സുരക്ഷ | 39 |
| അധ്യായം 9 | സൈബർസുരക്ഷ | 43 |
| അധ്യായം 10 | സ്കൂളിന്റെയും കുട്ടികളുടെയും സുരക്ഷ<br>അധികൃതരുടെ ഉത്തരവാദിത്തങ്ങൾ | 50 |

# ആമുഖം

നമ്മുടെ രാജ്യത്തിന്റെ ഭാവിവാഗ്ദാനങ്ങളാണ് കുട്ടികൾ. കുട്ടികൾ ഇടപെടുന്ന ഇടങ്ങളൊക്കെ സുരക്ഷിതമാകേണ്ടതുണ്ട്. യാത്ര ചെയ്യുന്ന ഇടങ്ങളിലും സ്കൂളിലും ക്ലാസ്മുറിയിലും വീട്ടിലും മറ്റിടങ്ങളിലുമെല്ലാം തന്നെ കുട്ടികളുടെ സുരക്ഷ അതിപ്രധാനമാണ്. അതോടൊപ്പം, കുട്ടികൾക്ക് മാനസിക പിന്തുണ നൽകുന്നതും സുരക്ഷയുടെ ഭാഗമാണ്.

കുട്ടികൾക്ക് സുരക്ഷിതമായ അന്തരീക്ഷം പ്രദാനം ചെയ്യുമ്പോൾ ആരോഗ്യപരിപാലനവും സാമൂഹികപ്രക്രിയയിലെ ക്രിയാത്മകപങ്കാളിത്തവും കൂടുതൽ ഫലപ്രദമാകുന്നു. പ്രകൃതിദുരന്തങ്ങൾ, അത്യാഹിതങ്ങൾ എന്നിവ സംഭവിക്കുമ്പോൾ കുട്ടികളിൽ സുരക്ഷാബോധം ഉളവാക്കുന്നതിന് ആവശ്യമായ വ്യക്തമായ ഇടപെടൽ ഉണ്ടാകേണ്ടത് അനിവാര്യമാണ്. ഈ നിലയിൽ കുട്ടികളുടെ സുരക്ഷ സംബന്ധിച്ച SOP (Standard Operating Procedure) പ്രസക്തമാകുന്നു. എല്ലാ സ്കൂളുകളിലും സ്കൂൾസുരക്ഷാ ഉപദേശക സമിതി രൂപീകരിക്കുകയും സ്കൂൾ സുരക്ഷാ ആസൂത്രണരേഖ കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ നിർദേശപ്രകാരം തയ്യാറാക്കുകയും എല്ലാ വർഷവും അത് പുതുക്കുകയും ചെയ്യേണ്ടതാണ്. കുട്ടികളുടെ സുരക്ഷ എന്നത് കുട്ടികൾ ഇടപെടുന്ന എല്ലാ മേഖലയിലും അവർക്ക് ഉറപ്പ് വരുത്തേണ്ട സുരക്ഷ എന്ന നിലയിലാണ് പരിഗണിക്കപ്പെടേണ്ടത്.

കുട്ടികളുടെ സുരക്ഷാകാര്യങ്ങളിൽ യാതൊരുവിധ വിട്ടുവീഴ്ചയും വരുന്നില്ല എന്ന് ഉറപ്പാക്കേണ്ടതും ഇതിലേക്കായി അധ്യാപകർ, ജീവനക്കാർ, PTA, MPTA, SMC, LSG, Fire & Safety, Police തുടങ്ങി വിവിധ ഏജൻസികളുടെ സഹായവും സഹകരണവും ഉറപ്പാക്കേണ്ടതും പ്രഥമാധ്യാപകരുടെയും മറ്റ് ഓഫീസർമാരുടെയും ഉത്തരവാദിത്തമാണ്.

09/03/2026
തിരുവനന്തപുരം

**ഉമേഷ് എൻ.എസ്.കെ.** ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ

അധ്യായം 1

# സ്കൂൾകെട്ടിട /പരിസര സുരക്ഷ

സ്കൂളിൽ എത്തിക്കഴിഞ്ഞാൽ വിദ്യാർത്ഥികൾ ഏറ്റവും കൂടുതൽ സമയം ചെലവഴിക്കുന്നത് ക്ലാസ് മുറികളിലും പരിസരങ്ങളിലുമാണ്. സ്കൂൾകെട്ടിടങ്ങൾ, ശൗചാലയങ്ങൾ, ലാബ്, ലൈബ്രറി, അടുക്കള, കളിസ്ഥലം, സ്കൂൾപരിസരം, ചുറ്റുമതിൽ തുടങ്ങിയവ സുരക്ഷിതമായി പരിപാലിക്കേണ്ടത് സ്കൂൾസുരക്ഷാപദ്ധതിയിൽ പ്രഥമപരിഗണന അർഹിക്കുന്നു.

## 1.1 സ്കൂൾ പരിസരവുമായി ബന്ധപ്പെട്ടവ

- സ്കൂൾവക സ്ഥലം അളന്ന് തിട്ടപ്പെടുത്തി അതിർത്തി തിരിച്ച് ചുറ്റുമതിൽ കെട്ടി സാമൂഹ്യവിരുദ്ധർ, വന്യമൃഗങ്ങൾ, തെരുവുനായകൾ എന്നിവയിൽ നിന്നും, അനധികൃത കൈയേറ്റങ്ങളിൽ നിന്നും സംരക്ഷിക്കേണ്ടതാണ്.
- സ്കൂൾപരിസരം കൃത്യമായ നിരീക്ഷണത്തിന് വിധേയമാക്കണം. ആയതിലേക്ക് സി.സി.ടി.വി. ഉൾപ്പെടെയുള്ള സംവിധാനങ്ങളും ഉപയോഗപ്പെടുത്തുക.
- സ്കൂൾപരിസരത്ത് വളർന്നു നിൽക്കുന്ന കുറ്റിച്ചെടികളും പുല്ലും യഥാകാലങ്ങളിൽ വെട്ടി മാറ്റുക.
- സ്കൂൾപരിസരത്ത് വെള്ളം നിറഞ്ഞുനിൽക്കുന്ന കുളങ്ങൾ, കുഴികൾ, പാറമടകൾ എന്നിവ കുട്ടികൾക്ക് എത്താൻകഴിയാത്ത വിധം സുരക്ഷിതമാക്കണം.
- കളിസ്ഥലങ്ങൾ, സമീപപ്രദേശങ്ങളിൽ പടർന്നുപിടിച്ച സസ്യങ്ങൾ, കെട്ടിക്കിടക്കുന്ന വെള്ളം, ഇഴജന്തുക്കളോ വന്യജീവികളോ കാരണമുണ്ടാകാൻ സാധ്യതയുള്ള അപകടങ്ങൾ എന്നിവ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- അപകടകരമായ രീതിയിൽ വളർന്നുനിൽക്കുന്ന മരങ്ങൾ/മരച്ചില്ലകൾ വ്യവസ്ഥകൾ പാലിച്ച് മുറിച്ചുമാറ്റുന്നതിന് നടപടി സ്വീകരിക്കുക.
- സ്കൂൾ കിണറുകൾക്ക് മതിയായ ഉയരമുള്ള സംരക്ഷണഭിത്തി നിർമ്മിക്കേണ്ടതും കിണർ മൂടി ഉപയോഗിച്ച് സുരക്ഷിതമാക്കേണ്ടതുമാണ്.
- സ്കൂളിനടുത്തുള്ള വെള്ളക്കെട്ടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവയ്ക്ക് സുരക്ഷാ ഭിത്തികൾ നിർമ്മിക്കാനും വെള്ളക്കെട്ട് രൂപപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ അപകടസാധ്യതാ മുന്നറിയിപ്പ്ബോർഡുകൾ സ്ഥാപിക്കാനും ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.
- സ്കൂൾകെട്ടിടങ്ങളിലെ വാതിലുകൾ, ജനലുകൾ എന്നിവ കൃത്യമായി അറ്റകുറ്റപ്പണികൾ നടത്തിയവയും കെ.ഇ.ആർ. നിർദ്ദേശിക്കുന്ന അളവിലുള്ളവയും ആയിരിക്കണം.

- ഒരു അടിയന്തരഘട്ടം വന്നാൽ, ഒഴിപ്പിക്കൽ നടപടികൾ സുഗമമാക്കുന്നതിനുള്ള ദിശാസൂചികകൾ (Evacuation map) സ്കൂൾ വരാന്തകളിലും ക്ലാസ്മുറികളിലും സ്ഥാപിക്കേണ്ടതാണ്.
- അടിയന്തരഘട്ടത്തിൽ ഒഴിപ്പിക്കലിനു ശേഷം ഒത്തുകൂടുന്നതിനായി അസംബ്ലി പോയിന്റ് സ്കൂളുകളിൽ ഉണ്ടാകേണ്ടതാണ്.
- കേരള ഫയർ & സേഫ്റ്റി വകുപ്പിന്റെയും ദുരന്തനിവാരണ അതോറിറ്റിയുടെയും ശാസ്ത്രീയ പരിശീലനം ലഭിച്ച അധ്യാപകരും, കുട്ടികളും ഉണ്ടായിരിക്കുന്നത് അടിയന്തരഘട്ടം ഉണ്ടാകുന്ന സമയത്ത് ഏകോപനത്തിന് അഭികാമ്യമായിരിക്കും. വർഷത്തിൽ രണ്ട് തവണയെങ്കിലും മോക്ക്ഡ്രിൽ സംഘടിപ്പിക്കുക.
- വിവിധ ആവശ്യങ്ങൾക്കായി പ്രചാരണസാമഗ്രികൾ, കൊടിതോരണങ്ങൾ, ബോർഡുകൾ, ഹോർഡിംഗ്സ് എന്നിവ സ്കൂൾ പരിസരത്ത് സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അതത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ പ്രധാനാധ്യാപകൻ കൈക്കൊള്ളേണ്ടതാണ്.
- വിദ്യാലയങ്ങൾക്ക് സമീപം മുന്നറിയിപ്പ്ബോർഡുകൾ, ട്രാഫിക് സൈൻബോർഡുകൾ എന്നിവ സ്ഥാപിക്കുവാൻ ട്രാഫിക്പോലീസിന്റെയും ബന്ധപ്പെട്ട വകുപ്പുകളുടെയും അധികൃതരുടെയും സേവനം തേടേണ്ടതാണ്.
- ഓരോ അധ്യയനവർഷാരംഭത്തിലും സ്കൂൾകെട്ടിടങ്ങൾ കൃത്യമായി അറ്റകുറ്റപ്പണികൾ നടത്തി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും കെ.ഇ.ആർ. അനുശാസിക്കും പ്രകാരം ക്ഷമതാ സർട്ടിഫിക്കറ്റ് (ഫിറ്റ്നസ് സർട്ടിഫിക്കറ്റ്) വാങ്ങേണ്ടതാണ്. ഫിറ്റ്നസ് ലഭിക്കാത്ത കെട്ടിടങ്ങളിൽ യാതൊരു കാരണവശാലും അധ്യയനം നടത്തുവാനോ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാനോ പാടില്ല.
- നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്ന സ്കൂളുകളിൽ വാടകക്കെട്ടിടത്തിലോ മറ്റു സ്ഥാപനങ്ങളിലോ ക്ലാസ്സുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ഈ കെട്ടിടങ്ങൾ കൂടി പരിശോധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയെന്ന് ഉറപ്പ് വരുത്തിയതിനുശേഷം മാത്രമേ സ്കൂൾ പ്രവർത്തിക്കാൻ പാടുള്ളൂ.
- സ്കൂൾകോമ്പൗണ്ടിൽ, പ്രധാന കവാടത്തോട് ചേർന്ന് ക്ലാസ്സ്മുറികളെയും കെട്ടിടങ്ങളെയും സംബന്ധിച്ച കൃത്യമായ ദിശാസൂചകം സ്ഥാപിക്കേണ്ടതാണ്.
- നിർമ്മാണപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സ്കൂൾകെട്ടിടപരിസരത്തേക്ക് കുട്ടികൾ കടന്നുകയറാത്ത രീതിയിൽ സംരക്ഷണവേലി നിർമ്മിക്കേണ്ടതാണ്. പണി നടക്കുന്ന സ്ഥലത്ത് സൂചനാബോർഡ് സ്ഥാപിക്കേണ്ടതാണ്.
- നിർമ്മാണത്തൊഴിലാളികളുടെ സാന്നിധ്യം സ്കൂൾപ്രവർത്തനത്തിന് തടസ്സമാകരുത്. നിർമ്മാണത്തൊഴിലാളികളുടെ വിവരങ്ങൾ ദിനംപ്രതി, കരാറുകാരൻ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.
- സ്കൂൾകെട്ടിടങ്ങളിൽ നിലവിലെ കെട്ടിടനിർമ്മാണച്ചട്ടങ്ങൾക്ക് അനുസൃതമായി അഗ്നിസുരക്ഷാക്രമീകരണങ്ങൾ സ്ഥാപിക്കേണ്ടതാണ്.
- നിലവിലെ സ്കൂൾകെട്ടിടങ്ങളിൽ, പ്രത്യേകിച്ച് ഫാൾസ് സീലിംഗ്സ് ചെയ്തിട്ടുള്ള ക്ലാസ്മുറികളിൽ, അടിയന്തര അഗ്നിശമന ഉപകരണങ്ങൾ കരുതേണ്ടതാണ്.



- സ്കൂൾ വളപ്പിൽ നിലവിൽ കാലപ്പഴക്കംമൂലം ഫിറ്റ്നസ് ഇല്ലാതെ നിലനിൽക്കുന്ന കെട്ടിടങ്ങളിൽ കുട്ടികൾ കടന്നു കയറുന്നത് തടയുക. പൊളിച്ചുനീക്കാൻ സത്വര നടപടി സ്വീകരിക്കുക.
- ഉപയോഗശൂന്യമായ ഉപകരണങ്ങളും ഫർണിച്ചറും സ്കൂൾ പരിസരത്തുനിന്ന് നീക്കം ചെയ്യേണ്ടതാണ്.
- സ്കൂളുകൾ ഭിന്നശേഷി സൗഹൃദമാക്കേണ്ടതാണ്.
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് എല്ലാ സ്കൂൾകെട്ടിടങ്ങളിലേക്കും ക്ലാസ് മുറികളിലേക്കും പ്രവേശിക്കുന്നതിന് സൗകര്യപ്രദമായ റാംപ് & റെയിൽ ഉറപ്പുവരുത്തേണ്ടതാണ്.
- വനം, തോട്ടം മേഖലകളിൽ കുട്ടികൾ സ്കൂളിലേക്ക് സഞ്ചരിക്കുന്ന നടവഴികളിലെ വശങ്ങളിലുള്ള കുറ്റിക്കാട് വെട്ടിമാറ്റുന്നതിന് തദ്ദേശസ്വയംഭരണവകുപ്പ്, വനം വകുപ്പ് എന്നിവരുമായി ചേർന്ന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
- വന്യമൃഗങ്ങളുടെ സാന്നിധ്യം കൂടുതലുള്ള പ്രദേശങ്ങളിൽ സംരക്ഷണവേലികൾ അടക്കമുള്ള സുരക്ഷാസംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.
- ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും മതിയായ പരിശീലനം ലഭ്യമാക്കണം. പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികളെ ഉൾപ്പെടുത്തി മോക്ക്ഡ്രിൽ സംഘടിപ്പിക്കണം. അഗ്നിരക്ഷാവകുപ്പിന്റെ മേൽനോട്ടത്തിൽ മാത്രം മോക്ക്ഡ്രിൽ നടത്തുക.
- മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം എന്നിവയ്ക്ക് സാധ്യതയുള്ള പ്രദേശങ്ങളിലെ സ്കൂളുകളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ചേർന്ന് ബോധവത്ക്കരണ പരിപാടികൾ നടത്തേണ്ടതാണ്.
- എല്ലാ സ്കൂളുകളിലെയും മുഴുവൻ അടിസ്ഥാനസൗകര്യങ്ങളുടെയും സമഗ്രമായ സുരക്ഷാ ഓഡിറ്റ് നടത്തേണ്ടതാണ്. കെട്ടിടങ്ങളുടെ സ്ഥിരത, ക്ലാസ്മുറികളുടെ അവസ്ഥ, ശുചിത്വസൗകര്യ

ങ്ങൾ, വൈദ്യുതസംവിധാനങ്ങൾ, ചുറ്റുമതിൽ, കിണർ മുതലായവ പരിശോധിക്കേണ്ടതാണ്. അപകടകരമായ കുഴികൾ നികത്തുകയും കേടുപാടുകൾ വന്ന ചുമരുകൾ, തുറന്ന വയറിംഗ്, സുരക്ഷിതമല്ലാത്ത വാതിലുകൾ, ജനാലകൾ തുടങ്ങിയവയെല്ലാം നീക്കം ചെയ്യുകയോ മെയിന്റനൻസ് ചെയ്ത് ഉപയോഗപ്രദമാക്കുകയോ ചെയ്യേണ്ടതാണ്.

- തീപിടിത്തം, വെള്ളപ്പൊക്കം, ഭൂകമ്പം അല്ലെങ്കിൽ മറ്റ് അടിയന്തര സാഹചര്യങ്ങളിലുള്ള തയ്യാറെടുപ്പ് ഉറപ്പാക്കാൻ സ്കൂളുകൾ ജില്ലാദുരന്തനിവാരണ അതോറിറ്റി, തദ്ദേശസ്വയംഭരണസ്ഥാപനം എന്നിവയുമായി ചേർന്ന് നടപടികൾ സ്വീകരിക്കേണ്ടതും മോക്ക്ഡ്രില്ലുകൾ പോലുള്ള സുരക്ഷാക്രമീകരണങ്ങൾ നടത്തേണ്ടതുമാണ്. അടിയന്തരസാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള അവബോധം കുട്ടികളിൽ വളർത്തേണ്ടതാണ്.

## 1.2 ലബോറട്ടറി

ലബോറട്ടറികളുടെ ഉള്ളിൽ രാസവസ്തുക്കൾ അവയുടെ സ്വഭാവങ്ങൾക്കനുസൃതമായി ലേബലിംഗ് നടത്തി സൂക്ഷിക്കേണ്ടതാണ്. അപകടകരമായ രാസവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിന് Exhaust chamber സ്ഥാപിക്കുന്നത് ഉചിതമായിരിക്കും. ലാബിനുള്ളിൽ രാസവസ്തുക്കൾ തൂവിപ്പോകുന്ന സന്ദർഭത്തിൽ ഉപയോഗിക്കുവാൻ സ്പിൽകിറ്റ് ഉൾപ്പെടെയുള്ള സുരക്ഷാ ഉപകരണങ്ങൾ കരുതേണ്ടതാണ്. ലാബിനുള്ളിൽ വ്യക്തിസുരക്ഷാ ഉപകരണങ്ങളും, (PPE), പ്രഥമശുശ്രൂഷ കിറ്റും നിർബന്ധമായും കരുതേണ്ടതാണ്. ഉപകരണങ്ങൾ ലേബൽ ചെയ്യണം. ലാബിലേക്കുള്ള അനാവശ്യമായ പ്രവേശനം (അധ്യാപകർ ഇല്ലാതെയുള്ള പ്രവേശനം) നിഷേധിച്ച് ബോർഡ് സ്ഥാപിക്കേണ്ടതാണ്. കുട്ടികൾക്ക് ശാസ്ത്രീയമായ സുരക്ഷാനിർദേശങ്ങൾ നൽകുക.

## 1.3 ലൈബ്രറി

ലൈബ്രറികെട്ടിടങ്ങൾ നല്ല വെളിച്ചവും വായുസഞ്ചാരമുള്ളവയുമായിരിക്കണം. റാക്കുകൾ, അലമാരകൾ തുടങ്ങിയവ കൃത്യമായ നിരപ്പുള്ള സ്ഥലത്ത് സുരക്ഷിതമായി ക്രമീകരിക്കേണ്ടതാണ്. പുസ്തകങ്ങൾ പൊടി പിടിക്കാതെ സൂക്ഷിക്കേണ്ടതാണ്. ലൈബ്രറി വൃത്തിയായി സൂക്ഷിക്കണം. അലമാരയിലും, അലമാരകൾക്കിടയിലും ഇഴജന്തുക്കളും ക്ഷുദ്രജീവികളും ഇല്ലായെന്ന് ഇടയ്ക്കിടെ പരിശോധിച്ച് ഉറപ്പാക്കണം.





### 1.4 വൈദ്യുതീകരണം

സ്കൂളുകളിലെ വൈദ്യുതീകരണ സംവിധാനങ്ങൾ ശരിയായ രീതിയിൽ കവചിതമായിരിക്കണം (ഇൻസുലേറ്റഡ്). ഷോക്ക്, ഷോർട്ട്സർക്യൂട്ട് എന്നിവ തടയുന്നതിനാവശ്യമായ ആധുനിക സർക്യൂട്ട്ബ്രേക്കിംഗ് സംവിധാനങ്ങൾ ഉണ്ടായിരിക്കണം. കമ്പ്യൂട്ടർലാബുകളിൽ ഉപയോഗിച്ചിട്ടുള്ള ഇലക്ട്രിക്വയറിംഗ് ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടതാണ്. ഉപയോഗശേഷം കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വൈദ്യുതബന്ധം വിച്ഛേദിക്കേണ്ടതാണ്. സർക്യൂട്ടുകൾ നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

### 1.5 വാഹനങ്ങളുടെ പാർക്കിംഗ്

സ്കൂൾ കോമ്പൗണ്ടിനുള്ളിൽ വാഹനങ്ങൾ പരമാവധി കടത്തിവിടാതിരിക്കുക. സ്കൂൾ പരിസരത്ത് വാഹനങ്ങൾ പ്രവേശിക്കുകയാണെങ്കിൽ, പരമാവധിവേഗത മണിക്കൂറിൽ 10 കി.മീ. ആയി നിജപ്പെടുത്തേണ്ടതാണ്. സ്കൂൾപരിസരത്ത് വാഹനങ്ങൾ പാർക്ക്ചെയ്യുന്നത് മുൻകൂട്ടി അനുവദിച്ച സ്ഥലത്തായിരിക്കണം. വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് റിവേഴ്സ് പാർക്കിംഗ് വ്യവസ്ഥയിലാണെന്ന് ഉറപ്പാക്കേണ്ടതാണ്. കുട്ടികളുടെ സ്വതന്ത്രമായ സഞ്ചാരം തടസ്സപ്പെടുത്തും വിധം വാഹനപാർക്കിംഗ് അനുവദിക്കരുത്. വാഹനങ്ങൾ പാർക്കിങ്ങിനായി പിറകിലേക്കെടുക്കുമ്പോൾ പിന്നിൽ ജീവനക്കാരുടെ സാന്നിധ്യം ഉറപ്പാക്കേണ്ടതാണ്.

### 1.6 ശുചിമുറികൾ

ശുചിമുറികൾ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് (ആൺ/പെൺ/ഭിന്നശേഷി) നിലവിലെ സർക്കാർ നിർദേശങ്ങൾക്കനുസരിച്ച് ഉണ്ടാകേണ്ടതാണ്.

- ശുചിമുറികളിൽ സുഗമമായ ജലലഭ്യത ഉറപ്പാക്കേണ്ടതാണ്.
- ശുചിമുറികളുടെ ക്ലോസെറ്റും വാതിലുകളും തറയും സുരക്ഷിതമായും വൃത്തിയായും സൂക്ഷിക്കേണ്ടതാണ്.
- ശുചിമുറികളുടെ തറ വഴുക്കലില്ലാത്തവയായിരിക്കണം.

- ശുചിമുറികളിൽ മതിയായ വെന്റിലേഷൻ ഉണ്ടാകേണ്ടതാണ്.
- ശുചിമുറികൾ എല്ലാദിവസവും വൃത്തിയാക്കുകയും അണുനശീകരണം നടത്തുകയും ചെയ്യേണ്ടതാണ്.
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഉപയോഗിക്കാൻ കഴിയുന്ന ശുചിമുറികൾ എല്ലാ സ്കൂളുകളിലും ഉണ്ടാകേണ്ടതാണ്.
- പെൺകുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഗേൾസ്ഫ്രണ്ട്ലി ടോയ്‌ലറ്റുകൾ ഉണ്ടാവണം.

## 1.7 പാമ്പുകടി പ്രതിരോധത്തിനായി സ്കൂളുകളിൽ ഉറപ്പുവരുത്തേണ്ട കാര്യങ്ങൾ

പാമ്പുകടി പ്രതിരോധത്തിനായി വിവിധ തലങ്ങളിലുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടക്കേണ്ടതുണ്ട്. ഇതിൽ പരിസ്ഥിതി അവബോധവും സംരക്ഷണവും ഏറെ പ്രധാനമാണ്. ഒപ്പം ബോധവൽക്കരണം, അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ, അടിയന്തരഘട്ടത്തിൽ ദ്രുതഗതിയിലുള്ള പ്രതികരണം, പ്രഥമശുശ്രൂഷ, പെട്ടെന്ന് വൈദ്യസഹായം ലഭ്യമാക്കൽ എന്നിവയും ഉൾപ്പെടുത്തേണ്ടതാണ്.

താഴെക്കൊടുത്തിരിക്കുന്ന പ്രധാന കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് പാലിക്കേണ്ടതാണ്.

### 1.7.1 പാരിസ്ഥിതികവും ഘടനാപരവുമായ മുൻകരുതൽ മാർഗ്ഗങ്ങൾ

- സ്കൂളുകളിൽ ഇഴജന്തുക്കൾ കയറിയിരിക്കാൻ സാധ്യതയുള്ള ഇടങ്ങൾ സൂക്ഷ്മമായി പരിശോധിച്ച് അവയുടെ സാന്നിധ്യമില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- സ്കൂൾകെട്ടിടവും, ക്ലാസ്മുറികളും പരിസരവും വൃത്തിയായി സൂക്ഷിക്കുക. ഭക്ഷണ അവശിഷ്ടങ്ങളും മറ്റു മാലിന്യങ്ങളും സ്കൂളിന്റെ പരിസരത്ത് കൂട്ടിയിടാതിരിക്കുക. ഇത് പാമ്പുകളുടെ ഇരകളായ ക്ഷുദ്ര ജീവികളെ ആകർഷിക്കുകയും തൻമൂലം പാമ്പുകളുടെ സാന്നിധ്യം സ്കൂൾപരിസരത്ത് ഉണ്ടാവുകയും ചെയ്യും.
- എല്ലാ വർഷവും സ്കൂൾ തുറക്കുന്നതിന് മുമ്പ് സ്കൂളിന്റെ കോമ്പൗണ്ടിലെ പുല്ലും കുറ്റിച്ചെടികളും വെട്ടി വൃത്തിയാക്കണം. സ്കൂൾ കെട്ടിടത്തോടും മതിലിനോടും ചേർന്നുള്ള ചെറിയ വിടവുകളും കുഴികളും അടയ്ക്കണം. ഈ പ്രവർത്തനം ഒരു അധ്യയന വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും നടത്തേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഉറപ്പുവരുത്തണം.
- സ്കൂൾഅധികൃതരും, തദ്ദേശസ്വയംഭരണസ്ഥാപന അധികൃതരും സ്കൂൾകെട്ടിടത്തിന്റെ വൃത്തിയും സുരക്ഷയും ഉറപ്പു വരുത്തണം.



- സ്കൂൾകെട്ടിടത്തിലും ക്ലാസ്മുറികളിലും ചുറ്റുമതിലിലും തുടങ്ങി പാമ്പുകൾ പതിയിരിക്കാൻ സാധ്യതയുള്ള മാളങ്ങളും വിടവുകളും ബലവത്തായ രീതിയിൽ അടയ്ക്കുക.
- പാമ്പുകൾ ഒളിച്ചിരിക്കാൻ സാധ്യതയുള്ള സാഹചര്യങ്ങൾ പൂർണ്ണമായും ഒഴിവാക്കുക. ഉദാ:- കൂട്ടിയിട്ടിരിക്കുന്ന ഉപയോഗശൂന്യമായ ഫർണിച്ചർ, തടിക്കഷ്ണങ്ങൾ, നിർമ്മാണ വസ്തുക്കൾ, ചപ്പ് ചവറുകൾ, കരിയിലകൾ മുതലായവ.
- സ്കൂൾകോമ്പൗണ്ടിലെ മരങ്ങളുടെ ചില്ലകളും ചെടികളും കൃത്യമായ ഇടവേളകളിൽ വെട്ടി ഒതുക്കി നിർത്തുക.
- സ്കൂൾകോമ്പൗണ്ടിൽ കുട്ടികൾക്ക് നടക്കുന്നതിന് വേണ്ടി പ്രത്യേക നടപ്പാതകൾ നിർമ്മിക്കുക. അത്തരം നടപ്പാതകൾ ഉപയോഗിക്കുന്നതിന് കുട്ടികൾക്ക് പ്രത്യേകം നിർദ്ദേശം നൽകുക. പുല്ലും കാടും നിറഞ്ഞ പ്രദേശത്ത് കുട്ടികൾ എത്തുന്നില്ല എന്ന് ഉറപ്പുവരുത്തുക.
- എല്ലാ ദിവസവും വൈകുന്നേരം സ്കൂൾ വിട്ടശേഷം ജനലുകളും വാതിലുകളും ഭദ്രമായി അടയ്ക്കുക.
- ഇഴജന്തുക്കളുടെ സാന്നിധ്യമുണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങൾ തിരിച്ചറിഞ്ഞ് അവ ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഭിത്തികൾ, സംഭരണസ്ഥലങ്ങൾ, പൂന്തോട്ടങ്ങൾ, വിടവുകൾ, ദ്വാരങ്ങൾ, പടർന്നുകയറുന്ന സസ്യങ്ങൾ എന്നിവയിലെല്ലാം ഇത്തരം ഇഴജന്തുക്കളുടെ സാന്നിധ്യമില്ലെന്ന് ഉറപ്പുവരുത്തണം. ഇഴജന്തുക്കളുടെ സാന്നിധ്യമുള്ള പ്രദേശങ്ങളിൽ വനം വകുപ്പുമായി ചേർന്ന് പാമ്പ്പിടിത്തക്കാരുടെ സേവനം ലഭ്യമാക്കാവുന്നതും അപകടസാധ്യത ഒഴിവാക്കാവുന്നതുമാണ്.
- കുട്ടികളുടെ ബാഗും ഷൂസും ക്ലാസ്മുറിക്ക് പുറത്ത് അലക്ഷ്യമായി വയ്ക്കുന്നത് തടയേണ്ടതാണ്. അവയിൽ ഇഴജന്തുക്കൾ കയറിയിരിക്കാൻ സാധ്യതയുണ്ട് എന്ന് കുട്ടികളെ ബോധ്യപ്പെടുത്തേണ്ടതാണ്.
- ദിവസവും രാവിലെ സ്കൂൾസമയത്തിനു മുൻപ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ക്ലാസ്മുറികളിൽ പരിശോധന നടത്തേണ്ടതാണ്.

### 1.7.2 കുട്ടികൾക്കും അധ്യാപകർക്കും ബോധവൽക്കരണം

#### 1.7.2.1 ക്ലാസുകൾ

വിവിധയിനം പാമ്പുകളെ തിരിച്ചറിയുന്നതിനും അവയുടെ സാന്നിധ്യമുള്ള ഇടങ്ങൾ ഒഴിവാക്കുന്നതിനും പാമ്പിനെ കണ്ടാൽ അനുവർത്തിക്കേണ്ട പെരുമാറ്റ രീതികളെക്കുറിച്ചും പാമ്പുകടിയുടെ അപകടത്തെക്കുറിച്ചും വിദഗ്ധരുടെ ക്ലാസുകൾ വർഷത്തിൽ രണ്ടോ മൂന്നോ തവണ അധ്യാപകർക്കും കുട്ടികൾക്കും നൽകുക. (ഉദാ:-കളികൾക്കിടയിൽ ബോൾ കുറ്റിക്കാട്ടിൽ പെട്ടുപോയാൽ നീണ്ടവടി ഉപയോഗിച്ച് മാത്രം അത് തിരിച്ചെടുക്കുക.)

#### 1.7.2.2 പാദരക്ഷകൾ അണിയുമ്പോൾ

ഇഴജന്തുക്കൾ പാദരക്ഷകൾക്കുള്ളിൽ ഇല്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. SIFT Procedure പാലിക്കാം.

S- Stick - വടിയോ കമ്പോ ഉപയോഗിച്ചുകൊണ്ട് ചെരുപ്പ് പരിശോധിക്കാം.

I- Invert - മറിച്ചിട്ട് നോക്കാം.

F- Flick - എടുത്തു കുലുക്കിയോ തട്ടിയോ നോക്കാം

T- സോളും വശങ്ങളും തട്ടി നോക്കാം.

#### 1.7.2.3 ബോധവൽക്കരണം

പാമ്പുകളെ സംബന്ധിച്ചും പാമ്പുകടിയെ സംബന്ധിച്ചുമുള്ള ലഘുലേഖകൾ, പോസ്റ്ററുകൾ എന്നിവ കുട്ടികൾക്ക് നൽകുകയും എല്ലാവർക്കും കാണാവുന്ന തരത്തിൽ പ്രദർശിപ്പിക്കുകയും ചെയ്യുക. അംഗീകൃത പരിശീലകരുടെ സഹായത്തോടെയാണ് ബോധവൽക്കരണം നടത്തേണ്ടത്.

- ഇന്ററാക്ടീവ് വീഡിയോ:- ഇന്ററാക്ടീവ് ഗെയിംസ്, വീഡിയോസ് എന്നിവ ഉപയോഗിച്ചുകൊണ്ട് കുട്ടികൾക്ക് കൃത്യമായി ഇടവേളകളിൽ പാമ്പുകടി സംബന്ധിച്ച ബോധവൽക്കരണം നടത്തുക.
- മോക്ക്ഡ്രിൽ:- കുട്ടികളെയും, അധ്യാപകരെയും, ജീവനക്കാരെയും ഉൾപ്പെടുത്തിക്കൊണ്ട് പാമ്പ് കടിയുമായി ബന്ധപ്പെട്ട അടിയന്തര സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന്റെ മോക്ക് ഡ്രിൽ സംഘടിപ്പിക്കുക.

### 1.7.3 അടിയന്തരസാഹചര്യങ്ങളിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ

#### 1.7.3.1 ഫസ്റ്റ് എയ്ഡ് ട്രെയിനിങ്:-

ആരോഗ്യവകുപ്പുമായി ചേർന്ന് അധ്യാപകർക്കും സ്കൂൾ അധികൃതർക്കും പാമ്പ്കടിയുമായി ബന്ധപ്പെട്ട പ്രഥമശുശ്രൂഷാപരിശീലനം നൽകേണ്ടതാണ്.

പാമ്പ്കടിയേറ്റ ആളെ സമാശ്വസിപ്പിക്കുക, നിശ്ചലാവസ്ഥയിൽ (ശാരീരിക ചലനങ്ങൾ പരമാവധി കുറച്ച്) ഇരുത്തുക, കടിയേറ്റഭാഗം അനക്കാതെ വെക്കുക, എത്രയും വേഗം വൈദ്യസഹായം ലഭ്യമാക്കുക തുടങ്ങിയ കാര്യങ്ങൾ എങ്ങനെയാണ് ശരിയായ വിധം ചെയ്യേണ്ടത് എന്നതിനെ സംബന്ധിച്ച് പരിശീലനം നൽകണം.

- പാമ്പുകടിചികിത്സ ASV (Anti Snake Venom) ലഭ്യമായ ഏറ്റവും അടുത്തുള്ള ആശുപത്രികളെക്കുറിച്ചുള്ള അറിവ് ലഭ്യമാക്കുക. ASV ലഭ്യമാണോ എന്ന് മുൻകൂട്ടി അറിയുക, ഡോക്ടർമാരുടെയും ആശുപത്രികളുടെയും ഫോൺ നമ്പറുകൾ ശേഖരിച്ച് വയ്ക്കുക.
- ആംബുലൻസിന്റെ ലഭ്യത, ആംബുലൻസ് ഏജൻസികളെയും ആശുപത്രികളെയും ബന്ധപ്പെടുന്നതിനുള്ള നമ്പർ, തുടങ്ങി അത്യാവശ്യഘട്ടങ്ങളിൽ ഉപയോഗിക്കേണ്ട ഫോൺ നമ്പറുകൾ വ്യക്തമായി പ്രധാനാധ്യാപകൻ/പ്രധാനാധ്യാപികയുടെ മുറിയിലും ഓഫീസ് മുറിയിലും പ്രദർശിപ്പിക്കുക.
- പാമ്പുകടിക്ക് ചികിത്സ ലഭ്യമാകുന്ന സമീപ ആശുപത്രികളുടെ (ഗവൺമെന്റ്, സ്വകാര്യ) ഫോൺ നമ്പരും മറ്റു വിവരങ്ങളും പൊതുവായി പ്രദർശിപ്പിക്കുക.
- പാമ്പുകളെ കൈകാര്യം ചെയ്യുന്നതിന് ശാസ്ത്രീയമായി പരിശീലനവും ലൈസൻസും ലഭിച്ച വ്യക്തികളുടെ കോൺടാക്ട്നമ്പറുകൾ സ്കൂൾ ഓഫീസിൽ പൊതുവായി പ്രദർശിപ്പിക്കുക.
- ഫോറസ്റ്റ് വകുപ്പിന്റെ 'SARPA App', 'Snake-Pedia App' കുട്ടികൾക്കും, അധ്യാപകർക്കും, രക്ഷിതാക്കൾക്കും, ജീവനക്കാർക്കും പരിചയപ്പെടുത്തുക.
- വിവിധ സംഘടനകളുടെയും ഏജൻസികളുടെയും സഹകരണത്തോടെ ആവശ്യമായ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

### 1.7.4 പാമ്പുകടി ഏൽക്കുന്ന സാഹചര്യത്തിൽ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ

- പാമ്പുകടി ഉണ്ടായ സാഹചര്യത്തെക്കുറിച്ച് കൃത്യമായി മനസ്സിലാക്കുക. കടിയേറ്റപാട്, അതിന്റെ ആകൃതി, രക്തസ്രാവം, നീര് എന്നിവ പരിശോധിക്കുക. കടിയുടെ പാട് തീരെ ചെറുതായാൽ

magnifying lens ഉപയോഗിച്ച് പരിശോധിക്കണം. കടിയേറ്റഭാഗം അനക്കാതെ വയ്ക്കണം. അവിടേക്കുള്ള രക്തപ്രവാഹം തടസ്സപ്പെടുത്തരുത്. കടിയേറ്റഭാഗത്ത് മുറുകെ കെട്ടരുത്.

- കടിയേറ്റയാളെ വായുസഞ്ചാരമുള്ള, വൃത്തിയുള്ള സ്ഥലത്ത് നിശ്ചലമായി കിടത്തുക.
- *കടിയേറ്റ ആൾക്ക് വൈദ്യസഹായം ലഭിക്കുന്നതുവരെ ഭക്ഷണമോ, വെള്ളമോ, മരുന്നോ നൽകരുത്.*
- എത്രയും വേഗം വൈദ്യസഹായം ലഭ്യമാക്കുക. കടിയേറ്റയാളെ നടക്കുന്നതിനും, ഓടുന്നതിനും, സ്വയം വാഹനം ഓടിക്കുന്നതിനും അനുവദിക്കരുത്. അതിനായി ആംബുലൻസ് സേവനം മാത്രം ഉപയോഗിക്കുക ( Toll free no 108).
- കടിയേറ്റയാളുടെ ലക്ഷണങ്ങൾ കൃത്യമായും ഡോക്ടറെ അറിയിക്കുക (ഉദാ:-- നീര്, കൺപോളകൾ അടഞ്ഞുവരിക, ശ്വസിക്കാനുള്ള ബുദ്ധിമുട്ട്, കാഴ്ച മങ്ങൽ, സംസാരിക്കാനുള്ള ബുദ്ധിമുട്ട്, സംസാര രീതിയിലെ മാറ്റം എന്നിവ).
- കടിയേറ്റ ഭാഗത്തിനടുത്തുള്ള ഷൂസ്, വാച്ച്, മോതിരം, മറ്റ് ആഭരണങ്ങൾ, മുറുകിയ വസ്ത്രങ്ങൾ എന്നിവ നീക്കം ചെയ്യുക.

### 1.7.5 പാമ്പുകടിയേറ്റാൽ ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ

- കടിച്ച പാമ്പിനെ പിടിക്കുന്നതിനോ, കൊല്ലുന്നതിനോ ശ്രമിക്കരുത്. അത് അപകടകരമാണ്. കഴിയുമെങ്കിൽ പാമ്പിന്റെ ഒരു ഫോട്ടോ എടുക്കുക. ഏതെങ്കിലും ഒരു വിദഗ്ധന്റെ സഹായത്താൽ പാമ്പിനെ തിരിച്ചറിയുക.
- അശാസ്ത്രീയമായ ചികിത്സാരീതികൾ അവലംബിക്കാതിരിക്കുക.
- പാമ്പുകടിയേറ്റഭാഗം കഴുകുകയോ മറ്റെന്തെങ്കിലും ചെയ്യുകയോ അരുത് (ഉദാ:-- സോപ്പോ മറ്റോ ഉപയോഗിച്ച് കഴുകുക, എന്തെങ്കിലും മരുന്ന് പുരട്ടുക, അമർത്തുക, തടവുക, മുറിവ് വലിപ്പം കൂട്ടുക, രക്തം പുറത്തേക്ക് കളയുക, രക്തം വലിച്ചെടുക്കുക, പഞ്ഞികൊണ്ട് തുടയ്ക്കുക എന്നിവ ഒന്നും ചെയ്യരുത്).

### 1.7.6 ആംബുലൻസ് സൗകര്യങ്ങൾ

- കടിയേറ്റയാളെ എത്രയും വേഗം ആശുപത്രിയിൽ എത്തിക്കുന്നതിന് 108 ആംബുലൻസ് സൗകര്യമോ തൊട്ടടുത്തുള്ള ലഭ്യമായ മറ്റ് സൗകര്യങ്ങളോ ഉപയോഗിക്കാം.
- കടിയേറ്റയാളെ ഒട്ടും ചലിക്കാൻ അനുവദിക്കരുത്. കിടത്തി ആശുപത്രിയിലേക്ക് കൊണ്ടുപോവുക. *സാധിക്കുമെങ്കിൽ കടിയേറ്റ ഭാഗവും ഹൃദയവും ഒരേ ലെവലിൽ വരുന്ന രീതിയിൽ കിടത്തുക.*

### 1.7.7 പേവിഷബാധ പ്രതിരോധത്തിനായി സ്കൂളിൽ ഉറപ്പുവരുത്തേണ്ട നടപടികൾ

സ്കൂളുകളിലും പൊതുനിരത്തുകളിലും കുട്ടികളെ നായകളിൽ നിന്നും സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. നായകളുടെ കടി, നഖങ്ങൾകൊണ്ടുള്ള പോറൽ, മാന്തൽ, ഉമിനീരുമായി സമ്പർക്കം എന്നിവയുണ്ടാകുമ്പോൾ ഉടൻ തന്നെ പ്രഥമശുശ്രൂഷയും പ്രതിരോധ കുത്തിവെപ്പുകളും നൽകേണ്ടതുണ്ട്. ഇതിനായി കുട്ടികളിലും അധ്യാപകരിലും രക്ഷിതാക്കൾക്കിടയിലും പേവിഷബാധയെക്കുറിച്ചും പ്രതിരോധമാർഗങ്ങളെക്കുറിച്ചും അവബോധം ആവശ്യമാണ്. കൂടാതെ, വീടുകളിൽ വളർത്തുമൃഗങ്ങളുടെ പരിപാലനവും പ്രതിരോധകുത്തിവയ്പുകളും ശ്രദ്ധിക്കേണ്ടതുണ്ട്.

## 1.8 മൃഗങ്ങളിൽനിന്നും പകരുന്ന രോഗങ്ങൾക്ക് എതിരായ മുൻകരുതൽ

- സ്കൂൾ കോമ്പൗണ്ടിൽ തെരുവുനായകൾ പെരുകാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുകയും അവ തങ്ങുന്നത് തടയാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക. അതിനായി സ്കൂളും പരിസരവും ശുചീകരിക്കുക, ഭക്ഷണാവശിഷ്ടങ്ങൾ വലിച്ചെറിയാതെ ശാസ്ത്രീയമായി സംസ്കരിക്കുക.
- മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന ഒരു ജന്തുജന്യ രോഗമാണ് പേവിഷബാധ. നായ്ക്കളാണ് പ്രധാന രോഗവാഹകർ. എന്നാൽ പൂച്ച, കുറുക്കൻ, അണ്ണാൻ, തുടങ്ങിയവയും രോഗവാഹകരിൽപ്പെടുന്നു എന്ന് വിദ്യാർത്ഥികളിൽ അവബോധം വളർത്തുക.
- രോഗം ബാധിച്ച മൃഗങ്ങളുടെ ഉമിനീരിൽ കാണുന്ന പേവിഷബാധയുടെ വൈറസ് മൃഗങ്ങളുടെ കടി, മാന്തൽ, പോറൽ എന്നിവയിലൂടെ ശരീരത്തിലെത്തി സുഷുമ്നാനാഡിയേയും തലച്ചോറിനെയും ബാധിക്കുന്നു എന്ന അറിവ് വിദ്യാർത്ഥികൾക്ക് നൽകുക.
- നായ്ക്കൾ മനുഷ്യരുമായി വളരെ ഇണങ്ങി ജീവിക്കുമെങ്കിലും, അവയെ ഭയപ്പെടുത്തുകയോ, ദേഷ്യപ്പെടുത്തുകയോ ചെയ്താൽ കടിക്കാൻ സാധ്യത കൂടുതലാണ്. പ്രത്യേകിച്ച് മൃഗങ്ങൾ ഭക്ഷണം കഴിക്കുക, കൂടിനുള്ളിൽ അടയ്ക്കപ്പെടുക, ഉറങ്ങുക, രോഗാവസ്ഥയിലാകുക, അവയുടെ കുഞ്ഞുങ്ങളുടെ സംരക്ഷണത്തിൽ ഏർപ്പെട്ടിരിക്കുക എന്നീ സന്ദർഭങ്ങളിൽ ശല്യപ്പെടുത്തുന്നത് ആക്രമണസ്വഭാവം കൂട്ടാനിടയാകും. ഇത്തരം സന്ദർഭങ്ങളിൽ മൃഗങ്ങളിൽ നിന്നും സുരക്ഷിതമായ അകലം പാലിക്കേണ്ടതാണ് എന്ന നിർദ്ദേശം കുട്ടികൾക്ക് നൽകുക.
- വീടുകളിൽ വളർത്തുമൃഗങ്ങളുണ്ടെങ്കിൽ അവയിൽനിന്നുള്ള സംരക്ഷണവും പരമപ്രധാനമാണ്.
- വളർത്തുമൃഗങ്ങൾക്ക് പ്രതിരോധ കുത്തിവെപ്പ് എടുക്കുന്നത് രോഗപ്രതിരോധത്തിൽ പ്രധാനമാണ്. നായ, പൂച്ച തുടങ്ങിയ വളർത്തുമൃഗങ്ങൾക്ക് മൃഗാശുപത്രിയുമായി ബന്ധപ്പെട്ട് നിർദ്ദിഷ്ഠ പ്രതിരോധകുത്തിവയ്പ്പുകൾ എടുക്കേണ്ടതാണെന്ന് രക്ഷിതാക്കൾക്ക് വിവരം നൽകുക.
- വീടുകളിൽ വളർത്തുമൃഗങ്ങൾക്ക് പ്രതിരോധകുത്തിവെപ്പ് നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ ബോധവൽക്കരണം നൽകുക. തെരുവുനായ്ക്കളിൽനിന്നു മാത്രമല്ല വളർത്തുമൃഗങ്ങളിൽ നിന്നും പേവിഷബാധയുണ്ടാകാമെന്നും ഒരു മാസം പ്രായമായ നായക്കുട്ടികളിൽ നിന്നുപോലും പേവിഷബാധ ഉണ്ടാകാനും മരണം സംഭവിക്കാനും സാധ്യതയുണ്ട് എന്ന അറിവ് കുട്ടികൾക്ക് നൽകുക.
- പൂച്ചകളിൽ നിന്നും മറ്റ് മൃഗങ്ങളിൽ നിന്നും കട്ടികൾക്ക് കടിയോ മാന്തലോ ഏൽക്കാറുണ്ട്. ഇത്തരത്തിൽ കടിയോ മാന്തലോ ഏൽക്കുന്നത് രോഗബാധയുണ്ടാക്കുമെന്നതിനാൽ അതീവ ശ്രദ്ധ പുലർത്തണമെന്നും, ഉണ്ടായാൽ വൈദ്യസഹായം തേടേണ്ടതാണ് എന്നും കുട്ടികൾക്ക് അറിവ് നൽകുക.
- മൃഗങ്ങളെ പരിപാലിച്ചശേഷം കൈകൾ സോപ്പ് ഉപയോഗിച്ച് വൃത്തിയായി കഴുകേണ്ടതും, മാന്തലോ, പോറലോ, മുറിവോ ഉണ്ടായാൽ ഉടൻ പ്രഥമശുശ്രൂഷ ചെയ്യേണ്ടതും, ഉടൻ തന്നെ ഡോക്ടറെ കണ്ട് മുറിവിന്റെ കാറ്റഗറി നിർണ്ണയിച്ച ശേഷം പ്രതിരോധകുത്തിവെപ്പ് എടുക്കേണ്ടതുമാണ്.

### 1.8.1 നായകടി ഏൽക്കുന്ന സമയത്ത് സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ

- മൃഗങ്ങളുടെ കടി, മാന്തൽ, പോറൽ എന്നിവ കാരണം ശരീരത്തിൽ മുറിവ് സംഭവിച്ചാൽ രക്ഷിതാക്കളെയോ അധ്യാപകരെയോ ഉടനടി വിവരം അറിയിക്കാൻ ആവശ്യപ്പെടുക.




- പേവിഷബാധ അതീവ മാരകമായ രോഗമായതിനാൽ രോഗ പ്രതിരോധത്തെക്കുറിച്ചും കടിയേറ്റാൽ ഉടൻ സ്വീകരിക്കേണ്ട പ്രഥമശുശ്രൂഷയെക്കുറിച്ചും, റാബീസ് വാക്സിനേഷനെക്കുറിച്ചുമുള്ള അറിവ് രോഗപ്രതിരോധത്തിൽ അത്യന്തം പ്രാധാന്യമർഹിക്കുന്നു.
- സോപ്പ് ഉപയോഗിച്ച്, കടിയേറ്റ ഭാഗം ഒഴുകുന്ന വെള്ളത്തിൽ 15 മിനിട്ട് നന്നായി കഴുകുക. പൈപ്പിൽ നിന്ന് വെള്ളം തുറന്ന് വിട്ട് കഴുകുന്നതാണ് ഉത്തമം. മുറിവ് വൃത്തിയാക്കുന്ന വ്യക്തി നിർബന്ധമായും കൈയ്യുറ ധരിച്ചിരിക്കണം. സ്കൂളിൽ സൂക്ഷിച്ചിരിക്കുന്ന പ്രഥമശുശ്രൂഷ കിറ്റിൽ കൈയ്യുറ നിർബന്ധമായും കരുതിയിരിക്കണം. ഇങ്ങനെ സോപ്പുപയോഗിച്ച് കഴുകിയാൽ 70 ശതമാനം അണുക്കളും ഇല്ലാതാകുന്നു.
- കടിയേറ്റ ഭാഗത്ത് ഉപ്പ്, മഞ്ഞൾ, മുളകുപൊടി പോലെയുള്ള പദാർത്ഥങ്ങൾ ഒരു കാരണവശാലും പുരട്ടരുത്.
- കഴുകി വൃത്തിയാക്കിയ ശേഷം ബീറ്റാഡിൻ, അയഡിൻ സൊലൂഷൻ എന്നിങ്ങനെയുള്ള ഏതെങ്കിലും അണുനാശിനികൾ ലഭ്യമാണെങ്കിൽ അതുപയോഗിച്ചും മുറിവ് വൃത്തിയാക്കാം.
- മുറിവ് അമർത്തിക്കഴുകുകയോ കെട്ടിവയ്ക്കുകയോ ചെയ്യരുത്.
- മുറിവ് കഴുകി വൃത്തിയാക്കിയതിന് ശേഷം ആശുപത്രിയിൽ പോയി പ്രതിരോധ കുത്തിവെപ്പുകൾ എടുക്കേണ്ടതാണ്.
- പേവിഷബാധക്ക് ഫലപ്രദമായ ചികിത്സ ഇല്ലാത്തതിനാൽ കടിയോ മാന്തലോ, പോറലോ ഉമിനീരുമായി സമ്പർക്കമോ ഏറ്റാൽ കുത്തിവെപ്പ് എടുക്കേണ്ടത് അനിവാര്യമാണ്. പേവിഷബാധയ്ക്കെതിരെ തൊലിപ്പുറത്തുള്ള കുത്തിവെപ്പ് (Intra-Dermal Rabies Vaccination) ആണ് എടുക്കുന്നത്.

- 0, 3, 7 & 28 ദിവസങ്ങളിൽ ആണ് IDRV എടുക്കേണ്ടത്. IDRV എല്ലാ സർക്കാർ സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും, താലൂക്ക്, ജനറൽ, ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും സൗജന്യമായി ലഭ്യമാണ്.
- മുറിവിന്റെ സ്വഭാവമനുസരിച്ച് ഇമ്യൂണോ ഗ്ലോബുലിൻ കുത്തിവെപ്പ് നൽകേണ്ടതുണ്ട്. രക്തം പൊടിഞ്ഞ മുറിവുകൾ, മുറിവുള്ള തൊലിപ്പുറത്തെ നക്കൽ, ചുണ്ടിലോ വായിലോ നക്കൽ, വന്യമൃഗങ്ങളുടെ കടി, ഇവയ്ക്ക് IDRV പ്രതിരോധ കുത്തിവെപ്പ് കൂടാതെ റാബിസ് ഇമ്യൂണോ ഗ്ലോബുലിനും കൂടി (RIG) എടുക്കണം.
- കടിയേറ്റാൽ എത്രയും വേഗം ഇമ്യൂണോ ഗ്ലോബുലിൻ എടുക്കണം. ഇമ്യൂണോ ഗ്ലോബുലിൻ എല്ലാ ജില്ലകളിലും പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിൽ ലഭ്യമാണ്.
- ഓരോ പ്രദേശത്തും വാക്സിൻ, ഇമ്മ്യൂണോ ഗ്ലോബുലിൻ എന്നിവ ലഭ്യമാകുന്ന സ്ഥാപനങ്ങളുടെ പട്ടിക സ്ക്കൂളുകളിൽ ലഭ്യമാക്കേണ്ടതാണ്.
- ഡോക്ടർ നിർദേശിക്കുന്ന ദിവസങ്ങളിൽത്തന്നെ പ്രതിരോധകുത്തിവപ്പുകൾ നിർബന്ധമായും എടുക്കണം. ആദ്യ മൂന്ന് ഡോസുകൾ സമ്പർക്കം ഉണ്ടായി പത്ത് ദിവസത്തിനുള്ളിൽ തന്നെ എടുത്താൽ മാത്രമേ പൂർണ്ണ പ്രതിരോധശേഷി കൈവരികയുള്ളു.
- പൂർണമായി വാക്സിൻ എടുത്ത ആളുകൾക്ക് വാക്സിൻ ഷെഡ്യൂൾ പൂർത്തിയായി മൂന്ന് മാസത്തിനുള്ളിൽ സമ്പർക്കം ഉണ്ടാകുന്നുണ്ടെങ്കിൽ വാക്സിൻ വീണ്ടും എടുക്കേണ്ടതില്ല. മൂന്ന് മാസം കഴിഞ്ഞാണെങ്കിൽ, രണ്ട് ഡോസ് വാക്സിൻ എടുക്കണം. വാക്സിൻഷെഡ്യൂൾ പൂർത്തീകരിച്ചവർക്ക് പിന്നീട് ഇമ്മ്യൂണോ ഗ്ളോബുലിൻ എടുക്കേണ്ട ആവശ്യമില്ല.
- മൃഗങ്ങളെ തൊടുക, ഭക്ഷണം കൊടുക്കുക, മുറിവുകൾ ഇല്ലാത്ത തൊലിപ്പുറത്ത് നക്കുക. ഇവയ്ക്ക് കുത്തിവെപ്പ് നൽകേണ്ടതില്ല. സോപ്പും ധാരാളം വെള്ളവുമുപയോഗിച്ച് കഴുകുക.
- നായകളോ മറ്റേതെങ്കിലും മൃഗങ്ങളോ കടിച്ചാൽ മുറിവ് സാരമുള്ളതല്ലെങ്കിൽ കൂടി നിസാരമായി കാണരുത്.
- കുത്തിവെപ്പ് എടുക്കുമ്പോൾ ലഭിക്കുന്ന രേഖകളോ വാക്സിൻ കാർഡോ സൂക്ഷിച്ചുവെക്കേണ്ടതാണെന്നുള്ള വിവരം ഓർമ്മപ്പെടുത്തുക.

അധ്യായം 2

# അഗ്നിസുരക്ഷ (Fire & Safety)

നമ്മുടെ വിദ്യാലയങ്ങളിൽ അനവധി ഇലക്ട്രിക് ഉപകരണങ്ങൾ ഇലക്ട്രോണിക് ഉപകരണങ്ങളും ഉപയോഗിക്കുന്നുണ്ട്. ഉയർന്ന വൈദ്യുതോപഭോഗം വരുന്ന ഇത്തരം ഉപകരണങ്ങളുടെ തുടർച്ചയായ ഉപയോഗം മൂലം പഴകിയതോ മതിയായ വൈദ്യുതരോധനം (Insulation) ഇല്ലാത്തതോ ഗുണനിലവാരം കുറഞ്ഞതോ ആയ വയറിങ് മൂലം ഷോർട്ട് സർക്യൂട്ടിനും അഗ്നിബാധയ്ക്കും സാധ്യതയുണ്ട്. നിത്യവും പ്രവർത്തിക്കുന്ന പാചകപ്പുരകളും അതീവ ശ്രദ്ധയോടെ ഉപയോഗിച്ചില്ലെങ്കിൽ തീപിടിത്തത്തിന് കാരണമാകും.

സ്കൂൾ ലബോറട്ടറികളിലെ ചില പരീക്ഷണങ്ങളും അശ്രദ്ധമൂലം അഗ്നിബാധയ്ക്ക് കാരണമാകാം. ഇതുമൂലം ഉണ്ടാകാനിടയുള്ള ജീവഹാനിയും സാമ്പത്തികനഷ്ടവും മുന്നിൽക്കണ്ട് എല്ലാ വിദ്യാലയങ്ങളിലും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതും യഥാസമയം അഗ്നിസുരക്ഷാഓഡിറ്റ് നടത്തേണ്ടതുമാണ്. അഗ്നിബാധയുണ്ടാകാനിടയുള്ള സാഹചര്യങ്ങൾ പരമാവധി ഒഴിവാക്കുകയും സ്കൂൾ കെട്ടിടങ്ങളും ഉപകരണങ്ങളും സുരക്ഷിതമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നുറപ്പാക്കേണ്ടതും സ്കൂൾ അധികാരികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഉത്തരവാദിത്തമാണ്.

## 2.1 അഗ്നി ത്രികോണം (The Fire Triangle)

മിക്ക സന്ദർഭങ്ങളിലും തീപിടിത്തങ്ങൾക്ക് കാരണമാകുന്ന ഘടകങ്ങൾ ഏതൊക്കെയെന്ന് മനസ്സിലാക്കുന്നതിനുള്ള ഒരു ലളിതമായ മാതൃകയാണ് അഗ്നി ത്രികോണം. ഇതിന് മൂന്ന് പ്രധാന ഘടകങ്ങളുണ്ട്.




1) ചൂട് (Heat) : ഒരു വസ്തുവിന്റെ താപനില അതിനെ തീപിടിക്കുന്ന താപനിലയിലേക്ക് (ജ്വലനബിന്ദു) ഉയർത്തുന്നതിനാവശ്യമായ ഊർജ്ജമാണ് ചൂട്.

2) ഓക്സിജൻ : തീപിടിത്തമുണ്ടാകുമ്പോൾ നടക്കുന്ന രാസപ്രക്രിയകൾക്ക് സഹായകമാകുന്ന ഘടകമാണ് ഓക്സിജൻ. ജ്വലനം നടക്കുന്നതിന് കുറഞ്ഞത് 16% ഓക്സിജൻ ആവശ്യമാണ്.

3) ഇന്ധനം : മരം, തുണി, പെട്രോൾ, പേപ്പർ തുടങ്ങി ജ്വലനശേഷി കൂടുതലുള്ള ഏതു വസ്തുവും ഇന്ധനമാണ്.

**ചൂട്, ഓക്സിജൻ, ഇന്ധനം എന്നീ മൂന്ന് ഘടകങ്ങളിൽ ഏതെങ്കിലും ഒന്ന് നീക്കം ചെയ്താൽ തീ അണയ്ക്കാൻ കഴിയും.**

## 2.2 വിവിധതരം തീപിടിത്തങ്ങളും അവയുടെ തീവ്രതയും (Types of Fire & Severity)

| തീപിടിത്തം | വിശദാംശം | നാശനഷ്ട സാധ്യത | തീ അണയ്ക്കുന്ന രീതി |
|---|---|---|---|
| ക്ലാസ്സ് - A | മരം, തടി, പേപ്പർ, തുണി തുടങ്ങിയ ഖരപദാർത്ഥങ്ങൾ | വലിയ നാശനഷ്ടങ്ങൾ ഉണ്ടാകാം. എന്നാൽ ദ്രാവകപദാർത്ഥങ്ങളോ വാതകപദാർത്ഥങ്ങളോ മൂലമുണ്ടാകുന്ന തീപിടിത്തങ്ങളെ അപേക്ഷിച്ച് ഇവ സാധാരണയായി മന്ദഗതിയിലാണ് പടരുന്നത് | വെള്ളം ഉപയോഗിച്ച് എളുപ്പത്തിൽ തീയണയ്ക്കാൻ കഴിയും. |
| ക്ലാസ്സ് - B | പെട്രോൾ, എണ്ണ പോലുള്ള ജ്വലനക്ഷമത കൂടുതലുള്ള ദ്രാവകങ്ങൾ | • വളരെ അപകടകരമാണ്.<br>• വളരെ വേഗം പടരുന്നു.<br>• വലിയ നാശനഷ്ടങ്ങൾ | ഫോം അല്ലെങ്കിൽ ഡ്രൈ കെമിക്കൽ എക്സിറ്റിംഗ്വിഷറുകൾ ആവശ്യമാണ്.<br>(ഇന്ധനത്തിന്റെ സ്വഭാവമനുസരിച്ച് കൂടുതൽ സമയം ആവശ്യമായേക്കാം.) |
| ക്ലാസ്സ് - C | പ്രൊപെയ്ൻ, ബ്യൂട്ടേയ്ൻ പോലുള്ള വാതകങ്ങൾ | • വലിയ സ്ഫോടനമുണ്ടാക്കാൻ ശക്തിയുള്ളവ<br>• വലിയ നാശനഷ്ടങ്ങൾ | • ആദ്യം വാതകവിതരണം പൂർണമായും നിർത്തണം.<br>• പിന്നീട് കാർബൺ ഡൈ ഓക്സൈഡ്, ഡ്രൈ കെമിക്കൽ പൗഡർ എന്നിവ ഉപയോഗിച്ച് തീ അണയ്ക്കണം.<br>(നിയന്ത്രണവിധേയമാക്കുക വെല്ലുവിളി നിറഞ്ഞതാണ്.) |
| ക്ലാസ്സ് - D | ജ്വലനസ്വഭാവമുള്ള ലോഹങ്ങൾ | • അതീവ അപകടകരം<br>• ഗുരുതര പ്രത്യാഘാതങ്ങൾ | പ്രത്യേകം ഡ്രൈപൗഡർ- അഗ്നിശമന വസ്തുക്കൾ (Special Dry Powder agents) ഉപയോഗിച്ച് തീ അണയ്ക്കാം.<br>(ഇത് പലപ്പോഴും പ്രയാസകരവും കൂടുതൽ സമയം എടുക്കുന്നതുമാണ്.) |
| ക്ലാസ്സ് - K | പാചക എണ്ണകളും കൊഴുപ്പുകളും | • അടുക്കളകളിൽ സാധാരണം<br>• വളരെ വേഗത്തിൽ പടർന്ന് ഗുരുതരമായ നാശനഷ്ടങ്ങൾ | വെറ്റ് കെമിക്കൽ എക്സിറ്റിംഗ്വിഷറുകൾ ഉപയോഗിച്ച് തീയണയ്ക്കാം. എന്നാൽ, ഉയർന്ന താപനില കാരണം ഇവ നിയന്ത്രിക്കുന്നത് വളരെ വെല്ലുവിളി നിറഞ്ഞതാണ്. |

## 2.3 തീ അണയ്ക്കുന്നതിനുള്ള അടിസ്ഥാനതത്വങ്ങൾ



**1) തണുപ്പിക്കൽ (Cooling): ചൂട് നീക്കംചെയ്യൽ**

തീ ഉണ്ടാകാൻ നിദാനമായ ചൂട്/താപം കുറച്ച് താപനില താഴ്ത്തുന്ന പ്രക്രിയയാണ് തണുപ്പിക്കൽ.

**2) ഇന്ധനനിഷേധം (Starvation)**

കത്തിക്കൊണ്ടിരിക്കുന്ന വസ്തുക്കൾ (ഇന്ധനം) നീക്കം ചെയ്തുകൊണ്ട് ജ്വലനപ്രക്രിയ നിർത്തുന്ന രീതിയാണിത്.



**3) ഓക്സിജൻ നിഷേധം (Smothering)**

തീ കത്തുന്നതിനാവശ്യമായ ഓക്സിജൻ പൂർണ്ണമായോ ഭാഗികമായോ തടഞ്ഞ് തീ അണയ്ക്കുന്ന പ്രക്രിയ.

**4) ശൃംഖല - പ്രതികരണം തടയൽ (Inhibition of Chain Reaction)**

രാസപ്രതികരണം തടസ്സപ്പെടുത്തൽ. തീ പടരാൻ കാരണമാകുന്ന രാസപ്രതികരണത്തെ തടസ്സപ്പെടുത്തി തീ പടരുന്നത് നിർത്തുന്ന പ്രക്രിയയാണിത്.



## 2.4 വൈദ്യുത തീപിടിത്തങ്ങൾ മൂലമുള്ള അപകടങ്ങൾ (Electrical Fire Hazards)

വൈദ്യുത ഉപകരണങ്ങളിലോ വയറിങ്ങിലോ ഉള്ള തകരാറുകളാണ് വൈദ്യുത തീപിടിത്തങ്ങൾക്ക് കാരണം. ഇത്തരം തീപിടിത്തങ്ങളുടെ സാധാരണ കാരണങ്ങളും അവ ഒഴിവാക്കുന്നതിനുള്ള മുൻകരുതലുകളും താഴെ കൊടുക്കുന്നു.



- ഓവർലോഡഡ് സർക്യൂട്ടുകൾ (Overloaded Circuits)

  ഒരു ഔട്ട്‌ലെറ്റിൽ വളരെയധികം ഉപകരണങ്ങൾ പ്ലഗ് ചെയ്യുന്നത് ഒഴിവാക്കുക.

- തകരാറായ വയറിങ് (Faulty wiring)


  കേടായതോ തകരാറിലായതോ ആയ വയറിങ്ങുകൾ ഇടവേളകളിൽ പരിശോധിച്ച് മാറ്റി സ്ഥാപിക്കുക.

- വൈദ്യുതോപകരണങ്ങൾ (Electrical Appliances)

  ഉപയോഗത്തിലല്ലാത്ത സമയം വൈദ്യുതോപകരണങ്ങളുടെ വൈദ്യുതബന്ധം വിച്ഛേദിക്കുകയും അവ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

- വെള്ളവും വൈദ്യുതിയും (Water and Electricity )

  ഷോർട്ട്സർക്യൂട്ടുകൾ തടയാൻ വൈദ്യുതോപകരണങ്ങൾ വെള്ളത്തിൽ നിന്നും നനഞ്ഞ വസ്തുക്കളിൽ നിന്നും അകലം പാലിച്ച് സൂക്ഷിക്കുക.

## 2.5 തീപിടിത്തം തടയുന്നതിനുള്ള മുൻകരുതലുകൾ (Fire prevention tips)

സുരക്ഷിതമായിരിക്കാനുള്ള ഏറ്റവും നല്ല മാർഗം ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുക എന്നതാണ്.

**ചില നിർദേശങ്ങൾ**

- ഫയർ അലാറം സംവിധാനം സ്ഥാപിക്കുക (Install Fire Alarm Systems).

  കെട്ടിടങ്ങളുടെ എല്ലാ നിലയിലും ഫയർ അലാറം സംവിധാനം സ്ഥാപിച്ചിട്ടുണ്ടെന്നും അവ പതിവായി പരിശോധിച്ച് പ്രവർത്തനക്ഷമമാണെന്ന് ഉറപ്പാക്കുകയും ചെയ്യുക.

- തീ ഉപയോഗിക്കുമ്പോൾ ജാഗ്രത പാലിക്കുക (Be careful while dealing with fire).

  കത്തുന്ന വസ്തുക്കൾ, മെഴുകുതിരികൾ, സ്റ്റൗ എന്നിവ അശ്രദ്ധമായി ഉപയോഗിക്കരുത്.

- ജ്വലന സാധ്യതയുള്ള വസ്തുക്കൾ അകലം പാലിച്ച് സൂക്ഷിക്കുക. (Keep flammable materials away).

  പെട്ടെന്ന് കത്തുന്ന വസ്തുക്കൾ സുരക്ഷിതമായി താപസ്രോതസ്സുകളിൽ നിന്ന് അകലെ സൂക്ഷിക്കുക.

- ഒരു രക്ഷപ്പെടൽ പദ്ധതി ഉണ്ടാക്കുക (Create an escape plan).

  അടിയന്തരസാഹചര്യങ്ങളിൽ രക്ഷപ്പെടുന്നതിനുള്ള വ്യക്തമായ രക്ഷപ്പെടൽ-പദ്ധതി ഉണ്ടാക്കുകയും സ്കൂളിലും/വീട്ടിലും ഇക്കാര്യത്തിൽ മോക്ക്ഡ്രിൽ രീതിയിൽ പരിശീലിക്കുകയും ചെയ്യുക.

## 2.6 തീപിടിത്തം ഉണ്ടായാൽ എന്ത് ചെയ്യണം? (What should be done when there is a fire outbreak?)

തീപിടിത്തം ഉണ്ടായാൽ ഈ ഘട്ടങ്ങൾ ഓർക്കുക:

- സംയമനം പാലിക്കുക (Stay calm)

  വ്യക്തമായി ചിന്തിക്കുന്നതിനുവേണ്ടി സംയമനം പാലിക്കുക.

- മറ്റുള്ളവരെ ജാഗ്രതപ്പെടുത്തുക (Alert others)

  'തീ' എന്ന് ഉറക്കെ വിളിച്ചുപറയുകയും അടുത്തുള്ള ഫയർ അലാറം പ്രവർത്തിപ്പിക്കുകയും ചെയ്യുക.

- ആളുകളെ ഒഴിപ്പിക്കുക (Evacuate)

  കെട്ടിടത്തിൽ നിന്നും എത്രയും വേഗം പുറത്തു കടക്കുക. ലിഫ്റ്റ് ഉപയോഗിക്കരുത്; പടികൾ ഉപയോഗിക്കുക.

- ഫയർ എക്സിറ്റുകളും അടയാളങ്ങളും ( Fire exit & signages)

  ഫയർ എക്സിറ്റുകളിലൂടെ രക്ഷപ്പെടുക. സുരക്ഷാചിഹ്നങ്ങളും അടയാളങ്ങളും പിന്തുടരുക. അടിയന്തരഘട്ടങ്ങളിൽ അവ സുരക്ഷയിലേക്ക് നയിക്കും.

- താഴ്ന്നിരിക്കുക (Stoop down)

  പുക ശ്വസിക്കുന്നത് ഒഴിവാക്കാൻ താഴേക്ക് കുനിഞ്ഞിരിക്കുക.

- നനഞ്ഞ തുണി ഉപയോഗിക്കുക ( Use wet clothes)

  പുകയുള്ള സ്ഥലത്ത്, പുക ശ്വസിക്കുന്നത് തടയാൻ ഒരു തുണിക്കഷണം മൂക്കിൽ വയ്ക്കുക.

- സഹായത്തിനായി വിളിക്കുക (Call helpline)

  പുറത്ത് എത്തിക്കഴിഞ്ഞാൽ തീപിടിത്തം റിപ്പോർട്ട് ചെയ്യാനുള്ള അടിയന്തര നമ്പറിൽ (101, 112,...പോലുള്ളവ) വിളിക്കുക.

## 2.7 അഗ്നിസുരക്ഷാ ഉപകരണങ്ങൾ/അഗ്നിശമന ഉപകരണങ്ങൾ (Equipment for fire fighting)

തീ അണയ്ക്കുന്നതിന് വിവിധ ഉപകരണങ്ങളും സജ്ജീകരണങ്ങളും നിലവിലുണ്ട്.

അഗ്നിശമന ഉപകരണങ്ങൾ (Fire Fighting Extinguishers)

വ്യത്യസ്ത ക്ലാസ് തീപിടിത്തങ്ങൾക്ക് വിവിധ തരം അഗ്നിശമന ഉപകരണങ്ങൾ നിലവിലുണ്ട്. പൊതുവായി ഉപയോഗിക്കാവുന്നവ :-

- ജലം ഉപയോഗിച്ച് തീ കെടുത്തുന്നവ (Water Extinguishers) - ക്ലാസ് A തീപിടിത്തങ്ങൾ ശമിപ്പിക്കാൻ ഫലപ്രദം
- ഫോം ഉപയോഗിച്ച് തീ കെടുത്തുന്നവ (Foam Extinguishers) - ക്ലാസ് B തീപിടിത്തങ്ങൾ കെടുത്തുന്നതിന് ഫലപ്രദം
- ഡ്രൈ കെമിക്കൽസ് ഉപയോഗിച്ച് തീ കെടുത്തുന്നവ (Dry Chemical Extinguishers) - ക്ലാസ് A, ക്ലാസ് B, ക്ലാസ് C തീപിടിത്തങ്ങൾ ശമിപ്പിക്കാൻ ഫലപ്രദം
- കാർബൺഡൈഓക്സൈഡ് ഉപയോഗിച്ച് തീ കെടുത്തുന്നവ ( $CO_2$ Extinguishers) - ക്ലാസ് B, ക്ലാസ് C തീപിടിത്തങ്ങൾ കെടുത്തുന്നതിന് അനുയോജ്യം.
- വെറ്റ് കെമിക്കലുകൾ ഉപയോഗിച്ച് തീ കെടുത്തുന്നവ (Wet Chemical Extinguishers) പ്രത്യേകിച്ച് ക്ലാസ് K തീപിടിത്തങ്ങൾ ശമിപ്പിക്കാൻ ഉപയോഗിക്കാവുന്നത്.
- ഫയർ ബ്ലാങ്കറ്റുകൾ (Fire Blankets) മൂടുക വഴി ചെറിയ തീപിടിത്തങ്ങൾ അണയ്ക്കുന്നതിനും വസ്ത്രങ്ങളിൽ തീ പിടിച്ച ഒരാളെ പൊതിഞ്ഞു സംരക്ഷിക്കുന്നതിനും ഉപയോഗപ്രദമാണ്.
- ഫയർ ഹോസുകളും സ്പ്രിംഗ്ളറുകളും (Fire Hoses and Sprinklers) വലിയ തോതിലുള്ള തീപിടിത്തം നിയന്ത്രിക്കുന്നതിനായി കെട്ടിടങ്ങളിലും മറ്റും ഉപയോഗിക്കുന്നു.

**എല്ലാ വിദ്യാലയങ്ങളിലും ഫയർ എക്സ്റ്റിംഗ്വിഷറുകൾ ലഭ്യമാണല്ലോ. മോക് ഡ്രിൽ വേളയിൽ ഇവ പ്രവർത്തിപ്പിച്ച് മുതിർന്ന കുട്ടികൾക്കും അധ്യാപകർക്കും ജീവനക്കാർക്കും ഇവ ഉപയോഗിക്കുന്ന വിധം പരിചയപ്പെടുത്തേണ്ടതും എക്സ്റ്റിംഗ്വിഷറുകൾ റീ-ഫിൽ ചെയ്ത് സൂക്ഷിക്കേണ്ടതും ആണ്.**

## 2.8 അഗ്നിസുരക്ഷയെക്കുറിച്ചുള്ള വസ്തുതകളും നുറുങ്ങുകളും (Facts and Tips on Fire Safety)

**1. പ്രധാന വസ്തുതകൾ**

- പുക ശ്വസിക്കൽ : തീപിടിത്തം മൂലമുണ്ടാകുന്ന മരണങ്ങളിൽ ഭൂരിഭാഗവും പൊള്ളലേറ്റുള്ളതിനേക്കാൾ പുക ശ്വസിച്ചാണ് സംഭവിക്കുന്നത്.
- സിന്തറ്റിക് വസ്തുക്കൾ : മരം പോലെയുള്ള പ്രകൃതിദത്തവസ്തുക്കളേക്കാൾ തീ പിടിക്കാനും വിഷപ്പുക ഉത്പ്പാദിപ്പിക്കാനും ഇവയ്ക്ക് സാധ്യത കൂടുതലാണ്.
- വൈദ്യുത-അപകടങ്ങൾ : സ്ഥിതി വിവരക്കണക്കുകൾ പ്രകാരം മിക്ക തീപിടിത്തങ്ങളും സംഭവിക്കുന്നത് തകരാറുള്ള ഉപകരണങ്ങൾ, വൈദ്യുത ലോഡ് അസന്തുലിതാവസ്ഥ, ഓവർലോഡിംഗ് (overloading) തുടങ്ങിയ പ്രശ്നങ്ങൾ മൂലമാണ്.
- തീയും പുകയും വ്യാപിക്കുന്നത് : തീയും പുകയും മുകളിലേക്ക് പടരുന്നു. അതുകൊണ്ട് ഒഴിപ്പിക്കൽ സമയത്ത് താഴ്ന്ന നിലയിൽ തുടരേണ്ടത് നിർണായകമാണ്.

**2. ഗ്യാസ്ചോർച്ച ഒഴിവാക്കാനുള്ള നുറുങ്ങുകൾ - Tips for Gas leakage**

- വെന്റിലേറ്റ് ചെയ്യുക- ജനലുകളും വാതിലുകളും തുറക്കുക; ലീക്ക് ആയ ഗ്യാസ് പുറത്തേക്ക് പോകും.
- തീ ഉപയോഗിക്കുന്ന സാഹചര്യം ഒഴിവാക്കുക - തീപ്പെട്ടികൾ, ലൈറ്ററുകൾ എന്നിവ ഉപയോഗിക്കരുത്. വൈദ്യുത സ്വിച്ചുകൾ ഉപയോഗിക്കരുത്(ഓണാക്കുകയോ ഓഫാക്കുകയോ ചെയ്യരുത്). ഇവ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന വളരെ ചെറിയ തീപ്പൊരി പോലും തീപിടിത്തം ഉണ്ടാകാൻ കാരണമാകും.
- ഗ്യാസ് റെഗുലേറ്റർ ഓഫ് ആക്കുക - സുരക്ഷിതമെങ്കിൽ പ്രധാന ഗ്യാസ് വാൽവ് ഓഫ് ചെയ്യുക.
- സംഭവസ്ഥലത്തുനിന്നും ഒഴിഞ്ഞുമാറുക - അടിയന്തര സാഹചര്യങ്ങളിൽ ബന്ധപ്പെടാനുള്ള എമർജൻസി നമ്പറുകളിലേക്ക് സഹായത്തിനായി വിളിക്കുക.

**3. വൈദ്യുത വ്യതിയാനങ്ങൾ (Electric Fluctuations)**

മെയിൻ സർക്യൂട്ട് ബ്രേക്കർ (MCB) ഓഫ് ചെയ്യുക. വൈദ്യുതോപകരണങ്ങളുടെ സുരക്ഷയ്ക്കും തീപിടിത്ത സാധ്യതകൾ കുറയ്ക്കുന്നതിനും ഇത് സഹായകമാകും.

**4. പൊള്ളൽ കൈകാര്യം ചെയ്യൽ**

- ഉപരിതല പൊള്ളൽ : പൊള്ളലേറ്റ ഭാഗത്ത് കുറഞ്ഞത് 10 മിനിറ്റ് എങ്കിലും തണുത്ത വെള്ളം ഒഴിക്കുക. ഐസ് വയ്ക്കരുത്.

- **ഗുരുതരമായ പൊള്ളലുകൾ :** അടിയന്തര വൈദ്യസഹായം തേടുക. വൈദ്യസഹായം ലഭ്യമാകും വരെ പൊള്ളലേറ്റ ഭാഗം വൃത്തിയുള്ളതും തണുത്തതും നനഞ്ഞതുമായ തുണികൊണ്ട് മൂടുക.

**5. വസ്ത്രങ്ങളിൽ തീപിടിച്ചാൽ**

- **വസ്ത്രങ്ങളിൽ തീപിടിച്ചാൽ :** ഓട്ടം നിർത്തുക, നിലത്തു കിടക്കുക, തീ കെടുത്തുന്നതിനായി ഉരുളുക (Stop, Drop, Roll).




- **ഫയർ ബ്ലാങ്കറ്റ് ഉപയോഗിക്കുക :** ലഭ്യമെങ്കിൽ ഫയർ ബ്ലാങ്കറ്റ് ഉപയോഗിച്ച് തീ കെടുത്തുക. ഫയർ ബ്ലാങ്കറ്റ് ലഭ്യമല്ലെങ്കിൽ ആ വ്യക്തിയെ സിന്തറ്റിക് അല്ലാത്ത നനഞ്ഞ തുണിയോ നനഞ്ഞ ചണച്ചാക്കോ ഉപയോഗിച്ച് മൂടുക. തീ അണയ്ക്കാൻ ഇത് സഹായിക്കും.

**6. ഉത്സവകാല സുരക്ഷ**

ദീപാവലിപോലുള്ള ഉത്സവകാലങ്ങളിൽ സിന്തറ്റിക് വസ്ത്രങ്ങൾ ഒഴിവാക്കുക. ഇവ എളുപ്പത്തിൽ തീപിടിക്കാനും ശരീരത്തിൽ ഉരുകി ഒട്ടിപ്പിടിക്കാനും ഗുരുതര പൊള്ളലുകൾ ഉണ്ടാകാനും സാധ്യതയുണ്ട്.

**7. നല്ല പൗരനായി പ്രവർത്തിക്കുക**

- ജ്വലനസ്രോതസ്സ് ആകാൻ സാധ്യതയുള്ള ഇടങ്ങളിൽ കത്താൻ സാധ്യതയുള്ള വസ്തുക്കൾ സൂക്ഷിക്കരുത്.
- അഗ്നിശമനവാഹനങ്ങൾക്കും ആംബുലൻസുകൾക്കും എല്ലായ്പ്പോഴും വഴി നൽകുക.

## രസകരമായ 2 വസ്തുതകൾ

**ജ്വലനത്തിന് കുറഞ്ഞത് 16% ഓക്സിജൻ ആവശ്യമാണ്. സാധാരണ വായുവിൽ ഏകദേശം 21% ഓക്സിജൻ അടങ്ങിയിരിക്കുന്നു ഇത് ജ്വലനത്തെ പിന്തുണയ്ക്കുന്നു.**

**1723 ൽ കണ്ടുപിടിച്ച ആദ്യ അഗ്നിശമന ഉപകരണത്തിൽ വെള്ളം നിറച്ച ഒരു വീപ്പയും അത് പുറത്തേക്ക് തള്ളാൻ വെടിമരുന്ന് നിറച്ച ഒരു അറയുമാണ് ഉപയോഗിച്ചിരുന്നത്.**

### 2.9 ഉപസംഹാരം

അഗ്നിസുരക്ഷയെക്കുറിച്ച് ഏവരും മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്.

അഗ്നിത്രികോണത്തെക്കുറിച്ച് പഠിക്കുന്നതിലൂടെയും വൈദ്യുതതീപിടിത്ത അപകടങ്ങൾ തിരിച്ചറിയുന്നതിലൂടെയും തീപിടിത്തങ്ങളെ എങ്ങനെ തടയാം എന്നും പ്രതികരിക്കാം എന്നും അറിയുന്നതിലൂടെയും നമുക്ക് നമ്മെയും മറ്റുള്ളവരെയും സുരക്ഷിതമാക്കാൻ കഴിയും.

മേൽപ്പറഞ്ഞ സുരക്ഷാ നടപടികളിൽ ജാഗരൂകരാകുകയും നിരന്തരം ഇവ പരിശീലിക്കുകയും ചെയ്യുന്നതിലൂടെ പൗരബോധമുള്ള-ഉത്തരവാദിത്വബോധമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുവാൻ നമുക്ക് കഴിയും.






വിശദാംശങ്ങൾ : No. N2/260/2025 G.EDN, General Education (N) Section Dated 11/12/2025

അധ്യായം 3

# യാത്രാസുരക്ഷ

സുരക്ഷിതമായ യാത്ര ഓരോ കുട്ടിയുടെയും അവകാശമാണ്. ഇത് ഉറപ്പാക്കുന്നതിലൂടെ സ്വന്തം സുരക്ഷയും മറ്റ് യാത്രക്കാരുടെ സുരക്ഷയും ഉറപ്പു വരുത്താവുന്നതാണ്.

## 3.1 സ്കൂൾവാഹനങ്ങളുമായി ബന്ധപ്പെട്ട സുരക്ഷാനിർദേശങ്ങൾ

- സ്കൂൾബസുകളിൽ കയറ്റാവുന്ന കുട്ടികളുടെ എണ്ണം, വാഹനത്തിന്റെ ഫിറ്റ്നസ് മുതലായവ സംബന്ധിച്ച് മോട്ടോർവാഹന വകുപ്പ് നിഷ്ക്കർഷിച്ച മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. കൂടാതെ ഓട്ടോ, ടാക്സി, വാൻ, പ്രൈവറ്റ് ബസ് എന്നിവയിൽ സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചുള്ള യാത്ര ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ/ അസോസിയേഷനുമായി ബന്ധപ്പെട്ട് ചർച്ച നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- കുട്ടികളുടെ ബസ് യാത്രയിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്, കൃത്യമായ സ്റ്റോപ്പുകളിൽ കുട്ടികൾക്ക് ഇറങ്ങുന്നതിനും കയറുന്നതിനും ആവശ്യമായ സമയം നൽകുന്നുണ്ടെന്നും, ബസിന്റെ ഫുട്ബോഡിൽ നിന്ന് കുട്ടികൾ യാത്രചെയ്യുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.
- കുട്ടികൾ സഞ്ചരിക്കുന്ന വാഹനങ്ങളിലെ ജീവനക്കാരുടെ സ്വഭാവം വിലയിരുത്തി, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് ബന്ധപ്പെട്ട പോലീസ്സ്റ്റേഷൻ അധികാരികളുടെ സഹായം തേടേണ്ടതാണ്.
- സ്കൂൾകുട്ടികളുടെ യാത്രാസമയങ്ങളിൽ ചരക്ക് വാഹനങ്ങൾ ഉൾപ്പെടെയുള്ള ഹെവി വാഹനങ്ങളുടെ നിയന്ത്രണം ബന്ധപ്പെട്ട അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.

## 3.2 കാൽനട യാത്ര ചെയ്യുന്നവർ

- റോഡിന്റെ വലതുവശം ചേർന്ന് നടക്കണം.
- റോഡിൽ കൂട്ടം കൂടി നടക്കരുത്, നിൽക്കരുത്.
- റോഡ് മുറിച്ചുകടക്കുന്ന അവസരത്തിൽ റോഡിന്റെ ഇരുവശത്തു നിന്നും വാഹനങ്ങൾ വരുന്നില്ല എന്ന് ഉറപ്പ് വരുത്തണം.
- റോഡിൽ കളിക്കരുത്. റോഡ് മുറിച്ചു കടക്കുമ്പോൾ സീബ്രാ ക്രോസിംങ്ങുകൾ ഉപയോഗിക്കുക.
- ട്രാഫിക് പോലീസിന്റെ / ട്രാഫിക് വാർഡന്റെ നിർദേശങ്ങൾ പാലിക്കുക.
- റോഡിലെ ചിഹ്നങ്ങൾ, വരകൾ, ട്രാഫിക് ലൈറ്റുകൾ, സുരക്ഷിതമായ സ്ഥലം എന്നിവ മനസിലാക്കി റോഡ് മുറിച്ചുകടക്കുക.



- മഴസമയത്ത് റോഡിൽ യാത്ര ചെയ്യുമ്പോൾ പ്രത്യേക ശ്രദ്ധ വേണം.
- നടപ്പാതകളുള്ള റോഡുകളിൽ അവയിലൂടെ മാത്രം നടക്കുക.
- വാഹനങ്ങൾക്കുള്ള അടിപ്പാതകൾ, കാൽനടയാത്ര നിരോധിച്ചിട്ടുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിലൂടെ കാൽനടയാത്ര പാടില്ല.
- റെയിൽവേലൈൻ മുറിച്ചുകടക്കുമ്പോൾ അപകടസൂചനകൾ ശ്രദ്ധിക്കുക. അനുവദനീയമായ ഭാഗത്തുകൂടെ മാത്രം മുറിച്ചുകടക്കുക.

### 3.3 പൊതുഗതാഗതം ഉപയോഗിക്കുന്നവർ

- തിരക്കുള്ള വാഹനങ്ങളിൽ കഴിവതും യാത്ര ചെയ്യാതിരിക്കുക.
- വാഹനങ്ങളിൽ യാത്ര ചെയ്യുമ്പോൾ കൈയും തലയും പുറത്തിടരുത്.
- തുറന്ന വാഹനങ്ങളിൽ യാത്ര അരുത്.
- വാഹനം നിർത്തിയ ശേഷം മാത്രം കയറുകയും ഇറങ്ങുകയും ചെയ്യുക.

### 3.4 സ്കൂൾവാഹനം ഉപയോഗിക്കുന്നവർ

- വാഹനത്തിന്റെ സമയക്രമം രക്ഷിതാക്കളും കുട്ടികളും കൃത്യമായി പാലിക്കേണ്ടതാണ്.
- വാഹനം നിർത്തിയ ശേഷം മാത്രം കയറുകയും ഇറങ്ങുകയും ചെയ്യുക.
- വാഹനത്തിൽ അച്ചടക്കം പാലിക്കുക.
- വാഹനത്തിന്റെ ഡ്രൈവറുടേയും, സഹായിയുടേയും നിർദേശങ്ങൾ പാലിക്കുക.
- മോട്ടോർവാഹനവകുപ്പ് കാലാകാലങ്ങളിൽ ഏർപ്പെടുത്തുന്ന നിർദേശങ്ങൾ പാലിക്കുക.

### 3.5 സൈക്കിൾ ഉപയോഗിക്കുന്നവർ

- സൈക്കിൾ ഉപയോഗപ്രദമാണെന്നും തകരാറുകൾ ഇല്ലെന്നും ഉറപ്പാക്കണം.
- അമിത വേഗത പാടില്ല.

- മറ്റുവാഹനങ്ങളിൽ നിന്നും സുരക്ഷിതമായ അകലം പാലിച്ച് ഒറ്റവരിയായി സഞ്ചരിക്കുക
- റോഡ്നിയമങ്ങൾ പാലിച്ചുവേണം സൈക്കിൾയാത്ര ചെയ്യേണ്ടത്.
- അന്തരീക്ഷമലിനീകരണം കുറയ്ക്കൽ, പരിസ്ഥിതിസൗഹാർദം, കായിക-മാനസിക ക്ഷമത വർദ്ധിപ്പിക്കൽ എന്നിവ സൈക്കിൾ ഉപയോഗിക്കുന്നതു കൊണ്ടുള്ള നേട്ടങ്ങളാണ്.
- ഹെൽമറ്റ്, റിഫ്ളക്റ്റ് ജാക്കറ്റ് എന്നിവ ധരിക്കേണ്ടതാണ്.
- മുമ്പേ പോകുന്ന വാഹനങ്ങളുടെ സിഗ്നൽ ശ്രദ്ധിക്കുക.

## 3.6 രക്ഷിതാക്കൾ ഏർപ്പെടുത്തുന്ന മറ്റ് വാഹനങ്ങൾ

- വാഹനത്തിന്റെ ഫിറ്റ്നസ്, സുരക്ഷാസംവിധാനങ്ങൾ എന്നിവ ഉറപ്പുവരുത്തുക.
- ഡ്രൈവർക്ക് ലൈസൻസ് ഉണ്ടെന്നും, പോലീസ് ക്ലിയറൻസ് ഉണ്ടെന്നും ഉറപ്പു വരുത്തുക.
- ചെറിയ ക്ലാസിലെ കുട്ടികളെ രക്ഷിതാക്കൾ തന്നെ വാഹനത്തിൽ കയറ്റുന്നതിനും, തിരികെ ഇറക്കുന്നതിനും ശ്രദ്ധിക്കുക.
- വലിയവാഹനം ആണെങ്കിൽ ഡ്രൈവർക്കു പുറമേ ഒരു സഹായി കൂടി ഉണ്ടായിരിക്കണം.
- കുട്ടികളെ അവരവരുടെ വീടിന്റെ പരമാവധി സമീപത്ത് ഇറക്കുന്ന തരത്തിൽ വാഹനങ്ങൾ ക്രമപ്പെടുത്തുക.
- ഇത്തരം വാഹനങ്ങൾ സംബന്ധിച്ചും കുട്ടികളുടെ യാത്ര സംബന്ധിച്ചും അധ്യാപകർക്ക് ധാരണ ഉണ്ടായിരിക്കേണ്ടതാണ്.
- വാഹനങ്ങളുടെയും അതിലെ ജീവനക്കാരുടെയും അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തി ഒരു സ്കൂൾ രജിസ്റ്റർ സൂക്ഷിക്കുക.
- ഇരുചക്രവാഹനത്തിൽ ഹെൽമറ്റ് നിർബന്ധമായും ഉപയോഗിക്കുക.
- കുട്ടികളെ കുത്തിനിറച്ച് കൊണ്ടുപോകുന്ന വാഹനങ്ങൾ ഒഴിവാക്കുക.



### 3.7 ജലഗതാഗതം ഉപയോഗപ്പെടുത്തുന്നവർ

- ബോട്ടുകളിൽ ലൈഫ്ജാക്കറ്റ് ഉൾപ്പെടെയുള്ള ജീവൻ-രക്ഷാഉപകരണങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്തുക.
- കടത്ത് തോണി ഉപയോഗിക്കുന്നവർ മുതിർന്നവർക്കൊപ്പം യാത്ര ചെയ്യുക, വേണ്ടത്ര മുൻകരുതലുകൾ സ്വീകരിക്കുക.
- യാത്രാവേളയിൽ അച്ചടക്കം പാലിച്ചുകൊണ്ട് ജലഗതാഗതം ഉപയോഗപ്പെടുത്തുക.

### 3.8 വനമേഖലയിലെ കുട്ടികളുടെ യാത്ര

- വന്യജീവികളുടെ ആക്രമണങ്ങളിൽനിന്നുള്ള സുരക്ഷയ്ക്കായി രക്ഷിതാക്കളുടെയും വനപാലകരുടെയും സഹായം ഉണ്ടാവേണ്ടതാണ്.
- വനമേഖലയിൽ കുട്ടികൾ കഴിവതും ഒരുമിച്ച് യാത്രചെയ്യുന്നത് ഗുണകരമായിരിക്കും.
- യാത്രാ വഴികളിൽ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ സഹായത്തോടെ street light/ oslar light എന്നിവ സ്ഥാപിക്കുന്നത് ഉചിതമായിരിക്കും.
- വനപാലകരുടെ നിർദേശങ്ങൾ പാലിക്കുക.
- വനമേഖലയിലൂടെ കുട്ടികൾ ഒറ്റയ്ക്ക് യാത്ര ചെയ്യുന്നത് ഒഴിവാക്കുക.

### 3.9 കുട്ടികളുടെ വിനോദയാത്ര / പഠനയാത്ര

- കുട്ടികൾക്ക് വിജ്ഞാനപ്രദവും ഉല്ലാസകരവുമായ യാത്രകൾ ആസൂത്രണം ചെയ്യുക.
- രക്ഷിതാക്കൾ സമ്മതപത്രം, ഫോൺ നമ്പർ എന്നിവ സ്കൂൾ അധികാരികളെ ഏൽപ്പിക്കേണ്ടതാണ്.
- യാത്രചെയ്യുന്ന സ്ഥലത്തേക്കുള്ള റൂട്ട്മാപ്പ് രക്ഷാകർത്താക്കളും, സ്കൂൾ അധികാരികളും കൈവശം സൂക്ഷിക്കുക.
- അസുഖബാധിതരായ കുട്ടികളെ യാത്രയിൽ ഉൾപ്പെടുത്താതിരിക്കുക.
- കുട്ടികൾ ആവശ്യത്തിനു മാത്രം പണം കയ്യിൽ കരുതുക.
- രാത്രിയാത്ര ഒഴിവാക്കുക.
- ഫസ്റ്റ് എയ്ഡ് ബോക്സ് കരുതുക.
- താമസസ്ഥലത്തെ സുരക്ഷ ഉറപ്പു വരുത്തുക.
- പ്രതികൂല കാലാവസ്ഥയിൽ യാത്രകൾ ഒഴിവാക്കുക.
- ആവശ്യമായ അനുമതി അധികൃതരിൽ നിന്നും വാങ്ങുക.
- ആവശ്യത്തിന് എസ്കോർട്ടിംഗ് അധ്യാപകരെ ഉൾപ്പെടുത്തുക. ആവശ്യമെങ്കിൽ രക്ഷാകർതൃ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തുക. (31-12-2024 ൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്ന് പുറപ്പെടുവിച്ചിട്ടുള്ള എം4/23350/2024/ഡി.ജി.ഇ. എന്ന സർക്കുലർ കൂടി കാണുക)

### 3.10 ഭിന്നശേഷി കുട്ടികളുടെ യാത്ര

- കുട്ടികൾ സ്കൂളിലേക്ക് വരുമ്പോഴും തിരികെപ്പോകുമ്പോഴും രക്ഷിതാക്കൾ/സ്കൂൾ അധികാരികൾ എന്നിവരുടെ സഹായം ഉണ്ടാവേണ്ടതാണ്.

- കുട്ടികൾ പൊതുഗതാഗതം ഉപയോഗിക്കുമ്പോൾ വാഹനത്തിൽ കയറാനും ഇറങ്ങാനും ആവശ്യമായ സമയം അനുവദിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട താണ്.

## 3.11 പൊതു നിർദേശങ്ങൾ




- വാഹനങ്ങളുടെ ഫിറ്റ്നസ്, സുരക്ഷാ മാനദണ്ഡ ങ്ങൾ എന്നിവ ഉറപ്പു വരുത്തുക.
- ഡ്രൈവർക്ക് നിയമാനുസൃതമായ ഡ്രൈവിങ് ലൈ സൻസ്, പോലീസ് ക്ലിയറൻസ് എന്നിവ ഉണ്ടായി രിക്കണം.
- വാഹനങ്ങളുടെ പീരിയോഡിക്കൽ മെയിന്റനൻസ്, രജിസ്ട്രേഷൻ, ഇൻഷുറൻസ് എന്നിവ കാലാനു സൃതമായി പുതുക്കുന്നുണ്ടെന്ന് ഉറപ്പാക്കണം.
- അശ്രദ്ധമായി വാഹനത്തിന്റെ ഡോർ തുറക്കരുത്.
- യാത്രാവേളകളിൽ അച്ചടക്കം പാലിക്കുക.
- അപരിചിതർ നൽകുന്ന സാധനങ്ങൾ വാങ്ങുകയോ, അപരിചിതരായവരുടെ വാഹനങ്ങളിൽ കയറുക യോ ചെയ്യരുത്.
- സ്കൂൾ പരിസരത്തെ റോഡിൽ ആവശ്യമായ സൈൻബോർഡുകൾ, ഹംപ് എന്നിവ സ്ഥാപി ക്കുക. ക്രോസിംഗ് ഉള്ള ഇടങ്ങളിൽ വ്യക്തമായ സീബ്രാവരകൾ വരയ്ക്കുക.
- കൂടുതൽ കുട്ടികളുള്ള സ്കൂൾ ആണെങ്കിൽ രാവിലെയും വൈകുന്നേരവും റോഡിൽ പോലീ സ്/എസ്.പി.സി കേഡറ്റുകളുടെ സഹായം ലഭ്യമാക്കുക.
- റോഡിനിരുവശവും കൃത്യമായ അകലത്തിൽ സ്പീഡ് ബ്രേക്കർ/ഹമ്പുകൾ ഉണ്ടെന്നുള്ള കാ ര്യം ഉറപ്പുവരുത്തണം ഇല്ലെങ്കിൽ PWD/LSGD യുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണം നടത്തണം.
- റെയിൽ ക്രോസ്സിന് സമീപമുള്ള വിദ്യാലയങ്ങളിലെ കുട്ടികൾക്ക് അപകടരഹിതമായി ട്രാക്ക് മുറിച്ചുകടക്കുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പറുകൾ**
**ആംബുലൻസ്-108**
**പോലീസ് - 100**
**ഫയർ & സേഫ്റ്റി - 101**

അധ്യായം 4

# ഭക്ഷ്യസുരക്ഷ

## 4.1 സ്കൂൾ അധികൃതർക്കുള്ള നിർദേശങ്ങൾ

- ഓരോ അധ്യയനവർഷാരംഭത്തിലും പി.ടി.എ, എസ്.എം.സി എന്നിവയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടേയും, ആരോഗ്യവകുപ്പിന്റേയും സഹായത്തോടെയും സഹകരണത്തോടെയും സ്കൂളുകളിലെ വാട്ടർടാങ്കുകളും, കിണറുകളും വൃത്തിയാക്കുന്നതിനും, അണുവിമുക്തമാക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കണം.
- വാട്ടർടാങ്കുകൾ മാസത്തിലൊരിക്കൽ വൃത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കിണറുകൾ ആറ് മാസത്തിലൊരിക്കൽ ക്ലോറിനേറ്റ് ചെയ്യേണ്ടതും (4000 ലിറ്ററിന് 10 ഗ്രാം ബ്ലീച്ചിങ്ങ് പൗഡർ എന്ന അനുപാതത്തിൽ) വർഷത്തിലൊരിക്കൽ പൂർണ്ണമായി വൃത്തിയാക്കേണ്ടതുമാണ്. കുടിവെള്ള സ്രോതസ്സുകൾ നിർബന്ധമായും ശുചീകരിക്കേണ്ടതും അണുവിമുക്തമാക്കേണ്ടതുമാണ്. കുടിവെള്ള സാമ്പിൾ ലാബോറട്ടറി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.
- പാചകാവശ്യത്തിനായി സ്കൂൾപാചകപ്പുരയിൽ ഉപയോഗിക്കുന്നതും ഭക്ഷണം വിളമ്പി നൽകുവാൻ ഉപയോഗിക്കുന്നതുമായ പാത്രങ്ങളും അനുബന്ധ സാധന സാമഗ്രികളും ഡിറ്റർജന്റുകൾ, ചൂടുവെള്ളം ഇവ ഉപയോഗിച്ചു ശുചിയാക്കിയതിനു ശേഷം മാത്രമേ ഉപയോഗിക്കാവൂ എന്ന കർശനനിർദ്ദേശം പാചകത്തൊഴിലാളികൾക്ക് നൽകേണ്ടതാണ്.
- കുട്ടികൾക്ക് തിളപ്പിച്ചാറ്റിയ കുടിവെള്ളം ലഭ്യമാക്കുകയും സമയാസമയം കുട്ടികൾ വെള്ളം കുടിക്കുന്നു എന്ന് ഉറപ്പാക്കുകയും വേണം.
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെയോ സി.എസ്.ആർ ഫണ്ട് ഉപയോഗപ്പെടുത്തിയോ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നതിനും യഥാസമയങ്ങളിൽ വൃത്തിയാക്കുന്നതിനുമുള്ള സാധ്യത ആരായേണ്ടതാണ്.
- ഭക്ഷണ വിതരണ സമയത്ത് രക്ഷകർത്താക്കളുടെയും എസ്.എം.സി അംഗങ്ങളുടെയും സാന്നിധ്യം ഉറപ്പുവരുത്തുന്നതിനായി ഓരോ ദിവസവും സ്കൂളിൽ വരുന്ന രക്ഷകർത്താക്കളുടേയും എസ്.എം.സി അംഗങ്ങളുടേയും വിവരങ്ങൾ ഉൾപ്പെടുന്ന ഒരു 'Register' തയ്യാറാക്കി സ്കൂളിൽ സൂക്ഷിക്കണം. ഇതിന്റെ ചുമതല ഒരദ്ധ്യാപകന് നൽകേണ്ടതാണ്.
- കുട്ടികൾക്ക് ഭക്ഷണം ചെറുചൂടോടെ വിളമ്പി നൽകുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

- ഭക്ഷണം വിളമ്പി നൽകുന്ന ഘട്ടത്തിൽ, മാസ്ക്, കൈയ്യുറ, ഹെഡ് ക്യാപ്പ് എന്നിവ ധരിക്കുവാൻ പാചകത്തൊഴിലാളി, പി.ടി.എ/എസ്.എം.സി/മദർ പി.ടി.എ/സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റി അംഗങ്ങൾ എന്നിവർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

- ഭക്ഷണത്തിന് മുൻപും ശേഷവും വെള്ളം/സോപ്പ്/ഹാൻഡ്‌വാഷ് ഉപയോഗിച്ച് കൈ ശുചിയാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തണം.

- പാചകപ്പുരയ്ക്കും സ്റ്റോർമുറിക്കും അടച്ചുറപ്പുണ്ടായിരിക്കണം. ഉച്ചഭക്ഷണം പാചകം ചെയ്യുവാനുപയോഗിക്കുന്ന അരി, പലവ്യഞ്ജനം എന്നിവ കേടുവരാതെ സൂക്ഷിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തണം. തടി/സ്റ്റീൽ/ഇരുമ്പ് ഉപയോഗിച്ചുകൊണ്ട് തറയിൽ നിന്നും 8 മുതൽ 12 സെന്റീ മീറ്റർ വരെ ഉയരത്തിലുള്ള സ്റ്റാൻഡിൽ വേണം അരിച്ചാക്കുകൾ സൂക്ഷിക്കേണ്ടത്. വൃത്തിയുള്ളതും വായു കയറാത്തതും ജലാംശം ഇല്ലാത്തതുമായ അടച്ചുറപ്പുള്ള സംഭരണികളിൽ വേണം പലവ്യഞ്ജനങ്ങൾ സൂക്ഷിക്കേണ്ടത്. ഇവ ഷെൽഫുകളിലും റാക്കുകളിലുമാണ് സൂക്ഷിക്കുന്നതെങ്കിൽ ഭിത്തിയിൽ നിന്ന് ഒരടി അകലം ഉറപ്പാക്കേണ്ടതാണ്.

- ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി ലഭിക്കുന്ന അരിയുടെ ഗുണമേന്മ സംബന്ധിച്ച് പരാതി/ആക്ഷേപമുള്ള പക്ഷം ആയത് എത്രയും പെട്ടെന്ന് ബന്ധപ്പെട്ട മാവേലിസ്റ്റോർ/ഡിപ്പോഅധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി അരി മാറ്റി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

- സ്കൂളിലെ സ്റ്റോർ മുറിയിൽ സൂക്ഷിച്ചിരിക്കുന്ന അരി ഏതെങ്കിലും കാരണവശാൽ കേടാവുകയോ ഉപയോഗയോഗ്യമല്ലെന്ന് കാണുകയോ ചെയ്താൽ ടി വിവരം ഭക്ഷ്യ സുരക്ഷാവകുപ്പ് അധികൃതരേയോ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ആരോഗ്യവിഭാഗത്തേയോ ഉടൻ തന്നെ അറിയിക്കേണ്ടതും തുടർന്ന് ടി അധികൃതരുടെ രേഖാമൂലമുള്ള നിർദ്ദേശം സ്വീകരിച്ചുകൊണ്ട് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. കേടായ അരി നശിപ്പിക്കുവാനുള്ള നിർദേശമാണ് ലഭിക്കുന്നതെങ്കിൽ ടി വിവരം ഉപജില്ലാ വിദ്യാഭ്യാസ ആഫീസിനെ അറിയിക്കേണ്ടതാണ്. തീർത്തും സുരക്ഷിതമല്ലാത്ത അന്തരീക്ഷത്തിൽ സ്കൂളിൽ അരി സൂക്ഷിച്ചതുമൂലമാണ് കേടു വന്നിട്ടുള്ളതെങ്കിൽ അതിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകൻ/പ്രഥമാദ്ധ്യാപിക, ചാർജ്ജുള്ള അദ്ധ്യപകൻ/അദ്ധ്യാപിക എന്നിവർക്കായിരിക്കും.

- സ്റ്റോർ മുറിയിൽ അരിച്ചാക്കുകൾ ക്രമീകരിക്കുമ്പോൾ ആദ്യം വരുന്ന ധാന്യം ആദ്യം ഉപയോഗിക്കുക എന്ന 'ഫസ്റ്റ് ഇൻ ഫസ്റ്റ് ഔട്ട്' രീതി നടപ്പിലാകും വിധം വരിയും നിരയും ക്രമീകരിച്ച് അടുക്കണം. കാലപ്പഴക്കംകൊണ്ട് അരി കേടാകാതിരിക്കാൻ ഇതുമൂലം സാധിക്കുന്നതാണ്.

- പാചകാവശ്യത്തിനുള്ള അരി എടുത്തുകഴിഞ്ഞതിനുശേഷം അരിച്ചാക്കിന്റെ വായ്ഭാഗം നന്നായി മൂടിവയ്ക്കുവാനും അരിസംഭരണി ലഭ്യമായ സ്കൂളുകളിൽ, പൊട്ടിച്ച അരിച്ചാക്കിൽ നിന്നുള്ള അരി സംഭരണിയിലേക്ക് മാറ്റി അടച്ചുറപ്പോടെ സൂക്ഷിക്കുവാനും പാചകത്തൊഴിലാളിക്ക് നിർദ്ദേശം നൽകേണ്ടതും ഇത് നിരീക്ഷിക്കുവാൻ ഉച്ചഭക്ഷണ ചുമതലയുള്ള അധ്യാപകൻ/അധ്യാപികയ്ക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

- വായുസഞ്ചാരം ഉറപ്പാക്കുന്നതിനായി പാചകപ്പുരയിലും സ്റ്റോർമുറിയിലും മതിയായ വെന്റിലേഷൻ സൗകര്യം ഏർപ്പെടുത്തണം. ക്ഷുദ്രജീവികൾ പ്രവേശിക്കാത്തവിധം പാചകപ്പുരയുടെയും സ്റ്റോർമുറിയുടെയും വെന്റിലേഷനുകൾ വയർമെഷ് ഉപയോഗിച്ച് സംരക്ഷിക്കണം.



- പാചകപ്പുര, സ്റ്റോർ, പാചകപ്പുരയുടെ പരിസരം, പാത്രങ്ങൾ, ഡൈനിംഗ്ഹാൾ എന്നിവ വൃത്തിയോടും വെടിപ്പോടും പരിപാലിക്കപ്പെടുന്നുവെന്നും പാചകത്തൊഴിലാളി വ്യക്തിശുചിത്വം പാലിക്കുന്നുവെന്നും ഉറപ്പുവരുത്തണം.
- നിയമിക്കപ്പെടുന്ന പാചകത്തൊഴിലാളികൾക്ക് ഹെൽത്ത്കാർഡ് നിർബന്ധമാണ്. ആറ് മാസത്തിലൊരിക്കൽ പ്രാഥമിക ആരോഗ്യ കേന്ദ്രം (PHC), കമ്മ്യൂണിറ്റി ഹെൽത്ത്സെന്റർ (CHC) എന്നിവ മുഖാന്തിരം ആരോഗ്യ പരിശോധന നടത്തി ഹെൽത്ത്കാർഡ് പുതുക്കേണ്ടതാണ്.
- കുട്ടികൾക്കായുള്ള ഭക്ഷണസാധനങ്ങൾ പാചകം ചെയ്യുന്നത് ശുചിത്വമുള്ള അടുക്കളയിലാണെന്നും, പാചകത്തൊഴിലാളികൾ വൃത്തിയോടും വെടിപ്പോടും കൂടിയാണ് ഭക്ഷണം പാകംചെയ്യുന്നതെന്നും ഉറപ്പ് വരുത്തേണ്ടതാണ്. തയ്യാറാക്കിയ ഉച്ചഭക്ഷണം, കുട്ടികൾക്ക് നൽകുന്നതിന് മുൻപായി, ചുമതലയുള്ള അധ്യാപകൻ/അധ്യാപിക, എസ്.എം.സി അംഗങ്ങൾ എന്നിവർ രുചിച്ച് നോക്കി അഭിപ്രായം ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- ഭക്ഷണം പാചകം ചെയ്യുമ്പോഴും വിതരണം ചെയ്യുമ്പോഴും ഏപ്രൺ, ഹാൻഡ്ഗ്ലൗസ്, ഹെഡ്ക്യാപ്പ് എന്നിവ ധരിക്കണമെന്ന് പാചകത്തൊഴിലാളികൾക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്.
- ഉച്ചഭക്ഷണത്തിനുള്ള ഭക്ഷ്യധാന്യങ്ങൾ മാത്രമേ സ്റ്റോർ റൂമിൽ സൂക്ഷിക്കുവാൻ പാടുള്ളൂ.
- പ്രഭാതഭക്ഷണപദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്കൂളുകളിൽ പദ്ധതിക്കുള്ള ഭക്ഷ്യ ധാന്യങ്ങളും, സ്പെഷ്യൽ അരിയും പ്രത്യേകമായി സൂക്ഷിക്കേണ്ടതാണ്.
- പാചകപ്പുരയിൽ നിന്നുള്ള മലിനജലം പുറത്തേക്ക് ഒഴുക്കിക്കളയുന്നതിന് മേൽമൂടിയുള്ള ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. പാചകപ്പുരയിൽ നിന്നും കുട്ടികൾ ഭക്ഷണം കഴിക്കുന്ന സ്ഥലത്ത്നിന്നും ഒരു നിശ്ചിത ദൂരപരിധിയിൽ സ്ഥാപിച്ചിട്ടുള്ള വേസ്റ്റ് ബിന്നുകളിലോ, വേസ്റ്റ് ഡിസ്പോസൽ കുഴികളിലോ മാത്രം ഭക്ഷണാവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിനും മാലിന്യപ്രശ്നങ്ങൾ ഉണ്ടാകാതെ അവ മികച്ച രീതിയിൽ സംസ്ക്കരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ/ക്രമീകരണങ്ങൾ ഉച്ചഭക്ഷണ കമ്മിറ്റി, പി.ടി.എ., എസ്.എം.സി., തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെയും സഹകരണത്തോടെയും ഏർപ്പെടുത്തേണ്ടതാണ്.

- സ്കൂളിനു സമീപമുള്ള പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത്സെന്റർ, താലൂക്ക് ആശുപത്രി, ഫുഡ്സേഫ്റ്റി ഓഫീസ്, ഫയർ & റസ്ക്യൂ സർവ്വീസസ് ആഫീസ്, ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ ഉച്ചഭക്ഷണപരാതി പരിഹാര സെല്ലിന്റെ ഫോൺ നമ്പർ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഉച്ചഭക്ഷണ വിഭാഗത്തിലെ ഫോൺ നമ്പർ, ഇ-മെയിൽ, വിലാസം എന്നിവ വ്യക്തമായി കാണത്തക്ക വിധത്തിൽ സ്കൂൾ ആഫീസിന്റെ പുറംചുവരിലോ, ആഫീസിനു പുറത്ത് സ്ഥാപിച്ചിട്ടുള്ള ബോർഡിലോ സ്ഥിരമായി എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.
- കുട്ടികൾ കഴിക്കുന്ന ഭക്ഷണത്തിന്റെ ശുചിത്വം ആരംഭിക്കുന്നതുതന്നെ ശരിയായ രീതിയിലുള്ള കൈ കഴുകലിലൂടെയാണ്. സോപ്പും വെള്ളവും ഉപയോഗിച്ച് കൈവിരലുകളും കൈപ്പത്തികൾക്കുള്ളിലും ഭംഗിയായി കഴുകി സൂഷ്മാണുക്കളെ നിർവ്വീര്യമാക്കിയും നശിപ്പിച്ചും കൈ ശുചിയാക്കിയശേഷം മാത്രം ഭക്ഷണം കഴിക്കാനാരംഭിക്കുക. ഈ പ്രവൃത്തി ഓരോ കുട്ടിയും ചെയ്യുന്നുണ്ട് എന്ന് അധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്. ഓരോവർഷവും ഒക്ടോബർ 15 ന് കൈകഴുകൽദിനം സ്കൂളുകളിൽ സമുചിതമായി നടപ്പിലാക്കണം.
- 'രുചി രജിസ്റ്റർ' സൂക്ഷിക്കുകയും നിർദേശങ്ങൾ രേഖപ്പെടുത്തുകയും വേണം.

## 4.2 കൈ കഴുകാനുള്ള 8 ശരിയായ വഴികൾ




- സ്കൂൾ പ്രഭാതഭക്ഷണം/ഉച്ചഭക്ഷണം കഴിച്ചതിനെ തുടർന്ന് കുട്ടികൾക്ക് എന്തെങ്കിലും ശാരീരിക അസ്വസ്ഥത ഉണ്ടായാൽ അടിയന്തരമായി ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഉടൻതന്നെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവരെ ഫോൺ/ഇ-മെയിൽ മുഖേന അറിയിക്കേണ്ടതുമാണ്. സംഭവം നടന്ന ദിവസത്തെ ആഹാരപദാർത്ഥം ഏതെങ്കിലും അംഗീകൃത ലാബിൽ പരിശോധനക്ക് നൽകേണ്ടതും ടെസ്റ്റ് റിപ്പോർട്ട് ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്കും, വിദ്യാഭ്യാസ ഉപഡയറക്ടർക്കും സമർപ്പിക്കേണ്ടതുമാണ്. ടെസ്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
- വൃത്തിയും വെടിപ്പുമില്ലാത്ത സാഹചര്യത്തിൽ ഭക്ഷണം പാചകംചെയ്യുന്നതും അത് കുട്ടികൾക്ക് നൽകുന്നതും ശിക്ഷാർഹമായ പ്രവൃത്തിയാണ്. ശുചിത്വമില്ലായ്മ മൂലം കുട്ടികൾക്കുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റി, പ്രഥമാദ്ധ്യാപകൻ, ഉച്ചഭക്ഷണത്തിന്റെ ചുമതലയുള്ള അധ്യാപകർ, പാചകത്തൊഴിലാളി എന്നിവർ ഉത്തരവാദികളായിരിക്കും.

അധ്യായം 5

# ആരോഗ്യസുരക്ഷ

ആരോഗ്യമെന്നത് രോഗമില്ലാത്ത അവസ്ഥയെന്നതുമാത്രമല്ല ശാരീരിക, മാനസിക, വൈകാരിക, സാമൂഹിക അവസ്ഥയുടെ പൂർണ്ണമായ വളർച്ചയും വികാസവും കൂടിയാണ്. ഒരു കുട്ടിയുടെ ആരോഗ്യത്തെ നിർവചിക്കുന്ന ശാരീരിക-മാനസിക ഘടകങ്ങൾ പരസ്പര പൂരകങ്ങളാണ്. ശാരീരിക-മാനസിക ആരോഗ്യമുള്ള ഒരു കുട്ടിക്ക് വൈകാരികമായും വൈജ്ഞാനികമായും വികസിക്കാനും പ്രതിസന്ധികളെ നേരിടാനും ഫലപ്രദമായ സാമൂഹിക ബന്ധങ്ങൾ രൂപീകരിക്കാനും കഴിയും. വീട്, സ്കൂൾ, സമൂഹം, സാമൂഹ്യചുറ്റുപാടുകൾ, എന്നിവ ശാരീരിക-മാനസിക അവസ്ഥയെ ഏറെ സ്വാധീനിക്കുന്നു. ആയതിനാൽ പഠനത്തോടൊപ്പം നല്ല മനോഭാവം വളർത്തിയെടുക്കുന്നതിനും നല്ല ആരോഗ്യശീലങ്ങൾ പകർന്നു നൽകുന്നതിനും സ്കൂളുകൾക്ക് ഉത്തരവാദിത്തമുണ്ട്.

- അധ്യാപകർ ഓരോ കുട്ടിയുടെയും സാമൂഹിക-വൈജ്ഞാനിക നിലവാരം അറിയണമെന്നത് വളരെ പ്രധാനമാണ്.
- പഠനത്തിലും സഹജീവികളോടുള്ള നല്ല പെരുമാറ്റത്തിലും കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും കുട്ടികളിൽ ആത്മവിശ്വാസം വളർത്തുകയും വേണം.
- കുട്ടികളുടെ ആത്മവിശ്വാസക്കുറവ്, ഉത്കണ്ഠ എന്നിവ കുറയ്ക്കാൻ അവരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ കഴിയുന്നു.






- സ്കൂൾ ആരോഗ്യപദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി കുട്ടികളിലെ വൈകല്യങ്ങൾ, പകർച്ചവ്യാധികൾ, മാനസിക പിരിമുറുക്കം എന്നിവ കണ്ടെത്തുന്നതിന് സമീപത്തെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്.
- പ്രീപ്രൈമറിഘട്ടം മുതലുള്ള കുട്ടികളിൽ എന്തെങ്കിലും വൈകല്യം ശ്രദ്ധയിൽപ്പെടുന്ന പക്ഷം അവർക്ക് ആവശ്യമായ വൈദ്യസഹായം ലഭ്യമാക്കുന്നതിന് രക്ഷിതാക്കളുമായി ആശയവിനിമയം നടത്തി ആരോഗ്യകേന്ദ്രങ്ങളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. ഇതിനായി സ്കൂളുകളിൽ ലഭ്യമായ ജെ.പി.എച്ച്.എൻ മാരുടെയും, സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെയും സഹായം തേടാവുന്നതാണ്.
- കുട്ടികളുടെ വ്യക്തിശുചിത്വം, പെൺകുട്ടികളുടെ ആരോഗ്യം എന്നിവ സംബന്ധിച്ച് വിദഗ്ദ്ധരുടെ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.
- 6 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് അയൺ-ഫോളിക്ആസിഡ് ഗുളികകൾ നൽകുന്ന (WIFS Programme) പദ്ധതിയുടെ പ്രയോജനം പൂർണ്ണമായും കുട്ടികൾക്ക് ലഭ്യമാക്കേണ്ടതാണ്. വിതരണരേഖ സൂക്ഷിക്കേണ്ടതാണ്.
- 6 മാസത്തിലൊരിക്കൽ വിരനിവാരണ ഗുളിക നൽകുന്ന പരിപാടി, കുട്ടിയുടെ മെഡിക്കൽ സ്ക്രീനിംഗ് എന്നിവ നിർബന്ധമായും സ്കുളുകളിൽ നടത്തേണ്ടതാണ്.
- Pradhan Manthri Jan Ayojana (PMJAY) പദ്ധതി പ്രകാരം ഒരു കുട്ടിയുടെ കുടുംബത്തിന് പ്രതിവർഷം 5,00,000/-രൂപ വരെ ആശുപത്രി ചെലവുകൾക്കുള്ള കവറേജ് ലഭിക്കുന്നു. സാമൂഹിക-സാമ്പത്തിക സെൻസസ് 2011 - ൽ ഉൾപ്പെട്ടവർക്കും രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (RSBY) യിൽ ഉൾപ്പെട്ടവർക്കും ടി പദ്ധതിയുടെ പ്രയോജനം ലഭ്യമാകും.




- കുട്ടികളിൽ ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കൂടുതൽ പരിചരണത്തിനും സുരക്ഷയ്ക്കുമായി 'Sickroom'ലേക്ക് മാറ്റേണ്ടതും വൈദ്യസഹായം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
- അടിയന്തര സാഹചര്യം കൈകാര്യം ചെയ്യുന്നതിനായി ശരിയായി ക്രമീകരിച്ച പ്രഥമശുശ്രൂഷ കിറ്റ് ഉണ്ടായിരിക്കേണ്ടതാണ്.
- ഓരോ സ്കൂളിലും രണ്ട് ജീവനക്കാർക്കെങ്കിലും അടിസ്ഥാന പ്രഥമശുശ്രൂഷയിൽ പരിശീലനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരോഗ്യവകുപ്പുമായി ചേർന്ന് നടത്തേണ്ടതാണ്.
- അപകടങ്ങൾ മൂലം പരിക്കോ, മുറിവോ മറ്റ് ദേഹാസ്വാസ്ഥ്യങ്ങളോ ഉണ്ടായാൽ അണുബാധയുടെ സാധ്യത കുറയ്ക്കാനും പരിക്കിന്റെ തീവ്രത കുറയ്ക്കാനും ഡോക്ടറുടെ സേവനം ലഭിക്കുന്നതുവരെ അപകടനില തരണം ചെയ്യുന്നതിനും എല്ലാ അധ്യാപകരും പ്രഥമശുശ്രൂഷയുടെ പ്രായോഗികജ്ഞാനം നേടേണ്ടതാണ്.
- മാലിന്യമുക്തമായ കാമ്പസ്, നല്ല പഠനാന്തരീക്ഷം സൃഷ്ടിക്കാൻ സഹായകമാകും. ഖര-ദ്രവമാലിന്യങ്ങൾ വേർതിരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനായുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.
- മാലിന്യങ്ങൾ-പ്ലാസ്റ്റിക്പോലെയുള്ളവ, നീക്കം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെടാവുന്നതും 'ശുചിത്വമിഷന്റെ' സഹായം തേടാവുന്നതുമാണ്.
- ജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ക്ലാസുകളും വീഡിയോകളും കാണിക്കണം.
- ജലവിനിയോഗം സംബന്ധിച്ച ക്ലാസ് പ്രോജക്റ്റുകൾ നൽകാവുന്നതാണ്.
- ഭക്ഷണം പാഴാക്കാതെയും അവശിഷ്ടങ്ങൾ വലിച്ചെറിയാതെയും ശ്രദ്ധിക്കണം.

- കൈ കഴുകാനുള്ള ഇടങ്ങൾ, ടോയ്ലെറ്റുകൾ എന്നിവ എല്ലാ ദിവസവും കഴുകി വൃത്തിയാക്കുന്നു എന്ന് ഉറപ്പാക്കണം.
- എല്ലാ ദിവസവും നിശ്ചിത ഇടവേളകളിൽ മൂത്രപ്പുര, ശുചിമുറി എന്നിവ വൃത്തിയാക്കണം. ഇതിനായി നിയോഗിക്കപ്പെട്ട ജീവനക്കാർ അവരുടെ ജോലികൾ കൃത്യമായി നിർവ്വഹിക്കേണ്ടതും അത് സ്ഥാപനമേധാവികൾ ഉറപ്പു വരുത്തേണ്ടതുമാണ്.
- വാഹനങ്ങൾ കഴുകുന്ന വെള്ളം, കൈകഴുകുന്ന ഇടങ്ങളിലെ പാഴാകുന്ന വെള്ളം, അടുക്കളയിൽ പാത്രം കഴുകുന്ന വെള്ളം എന്നിവ കെട്ടിനിൽക്കാൻ അനുവദിക്കാതെ, ഒഴുക്കിവിട്ട് പച്ചക്കറിത്തോട്ടം നനയ്ക്കുന്നതിനും മറ്റ് കൃഷിയാവശ്യങ്ങൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്.
- മാസ്ക്, സാനിറ്റൈസർ എന്നിവയുടെ ഉപയോഗം, സോപ്പും വെള്ളവും ഉപയോഗിച്ച് കൈ കഴുകൽ എന്നിവ ശ്രദ്ധയിലുണ്ടാകണം.
- ഇൻസുലിൻ എടുക്കുന്ന കുട്ടികൾക്ക് വൃത്തിയുള്ളതും സ്വകാര്യതയുള്ളതുമായ മുറി സ്കൂളിൽ ലഭ്യമാക്കേണ്ടതാണ്.
  - ✓ ടൈപ്പ് 1 പ്രമേഹബാധിതരായ കുട്ടികളുടെ ലിസ്റ്റ് എല്ലാ സ്കൂളുകളിലും കരുതേണ്ടതും ബന്ധപ്പെട്ട ക്ലാസ് അധ്യാപകർ ഇത്തരം കുട്ടികളെ നിരന്തരം നിരീക്ഷിച്ച് അവർക്കുവേണ്ട സഹായങ്ങൾ ചെയ്യേണ്ടതുമാണ്.
  - ✓ ടൈപ്പ് 1 പ്രമേഹബാധിതരായ കുട്ടികൾക്ക് വൈദ്യസഹായം ആവശ്യമായ വേളയിൽ അടിയന്തരമായി അടുത്തുള്ള ആരോഗ്യകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.
  - ✓ ഈ വിഷയത്തിൽ ആരോഗ്യവകുപ്പിന്റെ സഹായത്തോടെ എല്ലാ അധ്യാപകർക്കും ബോധവത്കരണം നൽകേണ്ടതാണ്.
- ഭിന്നശേഷികുട്ടികളുടെ ആരോഗ്യപരിരക്ഷ സംബന്ധിച്ച് RPWD Act 2016 പ്രകാരമുള്ള ആരോഗ്യസുരക്ഷാസംവിധാനങ്ങൾ പിൻതുടരേണ്ടതാണ്.
- ഭിന്നശേഷികുട്ടികളുടെ പരിചരണത്തിനായി ബി.ആർ.സികളിൽ നിന്നുള്ള റിസോഴ്സ് അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.
- ഭിന്നശേഷികുട്ടികൾക്ക് ക്ലാസ്മുറികളിൽ ഭക്ഷണം കഴിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യം, കുടിവെള്ളം എന്നിവ ഉറപ്പാക്കേണ്ടതാണ്.
- ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം പിൻതുടരുന്ന കുട്ടികൾക്ക് ആവശ്യമുള്ള പിന്തുണ ഉറപ്പാക്കേണ്ടതാണ്.
- രോഗബാധിതരായ കുട്ടികളെ സ്കൂളിലേക്ക് അയക്കാൻ പാടില്ല.
- വ്യക്തിശുചിത്വം, പരിസരശുചിത്വം, പോഷകസമൃദ്ധമായ ഭക്ഷണം എന്നീ ശീലങ്ങൾ കുട്ടികളിൽ ഉണ്ടാക്കേണ്ടതാണ്.
- എല്ലാ സ്കൂളുകളിലും ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ പ്രഥമശുശ്രൂഷ കിറ്റ് സൂക്ഷിക്കണം.

അധ്യായം 6

# പ്രഥമശുശ്രൂഷ

ശാരീരികമോ മാനസികമോ ആയ അസ്വസ്ഥത പ്രകടിപ്പിക്കുന്നവർക്കും, അപകട ത്തിൽപ്പെട്ട വർക്കും പ്രാഥമികമായി നൽകുന്ന പരിചരണമാണ് പ്രഥമശുശ്രൂഷ. അപകടത്തിൽപ്പെട്ടയാളെ ആശുപത്രിയിലോ ഡോക്ടറുടെ അടുക്കലോ എത്തിക്കുന്നതിനിടയിലുള്ള സമയത്താണ് പ്രഥമശുശ്രൂഷ നൽകാറുള്ളത്. ഏതെങ്കിലും അടിയന്തര സാഹചര്യം കൈകാര്യം ചെയ്യുന്നതിനായി ഓരോ സ്കൂളിലും ശരിയായി ക്രമീകരിച്ച പ്രഥമശുശ്രൂഷ കിറ്റ് ഉണ്ടായിരിക്കണം. അവശ്യ വസ്തുക്കൾ അടങ്ങിയ ഒരു പ്രഥമശുശ്രൂഷ കിറ്റിന് അടിയന്തര ഘട്ടങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള അണുബാധയുടെ സാധ്യത കുറയ്ക്കുവാനും പരിക്കിന്റെ തീവ്രത ലഘൂകരിക്കാനും കഴിയും. വിദഗ്ധരുടെ സഹായത്തോടെ അധ്യാപകരും കുട്ടികളും പ്രഥമശുശ്രൂഷയുമായി ബന്ധപ്പെട്ട പ്രായോഗികജ്ഞാനം നേടുന്നത് ഉചിതമാണ്. ജീവൻ നിലനിർത്തുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ടതും മറ്റെന്തിനെക്കാളും ആദ്യം പരിഗണിക്കപ്പെടേണ്ടതുമായ ലക്ഷ്യം.


## 6.1 പ്രധാന ഉദ്ദേശ്യങ്ങൾ

- അപകടത്തിൽപ്പെട്ടയാളുടെ അവസ്ഥ മറ്റുകാരണങ്ങൾമൂലം നിലവിലെ അവസ്ഥയെക്കാൾ മോശമാവാതിരിക്കുക.
- അസുഖത്തിൽ നിന്നോ അപകടാവസ്ഥയിൽ നിന്നോ ആരോഗ്യം വീണ്ടെടുക്കാൻ സഹായിക്കുക. ചില അവസരങ്ങളിൽ പ്രഥമശുശ്രൂഷ കൊണ്ടുതന്നെ ആരോഗ്യം വീണ്ടെടുക്കുന്ന അവസ്ഥ ഉണ്ടാകണം.

## 6.2 പ്രഥമശുശ്രൂഷ കിറ്റിൽ എന്തൊക്കെ...

- വിവിധ വലുപ്പത്തിലുള്ള അണുവിമുക്തമായ ഒട്ടിക്കാവുന്ന ബാൻഡേജ്, പ്ലാസ്റ്റർ, പഞ്ഞി
- ആന്റിബയോട്ടിക്ഓയിൻമെന്റുകൾ, മുറിവുവൃത്തിയാക്കാനുള്ള ആന്റിസെപ്റ്റിക്ക് മരുന്നുകൾ (ഡെറ്റോൾ, ബീറ്റാഡിൻ, മുതലായവ)
- ഒടിവു സംഭവിച്ചാൽ കെട്ടാനുള്ള സ്കെയിൽ
- നേർത്ത തുണികൊണ്ടുള്ള പാഡുകൾ
- തുണികൊണ്ടുള്ള ഒട്ടിക്കാവുന്ന ടേപ്പ്






- ത്രികോണാകൃതിയിലുള്ള ബാൻഡേജ്
- വലിയ റോളർ ബാൻഡേജ്
- അണുവിമുക്തമായ ഡ്രസ്സിങ് (വ്രണത്തിൽ പുരട്ടുന്ന മരുന്ന്)
- മെഡിക്കൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ഉപയോഗിക്കുന്ന സിപ്പ്കൊണ്ട് അടയ്ക്കാവുന്ന പ്ലാസ്റ്റിക് ബാഗുകൾ
- ശുദ്ധീകരണത്തിനുള്ള വൈപ്പിങ് തുണി
- ഹാൻഡ് സാനിറ്റൈസറുകൾ
- പ്രഥമശുശ്രൂഷയ്ക്കുള്ള നിർദേശ ലഘുലേഖ
- തൽക്ഷണ ഉപയോഗത്തിനായി കോൾഡ് കംപ്രസ്
- സി.പി.ആർ. ശ്വസന മാസ്ക്
- ഓറൽ തെർമോമീറ്റർ - മെർക്കുറി ഇല്ലാത്തത്
- നോൺ-ലാറ്റക്സ് കൈയ്യുറകൾ
- ട്വീസറുകൾ (Tweezers)
- മൂർച്ചയുള്ള ചെറിയ കത്രിക, പെൻടോർച്ച്, ഗ്ലൗസ്, സേഫ്റ്റി പിൻ, തെർമോമീറ്റർ, സോപ്പ്
- പറിച്ചെടുക്കുവാനുള്ള സ്പ്ലിന്ററുകൾ (Splinters)

### 6.3 പ്രഥമശുശ്രൂഷയുടെ ഭാഗമായി ചെയ്യാവുന്ന പ്രവർത്തനങ്ങൾ

- അപകടം മനസ്സിലാക്കൽ
- ശ്വാസോച്ഛ്വാസം പരിശോധിക്കുക
  - ✓ വായിലോ, തൊണ്ടയിലോ തടസ്സങ്ങളുണ്ടെങ്കിൽ അത് നീക്കം ചെയ്യാൻ ശ്വാസനാളത്തിൽ ചൂണ്ടുവിരലും നടുവിരലും ഉപയോഗിച്ച് അമർത്തി ശ്വസനക്രമം ശരിയാക്കൽ
  - ✓ ശ്വാസം നിലച്ച അവസ്ഥയിലാണെങ്കിൽ കൃത്രിമശ്വാസോച്ഛ്വാസം നൽകി ശ്വാസം വീണ്ടെടുക്കൽ

- പൾസ് പരിശോധിക്കൽ
- ബാഹ്യ ഹൃദയമർദ്ദനം നടത്തൽ (CPR)
- മുറിവുകളിൽ വൃത്തിയുള്ള തുണികൾ/ബാൻഡേജ് കൊണ്ട് കെട്ടൽ
- മുറിഞ്ഞ ഭാഗം പരമാവധി ഉയർത്തി വെയ്ക്കൽ
- ഒടിഞ്ഞകൈകാലുകൾ സ്പ്ലിന്റ് (ഒടിഞ്ഞ ശരീരഭാഗത്തിന് ഇളക്കം തട്ടാതെ നിശ്ചലമാക്കിവക്കുന്നതിന് മരം, പ്ലാസ്റ്റിക്, ലോഹങ്ങൾ എന്നിവ കൊണ്ടുള്ള ചെറുകഷണങ്ങളാണ് സ്പ്ലിന്റുകളായി ഉപയോഗിക്കുന്നത്) ഉപയോഗിച്ച് കെട്ടി വെയ്ക്കൽ
- ശരീരത്തിൽ കുത്തിതറച്ച വസ്തുക്കൾ എടുത്ത് മാറ്റാതിരിക്കൽ
- മുറിവിലൂടെ പുറത്തുവന്ന ശരീരഭാഗങ്ങൾ ഉള്ളിലേക്ക് തള്ളിക്കയറ്റാതിരിക്കൽ

**പ്ലാറ്റിനം 10**

**അപകടം നടന്ന ശേഷം ആദ്യത്തെ പത്തുമിനുട്ടിനുള്ളിൽ ആശുപത്രിയിലെത്തിക്കുക എന്നത് അതിപ്രധാനമാണ്.**

- മുറിഞ്ഞ് പോയ ശരീരഭാഗങ്ങൾ രോഗിയോടൊപ്പം തന്നെ ആശുപത്രിയിൽ എത്തിക്കൽ
- പൊള്ളൽ മൂലം ഒട്ടിപ്പിടിച്ച തുണി, തൊലി എന്നിവ ശരീരത്തിൽ നിന്ന് ഇളക്കി മാറ്റാതിരിക്കൽ.

**ഗോൾഡൻ അവർ (Golden hour)**

**അപകടം നടന്നതിനു ശേഷമുള്ള ആദ്യത്തെ ഒരു മണിക്കൂറിൽ ലഭിക്കുന്ന പരിചരണം അപകടത്തിൽപ്പെട്ടയാളുടെ/ രോഗിയുടെ ജീവൻ രക്ഷിക്കാൻ സഹായിക്കുന്നതാണ്.**

- പൊള്ളിയ ഭാഗത്ത് ധാരാളം വെള്ളം ഒഴിച്ച് തണുപ്പിക്കൽ
- ആംബുലൻസ് സേവനം ഉടൻ ലഭ്യമാക്കൽ
- പൊതുവിലുള്ള പ്രഥമശുശ്രൂഷാപരിശീലനവും ജീവൻ നിലനിർത്തുന്നതിനുള്ള അടിസ്ഥാന പരിശീലനവും നൽകുക
- പ്രഥമശുശ്രൂഷയിൽ പങ്കെടുക്കുമ്പോൾ സമചിത്തതയോടെ പ്രവർത്തിക്കേണ്ടതും എത്രയും വേഗം വൈദ്യസഹായം ഉറപ്പു വരുത്തേണ്ടതുമാണ്. എന്നാൽ, പ്രഥമശുശ്രൂഷ നൽകുന്ന വ്യക്തി ഒരിക്കലും ഡോക്ടറുടെ സ്ഥാനത്ത് നിന്ന് ചികിത്സ നടത്താൻ പാടില്ല.
- ഓരോ സ്കൂളിലും കുറഞ്ഞത് രണ്ട് ജീവനക്കാർക്കെങ്കിലും അടിസ്ഥാന പ്രഥമശുശ്രൂഷ, CPR, അടിയന്തര മുറിവ്പരിചരണം, എന്നിവയിൽ പരിശീലനം ലഭ്യമാക്കാനുള്ള നടപടികൾ ആരോഗ്യ വകുപ്പുമായി ചേർന്ന് സ്വീകരിക്കണം.

അധ്യായം 7

# ലഹരിവസ്തുക്കളിൽ നിന്നുള്ള സുരക്ഷ

വിദ്യാലയവും പരിസരവും ലഹരി വിമുക്തമായി സൂക്ഷിക്കേണ്ടതും, വിദ്യാർത്ഥികൾ ലഹരി, മയക്കുമരുന്ന് എന്നിവ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതും എല്ലാ അധ്യാപകരുടെയും രക്ഷിതാക്കളുടെയും ചുമതലയാണ്.

- എല്ലാ വിദ്യാലയങ്ങളുടെയും ഗേറ്റിന് മുന്നിൽ ലഹരി വിൽക്കുന്നത് COTPA Act സെക്ഷൻ 24 പ്രകാരം കുറ്റകരമാണെന്നും, അപ്രകാരം വിൽപ്പന നടത്തിയാൽ പിഴ ഈടാക്കുമെന്നുമുള്ള ബോർഡ് സ്ഥാപിക്കേണ്ടതും പ്രസ്തുത വിവരം അതാത് വിദ്യാഭ്യാസ ഓഫീസറെ അറിയിക്കേണ്ടതുമാണ്.
- ബോർഡിൽ 1800-11-2536 എന്ന ടോൾഫ്രീ നമ്പർ രേഖപ്പെടുത്തേണ്ടതാണ്.
- സ്കൂളുകളുടെ 100 മീറ്റർ ചുറ്റളവിൽ ലഹരി പദാർത്ഥങ്ങൾ വിൽക്കുന്ന കടകൾ ഇല്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്. സ്കൂൾപരിസരത്ത് ലഹരി പദാർത്ഥങ്ങൾ വിൽക്കുന്ന കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ, അത്തരം കടകളുടെ ലിസ്റ്റ് അധ്യാപകർ, എസ്.എം.സി മുഖേന ശേഖരിക്കേണ്ടതും ആയത് ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ മുഖേന പോലീസിന് കൈമാറേണ്ടതുമാണ്.
- എസ്.എം.സി, പി.റ്റി.എ എന്നിവ മുഖേന എല്ലാ വിദ്യാലയങ്ങളിലും ലഹരിക്കെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.
- എൻ.സി.സി, എൻ.എസ്.എസ്, ജെ.ആർ.സി, ഭാരത് സ്കൗട്ട്സ് & ഗൈഡ്സ്, എക്കോ ക്ലബ്ബ്, കൾച്ചർ ക്ലബ്ബ് എന്നിവയിലെ പ്രധാന ഇനമായി ലഹരിവിരുദ്ധ- ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.
- എക്സൈസ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ എല്ലാ വിദ്യാലയങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും ലഹരി, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം മൂലമുണ്ടാകുന്ന രോഗങ്ങൾ, സാമ്പത്തികബാധ്യതകൾ, കുടുംബപ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച ബോധവത്ക്കരണ ക്ലാസുകൾ, ഫോട്ടോ പ്രദർശനം, മാജിക്ക്ഷോ മുതലായവ സംഘടിപ്പിക്കേണ്ടതുമാണ്.
- സ്കൂൾ അധ്യയന സമയത്ത് അനുവാദമില്ലാതെ കുട്ടികൾ സ്കൂൾ കോമ്പൗണ്ടിന് പുറത്ത് പോകുന്നതും, സ്കൂൾ കോമ്പൗണ്ടിലെ ഒഴിഞ്ഞസ്ഥലങ്ങളിൽ കൂട്ടുകൂടുന്നതും തടയുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.




- ക്ലാസ് തുടങ്ങിയ ശേഷം കുട്ടികൾ ഏതെങ്കിലും കാരണവശാൽ നിശ്ചിത സമയം കഴിഞ്ഞും എത്തിയില്ലെങ്കിൽ രക്ഷിതാക്കളെ വിളിച്ച് വിവരം തിരക്കേണ്ടതും വീട്ടിൽ നിന്നു കുട്ടി സ്കൂളിലേക്ക് പുറപ്പെട്ടിട്ടുണ്ടെന്നു ബോധ്യമാവുകയാണെങ്കിൽ ആ വിവരം പോലീസിനെ അറിയിക്കുന്നതിന് ക്ലാസ്ടീച്ചറെ ചുമതലപ്പെടുത്തേണ്ടതുമാണ്.
- കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം നിരീക്ഷിക്കുന്നതിനും, ഇല്ലായ്മചെയ്യുന്നതിനും സ്കൂൾ കൗൺസിലർമാരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്.
- വിദ്യാർത്ഥികളെ മദ്യം, മയക്കുമരുന്ന്, ലഹരി വസ്തുക്കൾ എന്നിവ ഉപയോഗിക്കുവാൻ പ്രേരിപ്പിക്കുന്ന വ്യക്തികൾക്കെതിരെ JJ Act 2015-ലെ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്യേണ്ടതാണ്.
- COTPA 2003 പ്രകാരമുള്ള മുന്നറിയിപ്പ്ബോർഡ് സ്കൂൾപരിസരത്ത് പ്രദർശിപ്പിക്കുക.
- സ്കൂൾപരിസരത്തെ കടകളിൽ കൃത്യമായ പരിശോധന നടത്തുന്നതിനും നിരോധിത വസ്തുക്കൾ, ലഹരിപദാർത്ഥങ്ങൾ എന്നിവ വിൽക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനും എക്സൈസ്/ പോലീസ് വകുപ്പുകളുടെ സേവനം തേടേണ്ടതാണ്.
- ലഹരിവിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ജനജാഗ്രതാസമിതികൾ രൂപീകരിച്ച്, ലഹരിമുക്ത ക്യാമ്പസായി പ്രഖ്യാപിക്കുന്നതിന് സമിതികളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതും കാലികപ്രസക്തമായ പരിപാടികൾ ആലോചിച്ച് നടപ്പിലാക്കേണ്ടതുമാണ്.

അധ്യായം 8

# ലൈംഗികാതിക്രമങ്ങളിൽ നിന്നുള്ള സുരക്ഷ

- സ്കൂൾ, വീട്, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ കുട്ടികൾ ലൈംഗികാതിക്രമത്തിന് ഇരയാകുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. സമൂഹമാധ്യമങ്ങളുടെ ദുരുപയോഗവും കുട്ടികളെ അപകടത്തിലാക്കുന്നു. ലൈംഗികാതിക്രമത്തിന് ഇരയായ കുട്ടികൾ ഇക്കാര്യം പുറത്തുപറയുന്നതിന് വിമുഖത കാണിക്കുന്നതായി കാണുന്നു. ഇതുമൂലം ദീർഘകാലം ലൈംഗികാതിക്രമത്തിനു വിധേയരാകേണ്ടി വരുന്ന കുട്ടികളുമുണ്ട്. സ്കൂൾകെട്ടിടം, സ്കൂൾ പരിസരം, ക്ലാസ് മുറികൾ എന്നിവിടങ്ങളിൽ കുട്ടികൾ ലൈംഗികചൂഷണത്തിനു വിധേയരാകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. കുട്ടികൾ ലൈംഗികാതിക്രമത്തിനു വിധേയരായാൽ ആയത് സംബന്ധിച്ച് പരാതിപ്പെടുന്നതിന് എല്ലാ വിദ്യാലയങ്ങളിലും പരാതിപ്പെട്ടി സ്ഥാപിക്കേണ്ടതാണ്. കൃത്യമായ ഇടവേളകളിൽ പരാതിപ്പെട്ടിയിൽ ലഭിച്ചിരിക്കുന്ന പരാതികൾ പരിശോധിച്ച് പരിഹാരം കാണേണ്ടതുണ്ട്. സ്കൂളിലെ സീനിയറായ ഒരു വനിതാ അധ്യാപികയ്ക്ക് ആയതിനുള്ള ഉത്തരവാദിത്തം നൽകേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികളുടെ രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പഠനയാത്രകൾ, കലാ-കായിക മേളകൾ, മറ്റുമത്സരയിനങ്ങൾ/പരിപാടികൾ തുടങ്ങിയവയ്ക്കായി കുട്ടികളെ സ്കൂളിനു പുറത്തു കൊണ്ടുപോകേണ്ട സാഹചര്യങ്ങളിൽ വനിതാ അധ്യാപികമാരുടെ സാന്നിധ്യം ഉറപ്പാക്കേണ്ടതാണ്. ഇത്തരം അവസരങ്ങളിൽ കുട്ടികൾ ലൈംഗികചൂഷണത്തിനു വിധേയരാകുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

- വീട്ടിലെ സാഹചര്യങ്ങളിൽ നിന്നോ മറ്റിടങ്ങളിൽ നിന്നോ ലൈഗികപീഡനം ഏൽക്കേണ്ടി വരുന്ന കുട്ടികൾക്ക് അധ്യാപകർ മാനസിക പിന്തുണ ഉറപ്പാക്കേണ്ടതാണ്.
- ലൈംഗിക ചൂഷണങ്ങൾ സംബന്ധിച്ചും, ലൈംഗിക വിദ്യാഭ്യാസം സംബന്ധിച്ചും ശാസ്ത്രീയമായ ക്ലാസ്സുകൾ കുട്ടികൾക്ക് നൽകേണ്ടതാണ്.
- പീഡനത്തിന് ഇരയായ കുട്ടികളുടെ വ്യക്തിത്വം ഹനിക്കപ്പെടുന്ന രീതിയിൽ ഇടപെടലുകളുണ്ടാകാൻ പാടില്ല.
- അധ്യാപക-രക്ഷാകർതൃ സമിതി (പി.റ്റി.എ)/ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (SMC) എന്നിവയുടെ ആഭിമുഖ്യത്തിൽ എല്ലാ രക്ഷിതാക്കൾക്കും ലൈംഗികാതിക്രമങ്ങളിൽ നിന്നുള്ള കുട്ടികളുടെ സുരക്ഷയെക്കുറിച്ച് അവബോധക്ലാസുകൾ സംഘടിപ്പിക്കണം.

- ഹൈസ്കൂൾ ക്ലാസുകളിലെ ടീൻസ് ക്ലബ് പ്രവർത്തനങ്ങളിൽ ജീവിതനൈപുണി ക്ലാസുകൾ നടപ്പിലാക്കുന്നു എന്ന് ഉറപ്പാക്കുക.
- സ്കൂൾ ഹെൽപ് ടെസ്ക് ഫലപ്രദമായി നടപ്പിലാക്കുന്നു എന്നുറപ്പാക്കാം.
- ചൈൽഡ് ലൈനിന്റെ പ്രവർത്തനത്തെക്കുറിച്ചും അതിന്റെ ഫോൺ നമ്പറും (1098) കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കേണ്ടതും സ്കൂളിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

- **ഒരു വിദ്യാർത്ഥി പീഡനത്തിനിരയായി എന്ന് ബോധ്യപ്പെട്ടാൽ പ്രസ്തുത വിവരം പോലീസിനെ അടിയന്തരമായി അറിയിക്കേണ്ടതാണ്.**
- **സാമൂഹ്യനീതി വകുപ്പിലെ കൗൺസിലേഴ്സിന്റെ സഹായം ലഭ്യമാക്കേണ്ടതാണ്.**

## 8.1 Protection of Children from Sexual Offences - പോക്സോ (POCSO)

### 8.1.1 ഉദ്ദേശ്യങ്ങൾ

- ലൈംഗിക അതിക്രമങ്ങൾക്ക് ഇരയായവരും ലൈംഗിക അതിക്രമങ്ങൾക്ക് ഇരയാകാൻ സാധ്യതയുള്ള സാഹചര്യങ്ങളിലുള്ളവരുമായ കുട്ടികളെ തിരിച്ചറിയുകയും ഇത്തരം കുട്ടികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവ പരിഹരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുകയും ചെയ്യണം.
- സുരക്ഷിത സ്പർശം (Safe touch), സുരക്ഷിതമല്ലാത്ത സ്പർശം (Unsafe touch), ലൈംഗിക ചുവയോടെയുള്ള ആംഗ്യങ്ങളും ഇടപെടലുകളും എന്നിവ തിരിച്ചറിയുന്നതിനും അവയോട് ശരിയായ രീതിയിൽ പ്രതികരിക്കുന്നതിനും ഓരോ കുട്ടിയേയും പ്രാപ്തമാക്കണം.
- ലൈംഗികാതിക്രമങ്ങളിൽ നിന്നും രക്ഷപ്പെടുവാൻ/ പ്രതിരോധിക്കുവാൻ ജീവിതനൈപുണികൾ ഉപയോഗിക്കാൻ കുട്ടികൾക്ക് പരിശീലനം നൽകണം.
- അതിജീവിതരായ കുട്ടികൾക്ക് സാധാരണ ജീവിതത്തിലേക്ക് മടങ്ങിവരുന്നതിന് പരമാവധി പിന്തുണ നൽകണം.
- പോസിറ്റീവ് പാരന്റിംഗ്, കുട്ടികളുടെ വികാസം, പ്രായത്തിനനുയോജ്യമായ പ്രതീക്ഷകൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന രക്ഷാകർതൃ വിദ്യാഭ്യാസപരിപാടികൾ നിശ്ചിത ഇടവേളകളിൽ പി.ടി.എ/എസ്.എം.സി എന്നിവയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കണം.
- സംശയാസ്പദമായ ബാലപീഡനവും അവഗണനയും എങ്ങനെ, എവിടെ റിപ്പോർട്ട് ചെയ്യണം എന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്ന പൊതു ബോധവൽക്കരണ ക്യാമ്പയ്നുകൾ സംഘടിപ്പിക്കാം.
- ചൂഷണത്തിന് വിധേയരാകാൻ സാധ്യതയുള്ള കുട്ടികളെ കണ്ടെത്തി താഴെ പറയുന്ന സംവിധാനങ്ങളെ അറിയിക്കേണ്ടതാണ്.
  - സൗഹൃദ കോർഡിനേറ്ററെ/കൗൺസിലറെ/അധ്യാപകരെ അറിയിക്കുക.
  - സ്ഥാപന മേധാവിയെ അറിയിക്കുക.

- രക്ഷാകർത്താക്കളെ അറിയിക്കുക.
- പോക്സോയുടെ പരിധിയിൽ വരുന്ന കേസുകൾ അധികാരികൾക്ക് റിപ്പോർട്ട് ചെയ്യുക.

### 8.1.2 ഉദ്ദേശ്യങ്ങൾ

- പോക്സോ കേസുകളുടെ എണ്ണത്തെക്കുറിച്ചുള്ള മിഥ്യാധാരണകൾ നീക്കുക.
- പോക്സോ നിയമത്തിന്റെ സവിശേഷതകൾ അറിയുക.
- പോക്സോ കേസ് റിപ്പോർട്ടിംഗ് രീതി മനസ്സിലാക്കുക.
- പോക്സോയെ സംബന്ധിച്ച് അധ്യാപകർക്ക് അവബോധ ക്ലാസുകൾ സംഘടിപ്പിക്കുക.

### 8.1.3 പോക്സോ നിയമം – അടിസ്ഥാനവിവരം

കുട്ടികൾക്കെതിരെയുള്ള ലൈഗിംകാതിക്രമങ്ങൾ തടയുന്നതിന് ഇന്ത്യൻ പാർലമെന്റ് പാസാക്കിയ നിയമം

- ഇന്ത്യയിൽ പോക്സോനിയമം നിലവിൽ വന്നത് – 2012 നവംബർ 14
- കേരളത്തിൽ പോക്സോനിയമം നിലവിൽ വന്നത് – 2012
- പോക്സോനിയമത്തിലെ ആകെ അധ്യായങ്ങളുടെ എണ്ണം – 9
- പോക്സോ നിയമത്തിലെ ആകെ സെക്ഷനുകളുടെ എണ്ണം – 46
- പോക്സോനിയമപ്രകാരം 18 വയസ്സിന് താഴെയുള്ളവരെയാണ് കുട്ടികളായി പരിഗണിക്കുന്നത്.
- പോക്സോനിയമപ്രകാരം ആൺ-പെൺ വ്യത്യാസമില്ലാതെ കുട്ടികളെ പരിഗണിക്കുന്നു.

### 8.1.4 പോക്സോ കേസ് പരിധിയിൽ വരുന്ന കുറ്റങ്ങൾ

- കുട്ടികളെ ലൈംഗികമായി പീഡിപ്പിക്കൽ
- പ്രകൃതിവിരുദ്ധപീഡനം
- ലൈംഗികവൈകൃതങ്ങൾക്കിരയാവുക
- കുട്ടികളോട് ലൈംഗികച്ചുവയോടെ സംസാരിക്കുക
- ലൈംഗിക ആംഗ്യം കാണിക്കുക
- കുട്ടികളുടെ നഗ്നചിത്രം പ്രദർശിപ്പിക്കുക, പ്രചരിപ്പിക്കുക, കാണുക, സൂക്ഷിക്കുക
- കുട്ടിയോട് ലൈംഗികച്ചുവയുള്ള അക്ഷരങ്ങൾ, വാക്കുകൾ മുതലായവ ഫോൺ മുഖേന സംസാരിക്കുക, അത്തരം സന്ദേശങ്ങൾ അയയ്ക്കുക.

### 8.1.5 പോക്സോ കേസിൽ പരാതി നൽകേണ്ടത് ആർക്കാണ്?

- സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്
- ലോക്കൽ പോലീസ്
- ചൈൽഡ് വെൽഫെയർകമ്മിറ്റി
- ടോൾഫ്രീ നമ്പർ – 1098
- സ്റ്റേറ്റ് കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് (എസ്.സി.പി.സി.ആർ)

### 8.1.6 പോക്സോ കുറ്റകൃത്യം കൃത്യസമയത്ത് റിപ്പോർട്ട് ചെയ്യാതിരുന്നാൽ ഉണ്ടാകുന്ന പ്രത്യാഘാതം

- ഉത്തരവാദിത്തപ്പെട്ടവർ എല്ലാവരും പ്രേരണാകുറ്റത്തിന് പ്രതിയാകും.
- പോക്സോനിയമപ്രകാരം കുട്ടിയുടെ മൊഴി രേഖപ്പെടുത്തേണ്ടത് സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു വനിതാ ഉദ്യോഗസ്ഥയായിരിക്കണം. മൊഴിയെടുക്കുന്ന സമയത്ത് ഈ ഉദ്യോഗസ്ഥ യൂണിഫോമിലാകരുത്. കുട്ടിയുടെ വീട്ടിലോ, കുട്ടിക്ക് സൗകര്യപ്രദമായ സ്ഥലത്തോ വച്ച് വേണം മൊഴിയെടുക്കേണ്ടത്.
- ഇരയായ കുട്ടിയുടെ മൊഴി 30 ദിവസത്തിനകം രേഖപ്പെടുത്തണം.
- ജില്ല ജഡ്ജി അധ്യക്ഷനായ പ്രത്യേക പോക്സോ കോടതിയാണ് ഇത്തരം കേസുകൾ വിചാരണ നടത്തുന്നത്.
- ജില്ല നിയമസേവന അതോറിറ്റികളുടെ (കെൽസ) വിലാസം സൂക്ഷിക്കുകയും, ആവശ്യം വരുമ്പോൾ ബന്ധപ്പെടുകയും ചെയ്യുക.

## അധ്യായം 9

# സൈബർസുരക്ഷ

ആധുനിക ലോകത്ത് സാങ്കേതികവിദ്യ അനവധി സാധ്യതകൾ പ്രദാനം ചെയ്യുമ്പോഴും, അവ മൂലം ഉണ്ടാകുന്ന ഭീഷണികളും, കുറ്റകൃത്യങ്ങളും, അപകടങ്ങളും ഏറിവരികയാണ്. പലപ്പോഴും സൈബർ ഉപയോഗത്തിന് കടുത്ത നിയന്ത്രണങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളത്. സൈബർ കുറ്റകൃത്യങ്ങൾ ഇത്തരം നൂതന സാങ്കേതികവിദ്യകളെ ഫലപ്രദമായി പ്രയോജനപ്പെടുത്താനുള്ള സാധ്യതകൾ കൂടി ഇല്ലാതാക്കുകയോ അല്ലെങ്കിൽ അനാവശ്യഭീതി പടർത്തുകയോ ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിൽ സൈബർസുരക്ഷ ഉറപ്പാക്കാൻ ക്രിയാത്മകമായ ഇടപെടൽ വിവിധ തലങ്ങളിൽ ഉണ്ടാകുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE) പ്രോട്ടോക്കോൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. KITE's Cyber Safety Protocol ന്റെ ഭാഗമായി വിദ്യാലയങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചും, ആയതിലുള്ള ജാഗ്രതാ നിർദേശങ്ങളും ചുവടെ ചേർക്കുന്നു.

### 9.1 ഓഫീസ് മേധാവി ഉറപ്പുവരുത്തേണ്ട കാര്യങ്ങൾ

- വിദ്യാലയങ്ങളിൽ ലഭ്യമാക്കിയിട്ടുള്ള ഇന്റർനെറ്റ് സംവിധാനം തടസ്സം കൂടാതെ അധ്യാപകർക്കും കുട്ടികൾക്കും ലഭ്യമാക്കുക എന്നത് സ്കൂൾ മേലധികാരിയുടെ ഉത്തരവാദിത്തമാണ്. പ്രവൃത്തി സമയങ്ങളിൽ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി കുട്ടികൾക്ക് ഇന്റർനെറ്റ് ലഭ്യത ഉറപ്പാക്കേണ്ടതാണ്.
- സ്കൂൾലാബുകളിൽ ഉപയോഗിക്കുന്ന ഐ.ടി. ഉപകരണങ്ങളിൽ സുരക്ഷാക്രമീകരണം ഒരുക്കേണ്ടതും സ്കൂൾ ഐ.ടി. കോർഡിനേറ്റർ, അതത് ക്ലാസ് അധ്യാപകർ/പ്രഥമാധ്യാപകർ തുടങ്ങിയവർ ഇത് ഉറപ്പ് വരുത്തേണ്ടതുമാണ്.
- കുട്ടികളുടെ ഇന്റർനെറ്റ് ഉപയോഗം പൂർണ്ണമായും അധ്യാപകരുടെ നിരീക്ഷണത്തിലായിരിക്കണം. ഇന്റർനെറ്റ് ലഭ്യമാക്കുന്ന സ്ഥലങ്ങളിലും ലാബുകളിലും ഇരിപ്പിടം അതിനനുസൃതമായി ക്രമീകരിക്കേണ്ടതാണ്.
- വിദ്യാലയങ്ങളിൽ ലഭ്യമാക്കിയിട്ടുള്ള ഇന്റർനെറ്റ് സംവിധാനം പാസ്‌വേഡ് ഉപയോഗിച്ച് സുരക്ഷിതമാക്കേണ്ടതാണ്.
- ആവശ്യമെങ്കിൽ restricted mode, safe search, supervised users തുടങ്ങിയ ഫിൽറ്ററുകളും സംവിധാനങ്ങളും കുട്ടികളുടെ സുരക്ഷിതമായ ഇന്റർനെറ്റ് ഉപയോഗത്തിന് അവലംബിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ പരിശീലനം അധ്യാപകർക്ക് ലഭിച്ചു എന്നുറപ്പാക്കേണ്ടതാണ്.

- ലാബുകളിലും ക്ലാസുകളിലും ഇന്റർനെറ്റ്, ആവശ്യമുള്ള സമയങ്ങളിൽ മാത്രം ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. വിദ്യാലയ പ്രവൃത്തി സമയങ്ങൾക്കുപരിയായി ഇന്റർനെറ്റ് സംവിധാനം ഉപയോഗിക്കേണ്ടി വന്നാൽ സ്കൂൾ അധികൃതരുടെ അനുമതി ഉറപ്പുവരുത്തേണ്ടതാണ്. ഇന്റർനെറ്റ് ഉപയോഗശേഷം കൃത്യമായി ഇന്റർനെറ്റ് ലോഗ്ഔട്ട് ചെയ്ത് കമ്പ്യൂട്ടർ ഷട്ട് ഡൗൺ ചെയ്തുവെന്ന് അനുമതി നൽകുന്നവർ ഉറപ്പുവരുത്തേണ്ടതാണ്.
- ഇന്റർനെറ്റ് ശരിയായി ഉപയോഗിക്കുന്നത് സംബന്ധിച്ച സന്ദേശങ്ങളും നിർദേശങ്ങളും ക്ലാസുകളിലും ലാബുകളിലും പ്രദർശിപ്പിച്ചിരിക്കണം.
- 8, 9, 10 ക്ലാസ്സുകളിലെ ഐ.സി.ടി. പാഠപുസ്തകങ്ങളിൽ സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട് പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ പ്രത്യേകം ചർച്ചചെയ്യാൻ സ്കൂളുകളിൽ സംവിധാനം ഒരുക്കേണ്ടതാണ്.
- പൊതുവായി ഉപയോഗിക്കുന്ന ഇന്റർനെറ്റ്സൗകര്യമുള്ള കമ്പ്യൂട്ടർ പാസ്‌വേഡ് ഉപയോഗിച്ച് സുരക്ഷിതമാക്കേണ്ടതാണ്.
- വിദ്യാലയം ഉപയോഗിക്കുന്ന എല്ലാ ഓൺലൈൻ, ഓഫ്‌ലൈൻ സോഫ്റ്റ്‌വെയറുകളും കൃത്യമായി പാസ്‌വേർഡ് ഉപയോഗിച്ച് സുരക്ഷിതമാക്കേണ്ടതും സോഫ്റ്റ്‌വെയറിന്റെ ചുമതലയുള്ളവർക്കു മാത്രം അതത് പാസ്‌വേഡ് ലഭ്യമാക്കുന്നതിന് ക്രമീകരണം ഒരുക്കേണ്ടതുമാണ്.
- ഉടമസ്ഥാവകാശമുള്ള സോഫ്റ്റ്‌വെയർ, പൈറേറ്റഡ് പകർപ്പുകൾ എന്നിവ സ്കൂളിലെ കമ്പ്യൂട്ടറുകളിൽ ഇല്ലയെന്ന് ഉറപ്പാക്കേണ്ടതാണ്.
- സ്കൂളിൽ വർഷത്തിൽ രണ്ട് തവണയെങ്കിലും സൈബർ സേഫ്റ്റി ഓഡിറ്റ് നടത്തേണ്ടതാണ്.
- സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട വിദഗ്ധരുടെ ക്ലാസ് അധ്യാപകർക്കും, കുട്ടികൾക്കും, രക്ഷിതാക്കൾക്കും എല്ലാ അധ്യയനവർഷത്തിലും നൽകുക.

## 9.2 അധ്യാപകർ ഉറപ്പുവരുത്തേണ്ടത്

- കുട്ടികളുടെ സാന്നിധ്യത്തിൽ ഇന്റർനെറ്റിൽ നിന്ന് വിഭവങ്ങൾ ശേഖരിക്കുന്നത് അനുയോജ്യമല്ലാത്ത വിഭവങ്ങൾ പ്രദർശിപ്പിക്കുന്നതിന് ഇടയായേക്കാം. അതിനാൽ, അധ്യാപകർ ക്ലാസിൽ ഉപയോഗിക്കേണ്ട ഐ.സി.ടി. ബോധന സഹായികൾ (ഇന്റർനെറ്റിൽ നിന്ന് ശേഖരിക്കേണ്ടതാണെങ്കിൽ) മുൻകൂട്ടി തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കേണ്ടതാണ്.
- ക്ലാസിൽ അധ്യാപകർ നേരിട്ട് ഇന്റർനെറ്റിൽ നിന്ന് വിഭവങ്ങൾ അന്വേഷിച്ച് കണ്ടെത്തുന്നത് ഒഴിവാക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയ സമഗ്ര റിസോഴ്സ് പോർട്ടലിൽ നിന്നുള്ള വിവരങ്ങൾ ക്ലാസിൽ പരമാവധി ഉപയോഗിക്കേണ്ടതാണ്.
- കുട്ടികൾക്ക് ഇന്റർനെറ്റ് അധിഷ്ഠിത പഠനപ്രോജക്ടുകൾ നൽകുമ്പോൾ പരിശോധിച്ച് ഉറപ്പുവരുത്തിയ റഫറൻസ് സൈറ്റുകൾ മാത്രം നിർദ്ദേശിക്കണം.
- അധ്യാപകരുടെയോ മറ്റ് ചുമതലയുള്ളവരുടെയോ മേൽനോട്ടത്തിൽ മാത്രം കുട്ടികൾക്ക് ഇന്റർനെറ്റ് ഉപയോഗിക്കാൻ നൽകേണ്ടതാണ്.
- സ്കൂളിലെ ഇന്റർനെറ്റ് ഉപയോഗം പഠനാവശ്യങ്ങൾക്കും ഔദ്യോഗിക ആവശ്യങ്ങൾക്കും മറ്റ് പഠനാനുബന്ധ പ്രവർത്തനങ്ങൾക്കും മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.



- ഇന്റർനെറ്റ് അധിഷ്ഠിതമായ പ്രവർത്തനങ്ങൾ ക്ലാസ്റൂം ഗ്രൂപ്പുകളിൽ ചെയ്യുമ്പോൾ പ്രവർത്ത നങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യുകയും കുട്ടികൾ മറ്റുള്ളവയിലേക്ക് പോകുന്നതിനുള്ള അവസരങ്ങൾ ഉണ്ടാകാതെ നോക്കുകയും വേണം.

## 9.3 വിദ്യാർത്ഥികൾ പാലിക്കേണ്ട കാര്യങ്ങൾ

- അധ്യാപകരുടെ നിർദ്ദേശാനുസരണം മാത്രമായിരിക്കണം വിദ്യാലയങ്ങളിൽ ഇന്റർനെറ്റ് ഉപ യോഗിക്കേണ്ടത്.
- വിശ്വസനീയമല്ലാത്ത കേന്ദ്രങ്ങളിലോ വെബ്സൈറ്റുകളിൽനിന്നോ ലഭിക്കുന്ന ആപ്ലിക്കേഷനു കൾ ഡൗൺലോഡ് ചെയ്യുകയോ, ഇൻസ്റ്റാൾ ചെയ്ത് ഉപയോഗിക്കുകയോ ചെയ്യരുത്.
- വിദ്യാലയങ്ങൾ, ഓഫീസുകൾ തുടങ്ങി പൊതുഇടങ്ങളിൽ ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകളിൽ വ്യക്തിഗത വിവരങ്ങളോ, ചിത്രങ്ങളോ സൂക്ഷിക്കരുത്.
- ചിത്രങ്ങൾ മോർഫ് ചെയ്തോ, മറ്റുള്ളവരുടെ വിവരങ്ങളോ, ഫോട്ടോയോ ഉപയോഗിച്ചോ വ്യക്തിഹത്യ നടത്തരുത്.
- മൊബൈൽ ഫോൺ, ലാപ്പ്ടോപ്, ടാബ് എന്നിവ അപരിചിതരെ/മറ്റുള്ളവരെ ഏൽപ്പിക്കരുത്.
- കുട്ടികൾ അവരുടെ സ്വകാര്യവിവരങ്ങൾ അപരിചിതരുമായി ഇന്റർനെറ്റിൽ /സോഷ്യൽ മീഡി യയിൽ പങ്കുവെക്കരുത്.

- ഓൺലൈൻപരിചയം മാത്രമുള്ളവരെ രക്ഷിതാക്കളുടെ കൂടെയല്ലാതെ ഒരിക്കലും നേരിട്ട് കാണാൻ ശ്രമിക്കരുത്. പരിചയമില്ലാത്തതോ, വിശ്വാസമില്ലാത്തതോ ആയ ആളുകൾ അയയ്ക്കുന്ന സന്ദേശങ്ങൾ (ഇ-മെയിലുകൾ) തുറക്കരുത്.
- രക്ഷിതാക്കളുടെയോ മറ്റുള്ളവരുടെയോ ക്രെഡിറ്റ്/ഡെബിറ്റ് കാർഡിന്റെ പിൻകോഡ്, പാസ്‌വേഡ്, ഓൺലൈൻ ബാങ്ക് അക്കൗണ്ട് പാസ്‌വേഡ് തുടങ്ങിയവ ശേഖരിക്കുകയോ മറ്റുള്ളവർക്ക് കൈമാറുകയോ ചെയ്യരുത്.
- ഓൺലൈൻ ഗെയിമുകളിൽ വളരെ ശ്രദ്ധാപൂർവ്വം ഇടപെടുക. പലപ്പോഴും ഇത്തരം ഗെയിമുകൾക്ക് അടിമപ്പെടുന്ന അവസ്ഥ വരെയുണ്ടാകാം. പലതരം വെല്ലുവിളികൾ ഏറ്റെടുക്കൽ, സ്വകാര്യ വിവരങ്ങളും ചിത്രങ്ങളും ആവശ്യപ്പെടൽ, പണം കൈമാറ്റം തുടങ്ങിയ ആവശ്യങ്ങൾക്ക് ഒരിക്കലും വഴങ്ങാതിരിക്കുക.
- സ്ക്രീൻ ടൈം പരിമിതപ്പെടുത്തുക.

## 9.4 രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ക്രെഡിറ്റ്/ഡെബിറ്റ് കാർഡിന്റെ പിൻകോഡ്, പാസ്‌വേഡ്, ഓൺലൈൻ ബാങ്ക് അക്കൗണ്ട് പാസ്‌വേഡ് തുടങ്ങിയവ കുട്ടികൾക്ക് നൽകാൻ പാടില്ല.
- വിദ്യാലയങ്ങളിലെ ഉപയോഗത്തിന് സ്കൂൾ നിർദ്ദേശിക്കുന്നതല്ലാത്ത ഉപകരണങ്ങൾ കുട്ടിക്ക് നൽകരുത്.
- കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ഇന്റർനെറ്റ് തുടങ്ങിയവ കുട്ടികൾ ഉപയോഗിക്കുമ്പോൾ രക്ഷിതാക്കളുടെ പ്രത്യേക ശ്രദ്ധ ഉറപ്പുവരുത്തേണ്ടതാണ്. വീടുകളിൽ രക്ഷിതാക്കളുടെ ശ്രദ്ധ ലഭിക്കത്തക്ക സ്ഥലത്ത് മാത്രം കമ്പ്യൂട്ടർ, സ്മാർട്ട് ടി.വി. തുടങ്ങിയ ഉപകരണങ്ങൾ സജ്ജീകരിക്കുക.
- സാങ്കേതിക വിദ്യയുടെ ഉപയോഗം മനസ്സിലാക്കാൻ ശ്രമിക്കുക. നിങ്ങളുടെ അറിവ് പുതുക്കിക്കൊണ്ടിരിക്കുക.
- സാമൂഹികമാധ്യമങ്ങളും മറ്റും ഉപയോഗിക്കുന്നതിനെക്കുറിച്ച് കുട്ടികളുമായി തുറന്ന് ചർച്ച ചെയ്യുക.
- സാങ്കേതിക സംവിധാനങ്ങളുടെ (ഇന്റർനെറ്റ്, മൊബൈൽ ഫോൺ) അമിത ഉപയോഗം കുട്ടികളിലുണ്ടോ എന്ന് നിരീക്ഷിക്കുക, കുട്ടിയിൽ എന്തെങ്കിലും തരത്തിലുള്ള പെരുമാറ്റ വൈകല്യങ്ങളുടെ സൂചനയോ ലക്ഷണങ്ങളോ കാണുകയോ സൈബർ കുറ്റകൃത്യങ്ങൾക്ക് അവർ ഇരയായെന്ന് അറിയുകയോ ചെയ്താൽ സംയമനത്തോടെ തുറന്ന് സംസാരിക്കുക. ഭയപ്പെടുത്താതെ കാര്യങ്ങൾ വിശദമായി ചോദിച്ചറിയുകയും, ആവശ്യമായ തെളിവുകൾ ശേഖരിക്കുകയും ചെയ്യുക. ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് പരാതിപ്പെടാനും ആവശ്യമെങ്കിൽ കൗൺസലിംഗ് നൽകാനും ശ്രദ്ധിക്കുക.

## 9.5 പൊതുനിർദേശങ്ങൾ

- ഇന്റർനെറ്റ് ഉപയോഗം സംബന്ധിച്ച് സന്ദേശങ്ങൾ, നിർദേശങ്ങൾ തുടങ്ങിയവ ക്ലാസുകളിലും ലാബുകളിലും പ്രദർശിപ്പിച്ചിരിക്കണം.
- അപരിചിതരിൽ നിന്ന് മൊബൈൽ ഫോൺ, ക്യാമറ, ഐപാഡ് തുടങ്ങിയ ഉപകരണങ്ങൾ സ്വീകരിക്കുകയോ കൈമാറുകയോ ചെയ്യരുത്.

- വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ ചിത്രങ്ങൾ അനുവാദം ഇല്ലാതെ ചിത്രീകരിക്കുക യോ പ്രചരിപ്പിക്കുകയോ അരുത്.
- നിങ്ങളുടെ ഫോൺ കോളുകളോ സന്ദേശങ്ങളോ സ്വീകരിക്കാൻ താൽപര്യമില്ലാത്ത ഒരാളെ നിരന്തരം വിളിക്കുകയോ സന്ദേശങ്ങൾ അയക്കുകയോ ചെയ്യരുത്.
- വിശ്വസനീയമല്ലാത്ത കേന്ദ്രങ്ങളിൽ നിന്നോ വെബ്സൈറ്റുകളിൽ നിന്നോ ലഭിക്കുന്ന ആപ്ലിക്കേ ഷനുകൾ ഡൗൺലോഡ് ചെയ്യുകയോ, ഇൻസ്റ്റാൾ ചെയ്ത് ഉപയോഗിക്കുകയോ ചെയ്യരുത്.
- അപരിചിതമായ നമ്പരുകളിൽ നിന്നും തുടർച്ചയായി മിസ്ഡ് കോളുകൾ വരികയാണെങ്കിൽ അധ്യാപകരേയോ രക്ഷിതാക്കളേയോ അറിയിക്കേണ്ടതാണ്.
- അനധികൃതമായി നിങ്ങളുടെ ഫോട്ടോ എടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അധ്യാപകരേയോ രക്ഷിതാക്കളേയോ അറിയിക്കേണ്ടതാണ്.
- സൈബർസുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് കേരളാ പോലീസിന്റെ ഫോൺ നമ്പരും (1090) ചൈൽഡ് ഹെൽപ് ലൈൻ നമ്പറും (1098) അവശ്യഘട്ടങ്ങളിൽ ഉപയോഗിക്കേണ്ടതാണ്.
- ഇന്റർനെറ്റിന്റെയും സോഷ്യൽ മീഡിയയുടെയും ഫലപ്രദമായ ഉപയോഗം സംബന്ധിച്ച മൊ ഡ്യൂൾ അധ്യാപക ശാക്തീകരണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 9.6 ഇന്റർനെറ്റ് ഉപയോഗം സുരക്ഷിതമാക്കുന്നതിന്

### Dos

- സുരക്ഷിതമായ ഒരു പാസ്‌വേഡ് സൃഷ്ടിക്കുക. ദുരുപയോഗം തടയാൻ പാസ്‌വേഡ് ഇടയ്ക്കിടെ മാറ്റുന്നത് ഉചിതമായിരിക്കും.
- സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകളിലെ സ്വകാര്യതാ ക്രമീകരണങ്ങൾ വളരെ ശ്രദ്ധയോടെ വായിക്കുക.
- സാമൂഹികമാധ്യമങ്ങളിൽ പരിചിതരായ ആളുകളുമായി മാത്രം ആശയവിനിമയം നടത്തുക.
- വെബ്സൈറ്റുകളിൽ ഫോട്ടോഗ്രാഫുകൾ, വീഡിയോകൾ തുടങ്ങിയ വിവരങ്ങൾ പോസ്റ്റ് ചെ യ്യുമ്പോൾ ജാഗ്രത പാലിക്കുക.
- നിയോഗിക്കപ്പെട്ട അധ്യാപകർ/മറ്റ് ജീവനക്കാർ മാത്രം കമ്പ്യൂട്ടർ സിസ്റ്റങ്ങളിലേക്കും ലാബുക ളിലേക്കും പ്രവേശിക്കുന്നുള്ളൂ എന്ന് ഉറപ്പാക്കുക.
- അക്കൗണ്ട് ഹാക്ക് ചെയ്യപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ ചെയ്തതായി സംശയിക്കുന്നു വെങ്കിൽ ഉടൻ തന്നെ നെറ്റ്‌വർക്കിംഗ് സൈറ്റിന് സാങ്കേതിക സഹായം നൽകുന്നവരുമായി ബന്ധപ്പെടുക.
- ഓപ്പൺ സോഴ്സ് അല്ലെങ്കിൽ ലൈസൻസുള്ള സോഫ്റ്റ്‌വെയറും ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളും മാത്രം ഉപയോഗിക്കുക.
- മെയിലുകളുടെ പാസ്‌വേഡ് നിയോഗിക്കപ്പെട്ട അധ്യാപകർക്കും ജീവനക്കാർക്കും മാത്രം നൽകുക.

**Don’ts**

- രക്ഷിതാവിനോടല്ലാതെ മറ്റാരോടും പാസ്‌വേഡ് വെളിപ്പെടുത്തരുത്.
- മറ്റുള്ളവരുടെ വികാരങ്ങൾ വ്രണപ്പെടുത്തുന്ന ഒന്നും പോസ്റ്റ് ചെയ്യരുത്.
- നിങ്ങളുടെ സുഹൃത്തുക്കളുടെ വിവരങ്ങൾ നെറ്റ്‌വർക്കിംഗ് സൈറ്റുകളിൽ പോസ്റ്റ് ചെയ്യരുത്, അത് അവരെ അപകടത്തിലാക്കാം.
- സോഷ്യൽ മീഡിയയിൽ വായിക്കുന്നവ വിശ്വസനീയമായ ഉറവിടത്തിൽ നിന്നാണെന്ന് പരിശോധിച്ച് ഉറപ്പിക്കാതെ ഫോർവേഡ് ചെയ്യരുത്.
- ലോഗിൻ ചെയ്ത്, ഉപയോഗശേഷം ഉടൻ ലോഗ് ഔട്ട് ചെയ്യാതിരിക്കരുത്.
- ഒരു സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റിലും വ്യാജ പ്രൊഫൈലുകൾ സൃഷ്ടിക്കരുത്.
- പബ്ലിക് നെറ്റ് വർക്കുകളിലോ/കമ്പ്യൂട്ടറുകളിലോ സ്വകാര്യ യുഎസ്ബികൾ, ഹാർഡ് ഡ്രൈവുകൾ പോലുള്ള വ്യക്തിഗത ഉപകരണങ്ങൾ ഉപയോഗിക്കരുത്.

## 9.7 നിയമം നിങ്ങളോടൊപ്പമുണ്ട്

- രാജ്യത്ത് ഐ.ടി. ആക്ട് 2000 അനുസരിച്ചും ക്രിമിനൽ നിയമങ്ങൾ അനുസരിച്ചും സൈബർ കുറ്റകൃത്യങ്ങൾ ശിക്ഷാർഹമാണ്.
- ഏതെങ്കിലും തരത്തിലുള്ള സൈബർ കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെടുന്ന സാഹചര്യത്തിൽ ഉടൻ നിയമത്തിന്റെ സഹായം തേടുക.

## 9.8 സൈബർ കുറ്റകൃത്യങ്ങൾ

9.8.1 **സൈബർ ബുള്ളിയിംഗ് (Cyber Bullying):** ഡിജിറ്റൽ ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ SMS, Text മെസേജസ്, മറ്റ് ആപ്ലിക്കേഷനുകൾ എന്നിവ വഴി ഒരു വ്യക്തിയെ ഭീഷണിപ്പെടുത്തുക/അപമാനിക്കുക എന്നിങ്ങനെയുള്ള പ്രവൃത്തികളാണ് സൈബർ ബുള്ളിയിംഗ് എന്ന് അറിയപ്പെടുന്നത്. ഒരു വ്യക്തിയുടെ സ്വകാര്യവിവരങ്ങൾ അയാളുടെ അനുമതിയില്ലാതെ സോഷ്യൽ മീഡിയകളിൽ പങ്ക് വയ്ക്കുന്നതും ഈ കുറ്റകൃത്യത്തിന്റെ പരിധിയിൽ വരുന്നതാണ്.

9.8.2 **ഫിഷിംഗ് (Phishing):** യഥാർത്ഥ സ്രോതസ്സിൽ നിന്ന് എന്ന ധാരണ പരത്തുന്ന വിധം വ്യാജ ഇ-മെയിലുകളിൽ നിന്നും, വാട്ട്സാപ്പ്, മെസഞ്ചർ, മെസേജ്, ഫെയ്സ്ബുക്ക് തുടങ്ങിയ അക്കൗണ്ടുകളിൽ നിന്ന് സന്ദേശം ലഭിക്കുക, നിങ്ങൾക്ക് ലോട്ടറി അടിച്ചു, അവാർഡ് ലഭിച്ചു, ജോലി ലഭിച്ചു എന്നൊക്കെ സൂചിപ്പിച്ചു വരുന്ന സന്ദേശങ്ങൾ മുതലായവ വിഭാഗത്തിലുള്ളവയാണ്. ബാങ്ക് അക്കൗണ്ട് ഉൾപ്പെടെയുള്ള വിവരങ്ങൾ ചോർത്തി തട്ടിപ്പുനടത്തുകയാണ് ഉദ്ദേശം. അയയ്ക്കുന്ന വ്യക്തിയുടെ യഥാർത്ഥവിലാസം (അക്കൗണ്ട്) മറച്ചുവയ്ക്കുന്ന സ്പൂഫിംഗ് (Spoofing) ഇതിന്റെ മറ്റൊരു രൂപമാണ്.

9.8.3 **സൈബർ സ്റ്റോക്കിംഗ് (Cyber Stalking):** നമ്മെക്കുറിച്ചുള്ള വിവരങ്ങൾ സോഷ്യൽ മീഡിയ വഴിയോ മറ്റോ ഒക്കെ ശേഖരിച്ച് ഭീക്ഷണിപ്പെടുത്തിയും, ബ്ലാക്ക്മെയിൽ ചെയ്തുമെല്ലാം ഉപദ്രവിക്കുക.

9.8.4 **ഡീപ്പ് ഫെയ്ക്സ് (Deep fakes):** ഒരു ചിത്രത്തിൽ അല്ലെങ്കിൽ വീഡിയോയിൽ ചിത്രവും ശബ്ദവും ചലനങ്ങളുമെല്ലാം മാറ്റി ഒറിജിനലിനെ വെല്ലുന്ന വ്യാജൻ നിർമ്മിക്കുക. പെട്ടെന്ന്

തിരിച്ചറിയാൻ കഴിയാത്ത രൂപത്തിലാകും ഇവ. അതിനാൽ ആധികാരികത ഉറപ്പാക്കാത്ത വീഡിയോകൾ- ചിത്രങ്ങൾ- വോയ്സ് ക്ലിപ്പുകൾ മുതലായവ മറ്റൊരാൾക്ക് ഫോർവേർഡ് ചെയ്യരുത്.

9.8.5 **ക്യാമറ ഹാക്കിംഗ് (Camera Hacking):** അനുവാദമില്ലാതെ കമ്പ്യൂട്ടർ/ഐ.ടിസംവിധാനങ്ങളിൽ നുഴഞ്ഞു കയറുന്നതാണ് പൊതുവേ ഹാക്കിംഗ് എന്ന് വിശേഷിപ്പിക്കാറുള്ളത്. നമ്മുടെ ലാപ് ടോപ്പിലെയോ, മൊബൈലിലെയോ ക്യാമറ ഉപയോഗിച്ച് നമ്മുടെ അനുവാദമില്ലാതെ തന്നെ സ്വകാര്യ ചിത്രങ്ങളും വീഡിയോകളും എടുക്കാൻ കഴിയുന്നതാണ് ക്യാമറ ഹാക്കിംഗ്.

**SUPPORT AND HELPLINE NUMBERS**
Complaint: Cybercrime.gov.in
(National Cyber Crime Reporting Portal)
Helpline No: 155260
Twitter handle: @CYBERDOST
Complaint:Cyberps.pol@kerala.gov.in
Phone: 0471 -2326603/04/05
(Cyber crime police Station, Kerala)

ചൈൽഡ് ലൈൻ നമ്പർ: 1098
പോലീസ്: Dial 1090
പരാതി: childrights.cpcr@kerala.gov.in
(സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ)

അധ്യായം 10

# സ്കൂളിന്റെയും കുട്ടികളുടെയും സുരക്ഷ– അധികൃതരുടെ ഉത്തരവാദിത്തങ്ങൾ

## 10.1 സ്കൂൾ സുരക്ഷ/കുട്ടികളുടെ സുരക്ഷ – ചുമതലപ്പെട്ടവർ

- സ്കൂൾ മാനേജ്മെന്റ്/പി.റ്റി.എ/എസ്.എം.സി.
- സ്ഥാപന മേധാവി
- അധ്യാപകർ, അധ്യാപകേതര ജീവനക്കാർ
- രക്ഷിതാക്കൾ
- പ്രാദേശിക ജനത, പൊതുസമൂഹം
- ബന്ധപ്പെട്ട വകുപ്പുകൾ– ഉദ്യോഗസ്ഥർ, ബന്ധപ്പെട്ട മറ്റുള്ളവർ

## 10.2 സ്കൂൾ മാനേജ്മെന്റ്/പി.റ്റി.എ/എസ്.എം.സി.

- സ്കൂളിൽ ഏതെങ്കിലും തരത്തിലുള്ള അത്യാഹിതം/അനിഷ്ട സംഭവം ഉണ്ടാവുകയാണെങ്കിൽ അടിയന്തരമായി ബന്ധപ്പെട്ട അധികാരികളെ അറിയിക്കുകയും അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ മുൻകരുതലുകൾ, ദൂരീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തേണ്ടതുമാണ്.
- കോവിഡ് പോലുള്ള പകർച്ചവ്യാധികളുടെ സാഹചര്യത്തിൽ തെർമൽസ്കാനർ, മാസ്കുകൾ, സാനിട്ടൈസർ എന്നിവ കരുതേണ്ടതും ഇതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദേശങ്ങൾ പാലിക്കുന്നതിന് സാഹചര്യം ഒരുക്കേണ്ടതുമാണ്.
- സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളുടെ സുരക്ഷ താഴെപറയും പ്രകാരം ഉറപ്പു വരുത്തേണ്ടതാണ്.

10.2.1 **അടിയന്തര പരിപാലനം:** അടിയന്തര ശ്രദ്ധ നൽകേണ്ടതും ഉടൻ മാറ്റി സ്ഥാപിക്കേണ്ടതുമായ സാഹചര്യം (ഉദാഹരണം: ലൈറ്റുകൾ, ഫാനുകൾ, പൈപ്പുകൾ, മേൽക്കൂര, ജനാലകൾ, ആശയവിനിമയസംവിധാനങ്ങൾ, ടോയ്‌ലറ്റ്, കുടിവെള്ള സംവിധാനം, ഇലക്ട്രിക് സംവിധാനങ്ങൾ, മുതലായവ)

10.2.2 **കാലാനുസൃത പരിപാലനം :** സ്കൂൾഗ്രൗണ്ട്, കെട്ടിടസൗകര്യങ്ങൾ, ഫർണിച്ചർ എന്നിവയുടെ പരിപാലനവും ആവശ്യമായവയുടെ നവീകരണവും.

10.2.3 **മുൻകരുതൽ പരിപാലനം:** സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങളുടെ കൃത്യമായ ഇട വേളകളിലുള്ള പരിപാലനം പ്രസ്തുത ഉപകരണങ്ങളുടെ തുടർച്ചയായ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നു.

- സ്കൂളിന്റെ 100 വാര ചുറ്റളവിൽ ലഹരിവസ്തുക്കൾ, പുകയിലയുൽപന്നങ്ങൾ എന്നിവയുടെ വില്പന ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട പ്രാദേശിക ഭരണകൂടങ്ങളെ/വകുപ്പുകളെ അറിയിക്കൽ.
- എല്ലാ അധ്യയന വർഷാരംഭത്തിലും സ്കൂൾ പ്രൊട്ടക്ഷൻ കമ്മിറ്റി (എസ്.പി.സി)/സ്കൂൾ സുരക്ഷ സമിതി രൂപീകരിക്കുകയും സ്കൂൾ സുരക്ഷ പ്ലാൻ ഒരു മാസത്തിനുള്ളിൽ രൂപീകരിക്കുകയും ചെയ്യുക.
- ദുരന്തനിവാരണസംബന്ധമായി ബന്ധപ്പെട്ട അധികാരികളുമായി ചേർന്ന് ദുരന്തനിവാരണ മോക്ക് ഡ്രിൽ, പരിശീലനങ്ങൾ സംഘടിപ്പിക്കൽ
- കുട്ടികളുടെ 'ഹെൽത്ത് കാർഡ്', ഹെൽത്ത് ചെക്കപ്പുകൾ തുടങ്ങിയവ ഉറപ്പുവരുത്തൽ
- കുട്ടികൾക്ക് ശാരീരികശിക്ഷ നൽകാത്തതും അവർക്ക് മാനഹാനി ഉണ്ടാക്കാത്തതുമായ അന്തരീക്ഷം ഉറപ്പുവരുത്തൽ
- കുട്ടികൾക്ക് സ്വതന്ത്രമായി പരാതികൾ സമർപ്പിക്കുവാനും സ്വതന്ത്രമായ ആശയവിനിമയം സുഗമമാക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഉറപ്പുവരുത്തൽ
- വ്യക്തിപരവും പൊതുവായതുമായ ശുചിത്വ പരിപാലനവും ക്രമീകരണങ്ങളും ഉറപ്പുവരുത്തൽ
- അടിയന്തരസാഹചര്യം നേരിടുന്നതിനുള്ള പ്രായോഗിക പരിശീലനങ്ങൾ സംഘടിപ്പിക്കൽ
- സ്കൂളിന്റെ പ്രവർത്തനം സംബന്ധിച്ച 'സ്കൂൾ മാന്വൽ' അടിസ്ഥാനമാക്കിയുള്ള നിർദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുക.
- എല്ലാ വിദ്യാലയങ്ങളിലും നിർബന്ധമായും Fire Extinguisher സ്ഥാപിക്കുക.

## 10.3 പ്രധാനാധ്യാപകൻ-പ്രിൻസിപ്പൽ എന്നിവരുടെ ഉത്തരവാദിത്തങ്ങളും പങ്കാളിത്തവും

- സ്കൂൾ അസംബ്ലിയിൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും സ്കൂൾ സുരക്ഷാ പദ്ധതിയെക്കുറിച്ച് ആവശ്യമായ ബോധവൽക്കരണം നൽകുക.
- നിരന്തരം സ്കൂൾ സുരക്ഷ സമിതി യോഗം കൂടുകയും, സ്കൂൾ സുരക്ഷയെക്കുറിച്ചും, നിലവിലുള്ള പ്രശ്നങ്ങളെക്കുറിച്ചും ചർച്ച ചെയ്ത് ഉചിതമായ തീരുമനങ്ങളും നടപടികളും കൈക്കൊള്ളുക.
- സ്കൂൾ സുരക്ഷ സമിതി രൂപീകരണവും സ്കൂൾ സുരക്ഷ പ്ലാൻ തയ്യാറാക്കലും ദേശീയ ദുരന്ത നിവാരണ നിയമം 2005-ദേശീയ സ്കൂൾ സുരക്ഷാമാർഗനിർദേശങ്ങളിൽ നിഷ്ക്കർഷിച്ചിട്ടുള്ളതിനാൽ നടപ്പിലാക്കേണ്ടതാണ്.
- സ്കൂൾ സുരക്ഷ സമിതിയുടെ അധ്യക്ഷനായി പ്രധാന അധ്യാപകൻ /അധ്യാപിക അംഗങ്ങളായി രണ്ടോ അതിലധികം അധ്യാപകരും വിദ്യാർത്ഥി പ്രതിനിധികളും (ആൺകുട്ടികളും പെൺകുട്ടികളും) രക്ഷാകർതൃസമിതി പ്രതിനിധികളും, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധിയും, പോലീസ്, അഗ്നിരക്ഷാസേന, റവന്യൂ-ദുരന്തനിവാരണം, ആരോഗ്യം എന്നീ വകുപ്പുകളുടെ പ്രതിനിധിയും മറ്റ് അപകടസാധ്യതകളുമായി ബന്ധപ്പെട്ട് അധ്യക്ഷൻ നിർദ്ദേശിക്കുന്ന വകു

പ്പുകളിലെ പ്രതിനിധികളും (വനം വന്യജീവി വകുപ്പ്, മലിനീകരണനിയന്ത്രണ ബോർഡ്, വ്യവസായ വകുപ്പ്, കെ.എസ്.ഇ.ബി, മോട്ടോർവാഹന വകുപ്പ് തുടങ്ങിയവ)

- സ്കൂൾ സുരക്ഷയുടെ ഭാഗമായി ക്ഷമതാസർട്ടിഫിക്കറ്റ് നേടുന്നതിനോടൊപ്പം അധ്യയനം തുടങ്ങിയ ശേഷം കുട്ടികളുടെയും സ്കൂൾ സുരക്ഷ സമിതിയുടെയും പങ്കാളിത്തത്തോടെ സുരക്ഷ ഓഡിറ്റ് അഥവാ ഹസാർഡ് ഹണ്ട് നടത്തേണ്ടതാണ്.
- 'സ്കൂൾ സുരക്ഷ പ്ലാൻ', അഥവാ സ്കൂൾ 'ദുരന്ത നിവാരണ പ്ലാൻ' എന്നിവ എല്ലാവരും കാണത്തക്കവിധം ഉചിതമായ സ്ഥലത്ത് പ്രദർശിപ്പിക്കുക. പ്ലാൻ തയ്യാറാക്കുന്നതിനുള്ള മാതൃകയും മാർഗനിർദേശങ്ങളും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമാണ്.
- ദുരന്ത സാധ്യതകളും അപകടങ്ങളുമായുള്ള ബന്ധത്തിൽ പ്രസക്തമായ വിവരങ്ങൾ ഉചിതസമയത്ത് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കേണ്ടതാണ്.
- വിദ്യാലയത്തിൽ കൃത്യമായി ആരോഗ്യ പരിശോധന നടത്തിക്കുകയും അധ്യാപകർക്കും ജീവനക്കാർക്കും ഹെൽത്ത് കാർഡ് സൂക്ഷിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്യുക.
- പി.ടി.എ യോഗത്തിൽ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും, രക്ഷിതാക്കളുടെയും സുരക്ഷയെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുക.
- പാരന്റ് -ടീച്ചർ മീറ്റിംഗിൽ അക്കാദമിക മികവിനൊപ്പം കുട്ടികളുടെ മാനസിക സമ്മർദ്ദവും ആശങ്കകളും മാറ്റി അവരുടെ ശേഷിയും പ്രതിഭയും തിരിച്ചറിയുന്നതിനുള്ള തന്ത്രങ്ങൾ മെനയുന്നതിന് രക്ഷിതാക്കളെയും അധ്യാപകരെയും ബോധവാന്മാരാക്കുന്നതിന് Child Parent-Teacher-Dialogue (CPTD) എന്ന ആശയം നടപ്പാക്കുക. ഇതിനായി ക്ലാസ്സ് PTA, MPTA എന്നിവ പ്രയോജനപ്പെടുത്തുക.
- അധ്യാപകർ, സ്റ്റാഫ്, കുട്ടികൾ ഇവർക്കെതിരെ പരാതി വന്നാൽ അവരുടെ വ്യക്തിത്വത്തിന് പോറലേൽക്കാതെയായിരിക്കണം സമഗ്രമായ അന്വേഷണം നടത്തേണ്ടത്.
- 'പ്രഥമ ശുശ്രൂഷയ്ക്ക്' ആവശ്യമായ 'First-Aid Box' വിദ്യാലയത്തിൽ സൂക്ഷിക്കേണ്ടതാണ്.
- വിദ്യാലയം പൊതുവെയും, ക്ലാസ്റൂം, ലബോറട്ടറി, ലൈബ്രറി, പ്രത്യേകിച്ച് വാഷ്റൂം, കുടിവെള്ളം ലഭിക്കുന്ന ഇടം, ടോയ്‌ലറ്റ് എന്നീ സ്ഥലങ്ങൾ വൃത്തിയുള്ളതും ശുചിത്വമുള്ളതുമായി സൂക്ഷിക്കുന്നുണ്ടെന്ന് ദിവസേന പരിശോധിച്ച് ഉറപ്പാക്കുക.
- നേതൃഗുണസ്വഭാവമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി അവരെ സ്കൂൾ സുരക്ഷാകമ്മിറ്റികളിലും 'ടാസ്ക് ഫോഴ്സിലും' അംഗങ്ങൾ ആക്കി ലഹരിമുക്ത, അക്രമരഹിത സ്കൂൾ ക്യാമ്പസ് എന്ന ആശയം നടപ്പിലാക്കുക.

### 10.4 അധ്യാപകരുടെ, ജീവനക്കാരുടെ ഉത്തരവാദിത്തങ്ങൾ

- കുട്ടികളുടെ സുരക്ഷയ്ക്കും, ക്ഷേമത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ സ്കൂൾ പ്രിൻസിപ്പൽ/പ്രധാനാധ്യാപകനെ സഹായിക്കുക.
- കുട്ടികളുടെ സുരക്ഷയ്ക്കും, ക്ഷേമത്തിനും, സ്വഭാവ രൂപീകരണത്തിനും ഉതകുന്ന തരത്തിൽ ആരോഗ്യപരവും, സുരക്ഷിതത്വം ഉറപ്പാക്കുന്നതുമായ ക്ലാസ്മുറികൾ സജ്ജീകരിക്കുക.
- കുട്ടികളിലെ അന്വേഷണത്വര പ്രോത്സാഹിപ്പിക്കുന്നതിനും, അത് മറ്റ് കുട്ടികളുമായി പങ്കുവയ്ക്കുന്നതിനും, അവരുടെ പ്രശ്നങ്ങൾ അറിയിക്കുവാൻ ഉതകുന്ന തരത്തിലും ചോദ്യപ്പെട്ടി/നിർദേശപ്പെട്ടി സ്ഥാപിക്കേണ്ടതാണ്.

- ഓരോ കുട്ടിയുടെയും സുരക്ഷ അധ്യാപകരുടെ ഉത്തരവാദിത്തമാണ്. ഓരോ കുട്ടിയുടെയും വ്യക്തിഗതമായ കരുതൽ അധ്യയന കാര്യത്തിലും സുരക്ഷാ കാര്യങ്ങളിലും അധ്യാപകർക്ക് ഉണ്ടായിരിക്കണം.
- മുൻധാരണകളുടെ അടിസ്ഥാനത്തിലോ വാചികമായതോ അല്ലാത്തതോ ആയ പരാമർശങ്ങളുടെ പേരിലോ കുട്ടിക്ക് മാനസിക പ്രയാസം ഉണ്ടാകുന്നത് ഒഴിവാക്കുന്നതിൽ അധ്യാപകർ ബോധവന്മാരാകേണ്ടതാണ്.
- കുട്ടികളിലെ അസാധാരണ പെരുമാറ്റം, വിഷാദാത്മകത എന്നിവ തിരിച്ചറിഞ്ഞാൽ രക്ഷിതാക്കളുമായി ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കുന്നതിന് അധ്യാപകർ ബോധവാന്മാരാകേണ്ടതാണ്.
- കുട്ടികൾക്കിടയിൽ ക്ലാസ്മുറികളിൽ കണ്ടുവരുന്ന ജാതി, ലിംഗം, വംശം, ഭാഷ തിരിച്ചുള്ള തെറ്റായ പ്രയോഗങ്ങളിൽ നിരീക്ഷണം നടത്തി തിരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക. ബോധവൽക്കരണം നൽകുക.
- സ്കൂൾ സുരക്ഷ ഓഡിറ്റ് നടത്തുക, സ്കൂൾ സുരക്ഷാ സമിതി രൂപീകരിച്ച് യോഗങ്ങൾ ചേരുക, സ്കൂൾ ദുരന്തനിവാരണ പ്ലാൻ തയ്യാറാക്കുക, സുരക്ഷയുമായി ബന്ധപ്പെട്ട വിവിധ പരിശീലനങ്ങൾ, മോക്ക് ഡ്രില്ലുകൾ എന്നിവ നടത്തുക എന്നീ പ്രവർത്തനങ്ങളെല്ലാം വർഷാവർഷം നടപ്പിലാക്കുക.

## 10.5 രക്ഷകർത്താക്കളുടെ കടമകൾ, ഉത്തരവാദിത്തങ്ങൾ

- നല്ല വാക്കുകളിലൂടെ കുട്ടികളോട് സൗഹാർദപരമായ ബന്ധം നിലനിർത്തുക.
- സ്കൂൾ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും സ്കൂളുമായി സുദൃഢമായ ബന്ധം സൂക്ഷിക്കുകയും ചെയ്യുക.
- പി.റ്റി.എ. മീറ്റിംഗുകളിൽ കൃത്യമായും പങ്കെടുക്കുക.
- കുട്ടികളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും വേണ്ടി സ്കൂൾ നൽകുന്ന മാർഗ്ഗനിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.
- സ്കൂളിന്റെ പൊതുവായ ശുചിത്വം സംബന്ധിച്ച് അവബോധം ഉണ്ടാകുകയും ഉചിതമായ സമയങ്ങളിൽ ഇടപെടലുകൾ നടത്തുകയും വേണം.
- കുട്ടികളുടെ സമഗ്രവികാസത്തിനായി സ്കൂളും അധ്യാപകരുമായി ആരോഗ്യകരമായ ബന്ധവും ആശയവിനിമയവും നടത്തുക.
- സ്കൂൾ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുക.

## 10.6 ഹോസ്റ്റൽ വാർഡൻ – കർത്തവ്യവും ചുമതലകളും

- വിദ്യാർത്ഥികളോട് സൗഹാർദ്ദപരവും, വിശ്വാസയോഗ്യവുമായ ഇടപെടൽ നടത്തുക.
- വിദ്യാലയാധികൃതർ നൽകിയ നിയമങ്ങളും, നിർദേശങ്ങളും, മറ്റ് കാര്യങ്ങളും സമയബന്ധിതമായി തീർക്കുക.
- ഹോസ്റ്റലിലെ മറ്റ് ജീവനക്കാരായ ക്യാന്റീൻ സ്റ്റാഫ്, ക്ലീനിംഗ് ജീവനക്കാർ, പരിപാലകർ എന്നിവരുടെ ക്ഷേമത്തിലും, സുരക്ഷയിലും പങ്കാളികളാകുക.

- വിദ്യാർത്ഥികളുടെ ജീവനും സുരക്ഷയ്ക്കും വേണ്ടി ഹോസ്റ്റലിലെ മറ്റ് ജീവനക്കാരെകൂടി വിശ്വാസത്തിൽ എടുത്തുകൊണ്ട് കൂട്ടായ തീരുമാനമെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- സ്ഥാപന മേധാവി, സ്റ്റാഫ്, അധ്യാപകർ, സ്കൂൾ ബസ് ഡ്രൈവർ, രക്ഷിതാക്കൾ എന്നിവരുടെ ഫോൺ ഉൾപ്പെടുന്ന ഡയറക്ടറി നിരന്തരം 'അപ്ഡേറ്റ്' ചെയ്യുക.
- കുട്ടികളിലെ മാനസിക പിരിമുറക്കം കുറയ്ക്കാനും ശ്രദ്ധ വർദ്ധിപ്പിക്കുന്നതിനും വേണ്ടി 'ബ്രീത്തിംഗ് എക്സർസൈസ്', 'യോഗ', എന്നിവ അസംബ്ലിയിലോ ഇടവേളകളിലോ നൽകേണ്ടതാണ്.

## 10.7 കൗൺസിലറുടെ ഉത്തരവാദിത്തങ്ങളും കടമകളും

- മുഴുവൻ വിദ്യാർത്ഥികളേയും ഭയരഹിതമായ ഇടപെടലിനും പഠനത്തിനും മാനസികമായി ഒരുക്കുക.
- കൗൺസിലർ വിദ്യാർത്ഥികളുടെ വൈകാരിക പ്രശ്നങ്ങളിലും വ്യക്തിപരമായ പ്രശ്നത്തിലും ഇടപെടുമ്പോൾ രഹസ്യ സ്വഭാവം സൂക്ഷിക്കണം.
- അസാധാരണ പെരുമാറ്റം ശ്രദ്ധയിൽപ്പെട്ടാൽ കൂടുതൽ ശ്രദ്ധാപൂർവ്വം മറ്റ് അധികാരികളുടെയും വിദഗ്ധരുടെയും സഹായത്തോടെ പരിഹരിക്കുവാൻ ശ്രദ്ധിക്കുക.
- കൗൺസിലർ, പ്രധാനാധ്യാപകൻ, അധ്യാപകർ, വാർഡൻ എന്നിവരോടൊപ്പം ചേർന്ന് വിദ്യാർത്ഥികൾക്ക് കൈത്താങ്ങ് നൽകുക. വ്യക്തിപരമായി മാർഗ്ഗനിർദ്ദേശം നൽകുക, പ്രശ്നങ്ങളും, കാഴ്ചപ്പാടുകളും മനസ്സിലാക്കി, സഹായിച്ചും സംഘർഷം ലഘൂകരിച്ചും, വെല്ലുവിളി ഏറ്റെടുക്കുന്നതിനും അവരുടെ ശക്തി, കഴിവ്, എന്നിവ തിരിച്ചറിയുന്നതിനും സഹായിക്കുക.
- ആരോഗ്യപരവും സുരക്ഷിതവുമായ ബാല്യകാലം ഉറപ്പാക്കുന്നതിനായി, മാനസികവും സാമൂഹികവുമായ കഴിവും ഉത്തരവാദിത്തബോധവും, പ്രതികരണശേഷിയുമുള്ള പുതുതലമുറയെ വളർത്തുന്നതിനു വേണ്ടി കുട്ടികളെ സഹായിക്കുക.

## 10.8 വിദ്യാർത്ഥികളുടെ കടമകൾ, ഉത്തരവാദിത്തങ്ങൾ

- സ്കൂൾ സുരക്ഷക്കും ക്ഷേമത്തിനും വേണ്ടി സ്കൂൾ പ്രിൻസിപ്പൽ, അധ്യാപകർ, രക്ഷിതാക്കൾ, കൗൺസിലർ, എന്നിവർ നൽകുന്ന നിർദേശങ്ങൾ കൃത്യമായി അനുസരിക്കുക.
- സ്കൂളിനു പുറത്തോ, അകത്തോ, പുകയില/ലഹരി പദാർത്ഥം ഇവയുടെ ഉപയോഗം കണ്ടെത്തിയാൽ സ്കൂൾ അധികാരികളെ പരാതിയിലൂടെ അറിയിക്കണം.
- സ്കൂളിലേക്ക് വരുന്ന വഴിയിലോ സ്കൂൾ പരിസരത്തോ സ്കൂൾ കെട്ടിടങ്ങളിലോ സുരക്ഷിതമല്ലെന്ന് തോന്നുന്ന എന്തെങ്കിലും കാണുകയാണെങ്കിൽ അത് ബന്ധപ്പെട്ട അധ്യാപകരെയോ പ്രധാന അധ്യാപകരെയോ അറിയിക്കുക. നടപടിയെടുത്തില്ലെങ്കിൽ വീണ്ടും ഓർമ്മിപ്പിക്കുക.
- മറ്റു കുട്ടികൾക്ക് സഹായം നൽകുന്ന രീതിയിൽ പ്രവർത്തിക്കുക.
- എപ്പോഴും ഉൻമേഷത്തോടെ പ്രവർത്തിക്കുക.
- അവശ്യസന്ദർഭങ്ങളിൽ അധ്യാപകരുടെയോ, കൗൺസിലർമാരുടെയോ രക്ഷിതാക്കളുടെയോ സഹായം സ്വീകരിക്കാൻ മടി കാണിക്കരുത്.
- മുതിർന്ന വിദ്യാർത്ഥികളിൽ നിന്ന് sexual harassment പോലുള്ള അതിക്രമങ്ങൾ ഉണ്ടായാൽ അധ്യാപകരെ അറിയിക്കുകയും അവരുടെ മാർഗ്ഗനിർദേശങ്ങൾ സ്വീകരിക്കുകയും ചെയ്യുക.

## 10.9 അധ്യാപകേതര ജീവനക്കാരുടെ ഉത്തരവാദിത്തങ്ങൾ

- കുട്ടികളുടെ അവകാശവും സുരക്ഷയും ഉറപ്പുവരുത്താൻ എല്ലാ സ്റ്റാഫും കൈത്താങ്ങായി പ്രവർത്തിക്കണം.
- കുട്ടികളുടെ സുരക്ഷയും ക്ഷേമവും ഉറപ്പുവരുത്താൻ അധ്യാപകേതര ജീവനക്കാർ സുരക്ഷാ പദ്ധതിയുടെ എല്ലാ വശങ്ങളും അറിഞ്ഞിരിക്കണം.
- സ്കൂളിലെ എല്ലാ വ്യക്തികളുമായും നല്ല ബന്ധം പുലർത്തുക. വ്യക്തികൾ തമ്മിലുള്ള ശരിയായ ആശയവിനിമയം, സംഘർഷം ഒഴിവാക്കൽ, ക്ഷേമവും സുരക്ഷയും ഉറപ്പാക്കുക എന്നിവയിൽ നല്ല ഇടപെടൽ നടത്തുക.
- ഭൗതികസാഹചര്യങ്ങളുടെ സുരക്ഷ സംബന്ധിച്ച് ജാഗരൂകരായിരിക്കണം.
- സ്കൂളിൽ ഏതെങ്കിലും വ്യക്തിയുടെ പെരുമാറ്റദൂഷ്യം ശ്രദ്ധയിൽപ്പെട്ടാൽ സ്കൂൾ അധികാരിയെ അറിയിക്കുക.
- അടിയന്തരസാഹചര്യങ്ങളിൽ ഒഴിഞ്ഞുപോകുന്നതിനുള്ള മാർഗങ്ങൾ മുൻകൂട്ടി തയ്യാറാക്കുന്നതിന് ബന്ധപ്പെട്ടവരെ സഹായിക്കുക.

## 10.10 സ്കൂൾ നഴ്സ്/ഹെൽത്ത് വർക്കറുടെ ഉത്തരവാദിത്തങ്ങൾ

- നിരന്തരം സ്കൂൾ സന്ദർശിച്ച് കുട്ടികളുടെ ആരോഗ്യപരിശോധന നടത്തണം.
- കുട്ടികളിലെ ആരോഗ്യസംബന്ധമായ പ്രശ്നങ്ങൾ പ്രിൻസിപ്പലിനെ അറിയിക്കുക.
- ശുചിത്വം, പോഷകാഹാരം ഇവയെക്കുറിച്ചുള്ള ബോധവൽക്കരണം നൽകേണ്ടതാണ്.
- ഡോക്ടർ/ നഴ്സ്/ ഹെൽത്ത്‌വർക്കർ ഇവർ കായിക അധ്യാപകരുമായി ആലോചിച്ച് യോഗ, മറ്റ് വ്യായാമങ്ങൾ എന്നിവ കുട്ടികൾക്ക് പരിശീലിപ്പിക്കേണ്ടതാണ്.
- ഡോക്ടർ/ നഴ്സ്/ഹെൽത്ത്‌വർക്കർ സ്കൂളുമായി ചേർന്ന് 'ഫിറ്റ് ഇന്ത്യാ കാംപെയിൻ' പോഷിപ്പിക്കുന്നതിനു വേണ്ടി പാഠ്യേതര ക്ലാസുകൾ നടപ്പിലാക്കേണ്ടതാണ്.
- സ്കൂളുമായി ചേർന്ന് മുഴുവൻ കുട്ടികളുടെയും സ്കൂൾ സ്റ്റാഫിന്റെയും 'വാർഷിക ആരോഗ്യപരിശോധന' നടത്തി മെഡിക്കൽ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. കഴിഞ്ഞ കാലങ്ങളിലെ മെഡിക്കൽ റിപ്പോർട്ട് ഇതോടൊപ്പം സൂക്ഷിക്കേണ്ടതാണ്.
- WIFS പ്രോഗ്രാം പ്രിൻസിപ്പലുമായി സഹകരിച്ച് മോണിറ്റർ ചെയ്യേണ്ടതാണ്.

# ചെക്ക്‌ലിസ്റ്റ്

| ക്രമ നം. | ഇനം | ഉണ്ട് | ഇല്ല |
|---|---|---|---|
| 1. | കുട്ടികളുടെ സുരക്ഷാ-മാർഗ്ഗരേഖ | | |
| 2. | സ്കൂൾ കെട്ടിടവുമായി ബന്ധപ്പെട്ട സുരക്ഷ ഒരുക്കിയിട്ടുണ്ട്. | | |
| 3. | സ്കൂൾ പരിസര സുരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. | | |
| 4. | ലബോറട്ടറി സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കി. | | |
| 5. | ലൈബ്രറി സുരക്ഷ ഉറപ്പാക്കൽ | | |
| 6. | വൈദ്യുതീകരണ സുരക്ഷ ഉറപ്പാക്കൽ | | |
| 7. | ശുചിമുറികൾ സുരക്ഷ ഉറപ്പാക്കൽ | | |
| 8. | പാമ്പുകടി - സുരക്ഷ ഉറപ്പാക്കൽ | | |
| 9 | പേവിഷബാധ - സുരക്ഷ ഉറപ്പാക്കൽ | | |
| 10. | വാഹനങ്ങളുടെ പാർക്കിംഗ് - സുരക്ഷ | | |
| 11. | അഗ്നിസുരക്ഷ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. | | |
| 12. | യാത്രാസുരക്ഷ മുൻകരുതൽ പൂർത്തിയാക്കിയിട്ടുണ്ട്. | | |
| 13. | ലഹരികളിൽ നിന്നുള്ള - സുരക്ഷ ഉറപ്പാക്കൽ | | |
| 14. | ഭക്ഷ്യ സുരക്ഷ - ഉറപ്പാക്കൽ | | |
| 15. | ആരോഗ്യ സുരക്ഷ - ഉറപ്പാക്കൽ | | |
| 16. | പ്രഥമ ശുശ്രൂഷ - ഉറപ്പാക്കൽ | | |
| 17. | ലൈംഗികാതിക്രമങ്ങളിൽ നിന്നുള്ള സുരക്ഷ - ഉറപ്പാക്കൽ | | |
| 18. | സൈബർസുരക്ഷ - ഉറപ്പാക്കൽ | | |

Principal/Headmaster Name
Signature :

Date :

**References**

1. Manual on School Safety and Security of children in schools issued by the National Commission for Protection of Child Rights (NCPCR) (https://ncpcr.gov.in)

2. School Safety Guidelines by Kerala State Disaster Management Authority (https://sdma.kerala.gov.in)

3. Fire Safety, A Guide for Students by Ministry of Home Affairs, Directorate General FS, CD & HG dt 12/9/25

4. Guidelines on School Safety and Security issued by the Ministry of Education Govt. of India (2021)

5. Standard Treatment Guidelines in Management of Snake Bite by Ministry of Health and Family welfare (https://nhm.gov.in)

6. National Guidelines for Rabies Prophylaxis by National Rabies Control Programme under Ministry of Health and Family Welfare Govt. of India (https://ncdc.mohfw.gov.in)

OFFICE OF THE DIRECTOR GENERAL EDUCATION
Jagathy, Thiruvananthapuram-695014
Phone: 0471-2324601